# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 3 ലക്കം 6 പേജുകൾ 47 സെപ്റ്റംബർ 2022



ഓണപ്പതിപ്പ് 2022

മുണ്ടൂർ കൃഷ്ണൻകുട്ടി കഥാപുരസ്കാര ജേതാക്കളുടെ കഥകൾ

സിആർപി പണിക്കർ കവിതാ പുരസ്കാര ജേതാക്കളുടെ കവിതകൾ

# എഡിറ്റേഴ്സ് പേജ്



പുതിയലക്കം ഓണപ്പതിപ്പാണ്. മാസികയുടെ പുരസ്കാരജേതാക്കൾ കഥകളും കവിതകളുമായി ഓണപ്പതിപ്പിൽ ഒന്നിച്ചിരിക്കുന്നു. മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരം നേടിയവരും സി.ആർ.പി പണിക്കർ സ്മാരക കവിതാപുരസ്കാരം നേടിയവരും തങ്ങളുടെ പുതിയ രചനകളാൽ ഓണപ്പതിപ്പിനെ കാമ്പുള്ളതാക്കിയിട്ടുണ്ട്.

സമകാലികമായ പ്രസക്തവിഷയങ്ങൾ ചർച്ചചെയ്യുന്ന, പത്രപ്രവർത്തകനായ ഫ്രാങ്കോ ലൂയിസിന്റെ പംക്തി, ശ്രദ്ധേയമായ ചില വിരൽപ്പാടുകൾ നമുക്കു മുന്നിൽ തുറന്നിട്ടിട്ടുണ്ട്. ചർച്ച ആവശ്യപ്പെടുന്നുമുണ്ട്. ഓണലഹരിയുടെ ശ്രുതിമധുരവുമായി തേജശ്രീയുടെ 'റിഥം ഓഫ് ലൈഫ്' പംക്തിയും ഓണപ്പതിപ്പിന്റെ ശ്രദ്ധാകേന്ദ്രമാകുന്നു.

വി.പി. ജോൺസിന്റെ 'അശ്വാരൂഢൻ' നോവലിന്റെ ഒരു പഠനം, ഡോ. പി.വി.കൃഷ്ണൻനായരുടെ സവിശേഷ രചനാമികവോടെ ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. 'കാർട്ടൂൺ കേരള'ത്തിൽ ഒരു അതിഥിയും വന്നിരിക്കുന്നു; എം.ആർ. ബാലചന്ദ്രൻ. രാജേശ്വരി തുളസി തുടങ്ങിവച്ച 'കാർട്ടൂൺ കേരളം' കൂടുതൽ ശ്രദ്ധിക്കപ്പെടുന്ന പംക്തിയായി മാറിയിട്ടുണ്ട്. ഒരു തെരുവുനാടകവും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വായന ഏറെക്കുറെ ഡിജിറ്റലൈസ് ചെയ്യപ്പെട്ട ഇക്കാലത്ത്, സർഗരചനകൾ പ്രസിദ്ധപ്പെടുത്തുന്നതിന് വിവിധ പ്ലാറ്റ്ഫോമുകൾ ലഭ്യമാണ്. ഗൗരവതരമായ വായനക്ക് ഉതകുംവിധം സർഗരചനകൾ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിനുകൾക്ക് വായനക്കാർ ഏറിവരുന്നുണ്ട്. പുതിയ എഴുത്തുകാരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്ന പ്രഖ്യാപിത നയമാണ് 'വ്യാപാരകേരളം' മാസികയുടേത്. ഇവരുടെ രചനകൾക്ക് പ്രാമുഖ്യം നൽകുന്നതോടൊപ്പം, കവിതക്കും കഥക്കും പുരസ്കാരങ്ങൾ ഏർപ്പെടുത്തി, എഴുത്തിലെ പ്രതിഭകളെ അവതരിപ്പിക്കുന്നതിനും മാസിക വേദിയൊരുക്കിയിട്ടുണ്ട്.

നാലു നാൾക്കപ്പുറം ഓണദിവസങ്ങളാണ്. മാസികയുടെ എല്ലാ പ്രിയവായനക്കാർക്കും സമൃദ്ധിയുടെ ഓണാശംസകൾ.

**-സി.ആർ.രാജൻ,**
എഡിറ്റർ




**മുഖചിത്രം:**
**അദ്വൈത സുരേഷ്**
**റിലയൻസ് എംബൈബെബ്**
**ബാംഗളൂർ**


ഓഫീസ്:
**വ്യാപാരകേരളം**
**(സമ്പൂർണ്ണ മാസിക)**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ–680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

# കാർട്ടൂൺ കേരളം:





എം.ആർ.ബാലചന്ദ്രൻ

## അകത്താളുകളിൽ

### ലേഖനം/പംക്തി


ഫ്രാങ്കോ ലൂയിസ്: പേജ് 5
തേജശ്രീ: പേജ് 8

**കാർട്ടൂൺ**

എം.ആർ.ബാലചന്ദ്രൻ പേജ് 3
രാജേശ്വരി തുളസി പേജ് 4

**പുസ്തകപരിചയം**

ഡോ. പി.വി.കൃഷ്ണൻനായർ പേജ് 37

**തെരുവുനാടകം**

ചാക്കോ ഡി. അന്തിക്കാട് പേജ് 45

**മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാര ജേതാക്കളുടെ കഥകൾ**

**കഥ**

അനിത ശ്രീജിത്ത് പേജ് 12
ബി.ജോസുകുട്ടി പേജ് 15
കബനി കെ. ദേവൻ പേജ് 18
ബിജു വെളിയനാടൻ പേജ് 21
ടോണി എം. ആന്റണി പേജ് 23
സിന്ധു ഗാഥ പേജ് 24

**സി.ആർ.പി പണിക്കർ സ്മാരക കവിതാ പുരസ്കാര ജേതാക്കളുടെ കവിതകൾ**

**കവിത**

സ്റ്റെല്ല മാത്യു പേജ് 26
ശാന്തി പാട്ടത്തിൽ പേജ് 27
ബഷീർ മുളിവയൽ പേജ് 29
ജിപ്സ വിജീഷ് പേജ് 30
അൽതാഫ് പതിനാറുങ്കൽ പേജ് 31
ഷേർലി തോമസ് പേജ് 32
ശ്യാം തറമേൽ പേജ് 33
ഡോ. കെ.വി. സുമിത്ര പേജ് 34
പൗർണമി വിനോദ് പേജ് 35
രജനി സുരേന്ദ്രൻ പേജ് 36


ജയപ്രകാശ് എറവ് പേജ് 41
മനീഷ പേജ് 42
കൃഷ്ണകുമാർ മാപ്രാണം പേജ് 43
ജയപാലൻ കാര്യാട്ട് പേജ് 44



രാജേശ്വരി തുളസി



# രാജ്ഭവനിൽ കസേരയുദ്ധം





ഫ്രാങ്കോ ലൂയിസ്

**കേ**രളത്തിലും ഗവർണർ യുദ്ധം. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാരുകളോടാണു രാജ്ഭവന്റെ യുദ്ധം. അതായതു ജനങ്ങളോടുതന്നെ. ജനനന്മയ്ക്കും സാമൂഹ്യ നീതിക്കുമായാണോ ഈ പോരാട്ടം? അല്ലെന്നു ബോധ്യമുള്ളവരാണ് ബഹുഭൂരിപക്ഷവും. ഇലയിൽ ചവിട്ടി വഴക്കുണ്ടാക്കുന്നത് എന്തിനെന്ന് ആശയക്കുഴപ്പമുള്ളവരുമുണ്ട്. ഭരണസംവിധാനത്തെ അള്ളുവച്ച് മേലാളരെ സന്തുഷ്ടരാക്കി സ്വന്തം കസേരയും പദവിയും മെച്ചപ്പെടുത്താനുള്ള യുദ്ധമാണിത്.

വരുതിയിലല്ലാത്ത സംസ്ഥാന സർക്കാരുകളെ അട്ടിമറിക്കാൻ എൻഫോഴ്സ്മെന്റ്, സിബിഐ, ആദായനികുതി വകുപ്പ് തുടങ്ങിയ ഭരണഘടനാ സ്ഥാപനങ്ങളെ വേട്ടപ്പട്ടികളാക്കി ദുരുപയോഗിക്കുന്ന സർക്കാരാണു കേന്ദ്രത്തിലുള്ളത്. ഇത്തരം വേട്ടയാടലുകൾക്കു ഗവർണറേയും ഒരു ചക്രായുധമാക്കുന്ന കാഴ്ചയാണ് കുറേക്കാലമായി നാം കാണുന്നത്. കേരളത്തിൽ മാത്രമല്ല, ബിജെപി ഭരണം ഇല്ലാത്ത സംസ്ഥാനങ്ങളിലെല്ലാം ഗവർണർമാരുടെ കൈയിൽ കോടാലി ഏൽപിച്ചിരിക്കുകയാണ് സംഘപരിവാർ സർക്കാർ.

രാജ്യത്തെ രാജ്ഭവനുകൾ കുൽസിത തന്ത്രങ്ങളുടെ പണിപ്പുരകളായി മാറി. ബിജെപിക്കു ഭരണമില്ലാത്ത സംസ്ഥാനങ്ങളിലെ ഭരണ സംവിധാനത്തെ തകിടം മറിക്കുന്ന അട്ടിമറികളാണു മുഖ്യപണി. എംഎൽഎമാരെ ഭീഷണിപ്പെടുത്തിയും വിലകൊടുത്തു കുതിരക്കച്ചവടത്തിലൂടെയും ഭരണം പിടിച്ചെടുക്കൽ വരെയുള്ള ജനാധിപത്യ വിരുദ്ധ പണികൾക്കുള്ള ഒത്താശയും ഒരു പണി തന്നെ. പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, തമി

ഴ്നാട്, ജാർക്കണ്ഡ്, ഡൽഹി, ഇപ്പോൾ ബിഹാറിലും വരെ നാമതു കണ്ടതാണ്. പ്രബുദ്ധ കേരളത്തിലും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ചെയ്യുന്നതു കോടാലിപ്പണി തന്നെ. എംഎൽഎമാരെ വിലയ്ക്കെടുക്കാനാവാത്തതിനാൽ ഭരണം തടസപ്പെടുത്തുക എന്ന കുതന്ത്രം പയറ്റാനേ കഴിയുന്നുള്ളൂവെന്നു മാത്രം.

## ഒപ്പുവയ്ക്കില്ല ?

സർക്കാരിന്റെ 11 ഓർഡിനൻസുകളിൽ ഒപ്പുവയ്ക്കാതെ ഗവർണർ നിയമം ലാപ്സാക്കി. നിയമം പുനസ്ഥാപിക്കാൻ അടിയന്തരമായി നിയമസഭ വിളിച്ചുകൂട്ടി ബില്ലുകൾ പാസാക്കേണ്ടിവന്നു. ഗവർണറുടെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കുന്ന രണ്ടു നിയമങ്ങളാണ് നിയമസഭ പാസാക്കിയത്. സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനത്തിനും അഴിമതിക്കേസിൽ കുറ്റക്കാരെന്നു ലോകായുക്ത വിധിക്കുന്ന ജനപ്രതിനിധികൾക്കെതിരേ നടപടിയെടുക്കാനും ഗവർണർക്കുണ്ടായിരുന്ന അധികാരങ്ങൾ ഇല്ലാതാക്കി. സർക്കാരിന്റെ നിലപാടുകളെ നിരന്തരം വെല്ലുവിളിക്കുന്നതുകൊണ്ടാണ് അങ്ങനെയൊരു നിയമനിർമാണം അനിവാര്യമായത്. ലോകായുക്തയുടെ അധികാരം വെട്ടിക്കുറയ്ക്കുന്നതിൽ ഭന്നാഭിപ്രായമുള്ളവരുണ്ടാകാം.

നിയമസഭ പാസാക്കിയാലും ഗവർണർ ഒപ്പുവച്ചാലേ നിയമത്തിനു സാധുതയാകൂ. നിയമസഭ പാസാക്കിയാലും ഒപ്പുവയ്ക്കില്ലെന്ന ഭീഷണിയാണ് ഇപ്പോൾ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഴക്കുന്നത്. നിയമസഭ പാസാക്കിയ നിയമത്തെ സുപ്രീംകോടതിയുടെ മാർഗദർശനങ്ങൾക്കും ഭരണഘടനയ്ക്കും വിരുദ്ധമെന്നു വ്യാഖ്യാനിച്ച് നിരസിക്കുമെന്നു ഗവർണർതന്നെ പ്രഖ്യാപിച്ചിരിക്കുന്നു. ഇതു ജനാധിപത്യ വിരുദ്ധമാണ്. സംസ്ഥാനത്തു ഭരണസ്തംഭനത്തിന് ഇടയാക്കുകയും ചെയ്യും.

ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ തീരുമാനങ്ങളേക്കാൾ വലുതല്ല ഗവർണറുടെ അധികാരം. ഗവർണർ ജനാധിപത്യ സർക്കാരിനു വിധേയനാണ്. സംസ്ഥാന സർക്കാരിന്റെ തീരുമാനങ്ങൾക്കൊത്തു മുന്നോട്ടു പോകേണ്ട ഭരണഘടനാ ഓഫീസാണു ഗവർണറുടേത്. പിഴവുകളോ വിയോജിപ്പുകളോ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം. തിരുത്തലുകളോടേയോ അല്ലാതേയോ വീണ്ടും സമർപ്പിക്കുന്ന നിയമങ്ങൾ അംഗീകരിച്ച് ഒപ്പുവയ്ക്കാൻ ഗവർണർ ബാധ്യസ്ഥനാണ്.

തമിഴ്നാട്ടിൽ സർവകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കാനുള്ള ഗവർണറുടെ അധികാരം വെട്ടിക്കുറയ്ക്കുന്ന നിയമം നിയമസഭ പാസാക്കി മാസങ്ങളായിട്ടും ഗവർണർ ഒപ്പുവച്ചിട്ടില്ല. എന്നുമാത്രമല്ല, ഏതാനും യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസലർമാരെ ഗവർണർ സ്വന്തം നിലയിൽ നിയമിക്കുകയും ചെയ്തു. നിയമനങ്ങളിൽ സംഘപരിവാർ താൽപര്യങ്ങളാണ് ഗവർണർമാർ സംരക്ഷിക്കുന്നത്. ഇങ്ങനെ ചെയ്യാമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന് എന്തു വില? ജനാധിപത്യം എവിടെ?

## വേണം, നല്ല കസേര

കേരളത്തിൽ ഗവർണർതന്നെ നിയമിച്ച കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ഗോപിനാഥ് രവീന്ദ്രനെയാണ് ക്രിമിനൽ എന്ന് ഇപ്പോൾ അധിക്ഷേപിച്ചത്. മൂന്നു വർഷം മുമ്പ് 2019 ൽ കണ്ണൂർ സർവകലാശാലയിൽ നടന്ന ചരിത്ര കോൺഗ്രസിൽ തന്നെ ആക്രമിക്കാൻ ശ്രമിച്ചെന്നാണ് ഇപ്പോൾ ഉന്നയിക്കുന്ന ആരോപണം. സർക്കാർ കേസെടുത്തില്ലെന്നും ആരോപിക്കുന്നുണ്ട്. പൗരത്വ നിയമം അടക്കമുള്ള വിഷങ്ങളിൽ രാജ്യമെങ്ങും പ്രതിഷേധം കത്തിനിന്ന സാഹചര്യത്തിലായിരുന്നു ചരിത്ര കോൺഗ്രസ് സമ്മേളനം. സമ്മേളനത്തിൽ സംഘപരിവാർ അജണ്ട കുത്തിനിറച്ച ഗവർണറുടെ പ്രസംഗത്തിനിടെ വിയോജിപ്പു പ്രകടിപ്പിച്ച് ചരിത്രകാരനായ ഇർഫാൻ ഹബീബ് എഴുന്നേറ്റുനിന്നു. വിയോജിക്കുന്നവരെ കള്ളക്കേസുകളിൽ ജയിലിലടയ്ക്കണമെന്നാണ് ചെങ്കോലും കിരീടവുമായി അധികാരത്തിലിരിക്കുന്നവരുടെ മോഹം. അതുകൊണ്ടാണ് ഇർഫാൻ ഹബീബിനെ ഗുണ്ടയെന്ന് ഗവർണർ ആക്രോശിച്ചത്.

കേരള സർവകലാശാലാ വൈസ് ചാൻസലർ ഡോ. വി.പി. മഹാദേവൻപിള്ളയെ ചാൻസലറായ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഇംഗ്ലീഷ് അറിയില്ലെന്നു പറഞ്ഞ് അപമാനിച്ചതും ആരും മറന്നിട്ടില്ല. രാഷ്ട്രപതിയായിരുന്ന രാംനാഥ് കോവിന്ദിന് ഒരു ഡോക്റ്ററേറ്റ് നൽകണമെന്ന ആവശ്യം നിരസിച്ചതാണ് കേരള വിസിക്കെതിരേ ഗവർണറുടെ കുതിരകയറ്റത്തിനു കാരണം. അ

ങ്ങനെയൊരു ശുപാർശ എന്തിനായിരുന്നു? ഉപരാഷ്ട്രപതി സ്ഥാനം അടക്കമുള്ള കൂടുതൽ നല്ല പദവികൾക്കുള്ള പടവുകൾ ഒരുക്കാനാണ് രാഷ്ട്രപതിക്കു ഡോക്ടറേറ്റ് നൽകണമെന്ന് ശുപാർശ ചെയ്തതെന്ന ആരോപണമുണ്ട്. ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ഗവർണർ പദവിയിലേക്കു പ്രമോഷൻ കിട്ടിയാലും തരക്കേടില്ല. മികച്ച കസേര കിട്ടാൻ സംഘപരിവാറിന് എന്തു വിടുപണിയും ചെയ്യും. അതിനൊരു പുതുമയുമില്ല. അധികാരത്തിനും മന്ത്രിക്കസേരയ്ക്കും വേണ്ടി പാർട്ടികൾ മാറിമാറി കസേര ഉറപ്പാക്കുകയെന്നതു മാത്രമാണ് പ്രത്യയശാസ്ത്രമെന്ന് ജീവിതരേഖയിലൂടെ തെളിയിച്ചയാളാണ് ഈ ഖാൻ.

## മികച്ച സ്കോർ

കണ്ണൂർ സർവകലാശാലാ വൈസ് ചാൻസലറെ ക്രിമിനലെന്ന് ആക്ഷേപിച്ച ഖാൻ, കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നാക് അക്രഡിറ്റേഷൻ കണ്ണൂർ സർവകലാശാലയ്ക്കു നൽകിയ സ്കോറുകൾ ഒന്നു പരിശോധിക്കണം. വീസി ഗോപിനാഥ് രവീന്ദ്രന്റെ പ്രവർത്തന മികവ് ആ മാർക്കുകളിൽ കാണാം. അധിക്ഷേപിക്കപ്പെട്ട ഡോ. മഹാദേവൻ പിള്ള നയിക്കുന്ന കേരള സർവകലാശാലയും മികച്ച നിലവാരം പുലർത്തിയെന്നാണു യുജിസി റിപ്പോർട്ട്. കേന്ദ്രത്തിലെ സംഘപരിവാറിനു മുന്നിൽ സ്കോറുകൾ മെച്ചപ്പെടുത്താമെന്നു മോഹിച്ചാണ് ഗവർണർ ഖാൻ കേരളത്തിലെ ഭരണസംവിധാനത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്നത്.

സർവകലാശാലകളിലെ ബന്ധു നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ അന്വേഷണക്കമീഷനെ നിയമിക്കുമെന്നു ഗവർണർ വീമ്പിളക്കിയിട്ടുണ്ട്. ആറു വർഷത്തെ ബന്ധു നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഗവർണർക്കു കത്തു നൽകിയിട്ടുമുണ്ട്. അന്വേഷണമെല്ലാം നല്ലതുതന്നെ. യോഗ്യതയില്ലാത്തവരെ കണ്ടെത്തിയാൽ പുറത്താക്കുകതന്നെ വേണം.



സർവകലാശാലകളുടെ പ്രവർത്തനം അടക്കമുള്ള ഭരണസംവിധാനങ്ങളെ ചക്രായുധംകൊണ്ടു തകർത്ത് കേമനാകാമെന്ന് ഒരു ഗവർണറും കരുതരുത്. ഗവർണറെ ചക്രായുധമാക്കി ഭരണത്തെ അട്ടിമറിക്കാമെന്നു സംഘപരിവാറും മോഹിക്കേണ്ട. ജനങ്ങൾ ഇതെല്ലാം തിരിച്ചറിയുന്നുണ്ട്.



# പാട്ടിൽ പൂക്കളുടെ താളവും സുഗന്ധവും

**പൂക്കൾ അവയുടെ നിറവും മണവും ഇളംകാറ്റിലാടുന്ന താളവും കോരിനിറച്ചുവയ്ക്കുന്ന പാട്ടുകളുണ്ട്. ഓണക്കാലമായാൽ മനസുകളിൽ അവയുടെ സൗരഭ്യം തനിയേ വന്നുനിറയും. ആഘോഷപ്പൊലിമയ്ക്ക് ആ പാട്ടുകൾ നൽകുന്ന തുടിപ്പുകൾ കേട്ടറിയണം... പൂക്കളങ്ങളുടെ സമൃദ്ധിയിൽ ഇതാ ചില പൂപ്പാട്ടുകൾ... ഭാവഗായകന്റെ ഓർമക്കുറിപ്പുകളിൽനിന്ന്.**




**തേജശ്രീ**



**പൊ**ന്നുരുകും പൂക്കാലം
നിന്നെ കാണാൻ വന്നു
പൊന്നാട തളിരാട
കാണിക്കയായ് തന്നൂ...

കൂടെവിടെ എന്ന ചിത്രത്തിനുവേണ്ടി എസ്. ജാനകി പാടിയ പാട്ടാണ്. ഈണമിട്ടത് അനശ്വരനായ നമ്മുടെ സ്വന്തം ജോൺസൺ മാസ്റ്റർ. അദ്ദേഹം സംഗീതമൊരുക്കിയ പാട്ടുകളിൽ തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ഈ പാട്ടാണെന്നു പറയുന്നു ഭാവഗായ

കൻ പി. ജയചന്ദ്രൻ.

തന്റെ ആത്മകഥയായ ഏകാന്തപഥികൻ ഞാൻ എന്ന പുസ്തകത്തിലാണ് ജയചന്ദ്രൻ പൂക്കൾ വിരിയുന്ന ഇഷ്ടഗാനങ്ങളെ ഇങ്ങനെ ഓർക്കുന്നത്.

പൊന്നുരുകും പൂക്കാലം എന്ന പാട്ട് ജയചന്ദ്രൻറെ വാക്കുകളിൽ നിത്യസുരഭിയാണ്. പാട്ടിന്റെ ചരണത്തിൽ ജോൺസണും ജാനകിയമ്മയും ചേർന്ന് കാടിനെ താളലയങ്ങളിൽ കാവടിയാടിക്കുന്നത് എത്ര ചേതോഹരമായാണ്! ഇപ്പോഴും ഞാൻ കേൾക്കാൻ ഇഷ്ടപ്പെടുന്ന ഒരു ഗാനമാണത്– ജയചന്ദ്രൻ എഴുതി.

പൂവാക കാടിനു പൊൻകുട ചൂടുകയും കാടാകെ കാവടിയാടുകയും ചെയ്ത പാട്ടാണ്. ഒ.എൻ.വി കുറുപ്പ് എഴുതി പൂവിടർത്തിയ സ്മൃതിരാഗം! ജാനകിയമ്മയുടെ മധുരനാദം എത്രകണ്ട് ആകർഷിക്കാമോ അതിന്റെ പാരമ്യത്തിൽ നിൽക്കുന്നു. യുട്യൂബിൽ ഈ പാട്ടിന് ഇന്നും നിറയെ കേൾവിക്കാരുണ്ട്. കവർ പതിപ്പുകൾ പാടിയൊരുക്കുന്നവരും കുറവല്ല. ഒരിക്കൽക്കൂടി ആ പൂക്കാലം തിരിച്ചുവരുമോ എന്നു ചോദിക്കുന്നു കമന്റുകളിൽ ചിലർ.

ഞാൻ അന്നു (പാട്ടിറങ്ങിയ കാലത്ത്) ജനിച്ചിട്ടുപോലുമില്ല., എന്നാലും പലപ്പോഴായി റേഡിയോയിലും ടിവിയിലുമായി കേട്ട് ഇഷ്ടപ്പെട്ടു, എന്റെ പ്രിയ ഗാനങ്ങളിൽ ഒന്ന് എന്നു വിശേഷിപ്പിക്കുന്നു വേറൊരാൾ. കൂടേറാൻ എന്ന വാക്കിലെ സംഗതി അപാരം തന്നെ എന്നു വിലയിരുത്തുന്നു മറ്റൊരാൾ. പൂമണം കാലാതീതമാകുന്നതുപോലെ പാട്ടുകളും വാടാതെ കൊഴിയാതെ നിൽക്കുന്നു എന്നതിന് ഒരുദാഹരണം മാത്രമാണ് ഇത്.

**കാട്ടുകുറിഞ്ഞിപ്പൂ ചൂടി...**

എൺപതുകളിൽ മലയാള സിനിമയിൽ ഒരുപാടു പാട്ടുകൾ ചെയ്ത സംഗീതസംവിധായകനാണ് ശ്യാം. ബാലചന്ദ്രമേനോന്റെ രാധ എന്ന പെൺകുട്ടി എന്ന ചിത്രത്തിനു വേണ്ടി ശ്യാമിന്റെ ഈണത്തിൽ പാടിയ ഒരു പാട്ടുണ്ട്. വളരെ ലളിതമെങ്കിലും ആർദ്രവും സുന്ദരവുമായ ഒരു ഗാനം– ജയചന്ദ്രൻ വിശേഷിപ്പിക്കുന്ന സുന്ദരഗാനം കാട്ടുകുറുഞ്ഞിപ്പൂവും ചൂടി സ്വപ്നംകണ്ടു മയങ്ങും പെണ്ണ് എന്നുതുടങ്ങുന്നതാണ്.

ചിരിക്കാറില്ല– ചിരിച്ചാലൊരു പൂങ്കുഴലി. ഒരു നാടൻപെണ്ണിനെ വർണിക്കുന്ന, അനായാസം ആർക്കും ആസ്വദിച്ചു പാടാവുന്ന ഗാനമായാണ് ജയചന്ദ്രൻ ഈ പാട്ടിനെ വിശേഷിപ്പിക്കുന്നത്. ഒട്ടേറെ സുന്ദരഗാനങ്ങൾക്കു വരികളെഴുതിയ ആലപ്പുഴ ചിങ്ങോലി സ്വദേശി ദേവദാസാണ് ഈ പാട്ടിൻറെ രചന നിർവഹിച്ചിരിക്കുന്നത്.

ശ്യാം ഈണമിട്ട ആർക്കും ഇഷ്ടമാകുന്ന മറ്റൊരു ഗാനത്തെക്കുറിച്ചും ജയചന്ദ്രൻ വിവരിക്കുന്നു:

കാലം തെളിഞ്ഞു പാടം കനിഞ്ഞു
കള്ളി നിന്റെ കളിചിരിപോലെ...
പൊന്നരളിപ്പൂ നിരത്തി
പൊന്നോണം വിരുന്നുവരും
അരവയർ നിറവയറാകുമ്പോൾ
എനിക്കും നിനക്കും കല്യാണം...

ഇങ്ങനെ ഞാൻ തുടങ്ങുന്ന ഒരു യുഗ്മഗാനമുണ്ട്. ജാനകിയമ്മയാണ് ഈ പാട്ടിലും കൂടെ. ഗ്രാമീണ സങ്കല്പങ്ങളും നാടൻ പ്രേമഭാവങ്ങളും കിനിയുന്ന ഒരു ഗാനം. വളരെ ഗംഭീരം എന്നൊന്നും പറയാനാവില്ലെങ്കിലും ഇഷ്ടമാകുന്ന ഒരു ഗാനമാണിത്. പൊന്നരളിപ്പൂ നിരത്തിയും തുമ്പപ്പൂ കൂനകൂട്ടിയും വിരുന്നുവരുന്ന ഓണവും അതിനു മുന്നോടിയായുള്ള കൊയ്ത്തും മനസിലേക്ക് കൊണ്ടുവരുന്ന തെളിഞ്ഞ വരികൾതന്നെയാണതിന്റെ ഭംഗി– ജയചന്ദ്രന്റെ വാക്കുകൾ. എത്ര മനോഹരമാണ് അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് എന്നുതോന്നും ഈ പാട്ടു വീണ്ടും കേട്ടാൽ.

മലയാളത്തിൽ ഏറ്റവും കൂടുതൽ ഓണപ്പാട്ടുകൾ എഴുതിയ ശ്രീകുമാരൻതമ്പിയുടെ ഭാവനയിൽ വിടർന്നതാണ് ആ വരികൾ. ജയന്റെ ഇടിമുഴക്കം എന്ന ചിത്രത്തിലേതാണ് പാട്ട്.

നാട്ടിൻപുറത്തെ ഓല തിയേറ്ററിൽ മുന്നിൽ ബെഞ്ചിൽ ഇരുന്നു കണ്ട സിനിമ. അന്നൊക്കെ എന്ത് ആവേശമായിരുന്നു ജയന്റെ സിനിമ കാണാൻ. അതൊരു കാലം...ഇനി ഒരിക്കലും തിരിച്ചുകിട്ടാത്ത ബാല്യകാലം. ഓർക്കുമ്പോൾ എവിടെയൊക്കെയോ ഒരു വിങ്ങൽ. ഒരു കൊളുത്തിവലി. ഒരു നെടുവീർപ്പ്. ഇനിയും ഈ കാറ്റിൽ തുഴയുവാൻ എത്രദൂരം– തന്റെ ആ പാട്ടനുഭവം ഒരു കേൾവിക്കാരൻ യുട്യൂബ് കമന്റിൽ പറഞ്ഞുവയ്ക്കുന്നതിങ്ങനെ. പാട്ടും ജീവിതവും ഇഴചേ

രുന്ന നിമിഷം.

സത്യമാണ്, ജീവിതത്തിന്റെ പല കാലങ്ങളെ പല പാട്ടുകൾ അടയാളപ്പെടുത്തിവയ്ക്കുന്നുണ്ട്. റിഥം ഓഫ് ലൈഫ് എന്നു പേരുപറയുന്നതുപോലെ ബാല്യത്തിനും കൗമാരത്തിനും യൗവനത്തിനും ആഘോഷകാലങ്ങൾക്കും സങ്കടക്കടലുകൾക്കും ഓരോ പാട്ടുകൾ. അവയോരോന്നും വീണ്ടും കേൾക്കുമ്പോൾ ഒരു തിരശീലയിലെന്നപോലെ മുന്നിൽ തെളിയുന്ന ഭൂതകാലം. അതു വിടർത്തുന്ന വികാരങ്ങൾ. പാട്ട് വെറും പാട്ടിനുപോകുന്ന സംഗതിയല്ലെന്നു വീണ്ടും മനസുപറയാറില്ലേ...

**കണ്ണാന്തളിയും കാട്ടുകുറിഞ്ഞിയും...**

ശ്യാമിന്റെ രണ്ടു പൂപ്പാട്ടുകളെക്കുറിച്ചുകൂടി ജയചന്ദ്രൻ തന്റെ പുസ്തകത്തിൽ എടുത്തു പറയുന്നുണ്ട്. അനുബന്ധം എന്ന ചിത്രത്തിലെ കണ്ണാന്തളിയും കാട്ടുകുറുഞ്ഞിയുമാണ് ആദ്യത്തേത്. യേശുദാസ് പാടിയ ഗാനം. വരികൾ ബിച്ചു തിരുമലയുടേതാണ്. കണ്ണാന്തളിയുടെ പേരുതന്നെ ഉത്തരകേരളത്തിൽ പലയിടത്തും ഓണപ്പൂവെന്നാണ്. മുമ്പ് തൃക്കാക്കരയപ്പനെ അണിയിച്ചൊരുക്കാൻ കണ്ണാന്തളിപ്പൂക്കൾ ഉപയോഗിച്ചിരുന്നു. ഓണക്കാലത്ത് വിരിയുന്നതിനാലാവണം ഓണപ്പൂവ് എന്ന പേരുവന്നതും. കണ്ണാന്തളിക്കൊപ്പം കാട്ടുകുറുഞ്ഞികൂടി ചേർന്നതോടെ ആ പാട്ടു വിരിയിച്ചുനിർത്തിയ ഭാവപ്രപഞ്ചം എത്ര സുന്ദരം!

ആൾക്കൂട്ടത്തിൽ തനിയേ എന്ന ചിത്രത്തിലെ അല്ലിമലർക്കണ്ണിൽ പൂങ്കിനാവുമാണ് രണ്ടാമത്തേത്. എസ്. ജാനകി പാടിയ ഈ പാട്ടെഴുതിയത് കാവാലം നാരായണപ്പണിക്കരാണ്. കാവ്യഗുണം പാട്ടുകളെ എങ്ങനെ വേറൊരു തലത്തിലേക്ക് ഉയർത്തുമെന്നതിന്റെ ഉദാഹരണങ്ങളാണ് ഈ പാട്ടുകളെന്ന് ജയചന്ദ്രൻ എഴുതുന്നു.

അല്ലിമലർക്കണ്ണിൽ പൂങ്കിനാവും
ചെല്ലച്ചെറുമെയ്യിൽ പൂനിലാവും
കുഞ്ഞിക്കാലിൽ തൊടുന്ന മണ്ണ്
പൂ വിരിഞ്ഞു പുളകംകൊണ്ടു...

എന്നിങ്ങനെയാണ് ആ വരികൾ.

മനസിൽ പാട്ട് പൂക്കളമിടുന്നതു കാണാം.

വസന്തമേ വരൂ...

പ്രതിസന്ധികൾക്കുശേഷം പൊലിമയോടെ ഒരോണക്കാലം അണയുമ്പോൾ ഓണപ്പാട്ടുകളുടെയും പൂപ്പാട്ടുകളുടെയും കണക്കെടുക്കുക ഒട്ടും ലളിതമല്ല. പെട്ടെന്ന് ഓർമയിൽ വിരിയുന്ന ചിലത് സ്വയം മൂളിനോക്കുകമാത്രം ചെയ്യുകയാണ് ഭേദം.

ബഹാരോ ഫൂൽ ബർസാവോ, മേരാ മെഹബൂബ് ആയാ ഹേ..

മുഹമ്മദ് റഫിയുടെ ശബ്ദത്തിൽ ഈ വരികൾ കേൾക്കുമ്പോൾ ഉണ്ടാകുന്ന ഒരനുഭവത്തെ എന്തുപേരിട്ടാണ് വിളിക്കുക! വസന്തമേ, പൂമഴപെയ്യിക്കൂ.., ഇതാ എന്റെ പ്രണയിനി വന്നിരിക്കുന്നു എന്നു ലോകത്തോടു പറയുകയാണ് ഗായകൻ.

അത്തപ്പൂവും നുള്ളി തൃത്താപ്പൂവും നുള്ളി
തന്നാനം പാടി പൊന്നൂഞ്ഞാലിലാടി
തെന്നലേ വാ ഒന്നാനാം കുന്നിലോടി വാ...

എന്നു കൂട്ടുവിളിച്ചത് ഒ.എൻ.വി കുറുപ്പാണ്. പുന്നാരം ചൊല്ലി ചൊല്ലി എന്ന ചിത്രത്തിൽ ജെറി അമൽദേവ് ഈണമിട്ട് യേശുദാസിന്റെയും ചിത്രയുടെയും ശബ്ദത്തിൽ ഈ ഗാനം കേൾക്കുമ്പോൾ ബാല്യം ഓർമിക്കാത്തവർ ചുരുക്കം.

ഓണം വന്നല്ലോ ഊഞ്ഞാലിട്ടല്ലോ
കോടിയുടുത്തല്ലോ ഉണ്ണി ചാടിമറിഞ്ഞല്ലോ
കൂട്ടുകാരേ വരുന്നില്ലേ വീട്ടിലിരുന്നാലോ
സന്ധ്യ വരുംമുമ്പേ ഉണ്ണി പന്തു കളിക്കണ്ടേ...

ഏതാനും വർഷങ്ങൾക്കുമുമ്പ് പുറത്തിറങ്ങിയ ഒരു ഗാനശകലമാണ്. ബിജിബാൽ ഈണമിട്ട് മകൾ ദയ പാടിയ പാട്ട്. ഓണത്തിന്റെ പൂമണം മനസിൽ വരുത്താൻ ഈ കുഞ്ഞുപാട്ടിനും അപാരസുന്ദരമായ കഴിവാണ്. ഒരിക്കൽ കേട്ടാൽ എന്നുമോർമിക്കുന്ന പാട്ട്. അങ്ങനെ ഒരുപാടൊരുപാട് പാട്ടുകൾ. മനസേ, മൂളിത്തുടങ്ങൂ...

പുറത്ത് പൂമഴയും പെരുമഴയുമുണ്ട്. ഇതളടർന്ന് പ്രളയപ്രവാഹത്തിൽ ഒഴുകിയാലും പൂവ് അതിൻറെ നിറവും മണവും എവിടെയെങ്കിലും ബാക്കിവച്ചിരിക്കുമെന്നാണ്. പാട്ടുകൾ ഹൃദയങ്ങളിൽ പറ്റിച്ചേർന്നിരിക്കുന്നതും അങ്ങനെതന്നെ. ●

# മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാര ജേതാക്കളുടെ

# കഥകൾ

അനിത ശ്രീജിത്ത്,
ബി.ജോസുകുട്ടി, കബനി കെ. ദേവൻ,
ബിനു വെളിയനാടൻ,
ടോണി എം. ആന്റണി, സിന്ധു ഗാഥ

# സി.ആർ.പി. പണിക്കർ സ്മാരക കവിതാ പുരസ്കാര ജേതാക്കളുടെ

# കവിതകൾ

സ്റ്റെല്ല മാത്യു, ശാന്തി പാട്ടത്തിൽ, ബഷീർ മുളിവയൽ,
ജിപ്സ വിജീഷ്, അൽത്താഫ് പതിനാറുങ്ങൽ,
ഷേർളി തോമസ്, ശ്യാം തറമേൽ,
ഡോ. കെ.വി.സുമിത്ര,
പൗർണമി വിനോദ്, രജനി സുരേന്ദ്രൻ.

കഥ

# തോന്നലുകളിൽ വരച്ചിട്ട രേഖാചിത്രങ്ങൾ



അനിത ശ്രീജിത്ത്

അരണ്ട മേശവിളക്കിന്റെ വെളിച്ചത്തിൽ ഒരുതരം ഉൻമാദാവസ്ഥയിലെത്തി നിന്ന അയാൾ എന്തൊക്കെയോ പറയുവാനായുകയും സന്തോഷാധിക്യത്താൽ ചില വികൃതമായ ചിരികളായും ശബ്ദനുറുങ്ങുകളായും അത് പുറത്തേയ്ക്കു വരുന്നത് ശ്രദ്ധിച്ച് ആ ഇടുങ്ങിയ മുറിയിലെ ചെറിയ കട്ടിലിൽ തിങ്ങിനിറഞ്ഞു കിടന്ന അവളുടെ ജ്വലിക്കുന്ന മാദക ശരീരമിളക്കി അവൾ ഇടതുകരമുയർത്തി ശബ്ദിക്കരുതെന്ന മുദ്രകാണിക്കുകയും എന്നാൽ ഉള്ളിലെ ഈർഷ്യയെ അകത്തേയ്ക്കു തന്നെ തള്ളിയയച്ച് കണ്ണുകൾ പൂട്ടി, തലയ്ക്കുപിന്നിലെ തലയിണയിലേയ്ക്ക് വലതുകരം കയറ്റിവച്ച് കാലുകൾ പിണച്ച് നീണ്ടു നിവർന്നു കിടന്നു.

ഒരിക്കലും സംഭവിക്കാൻ സാധ്യതയില്ലാത്തതാണീ ദൃശ്യം. കാരണം ഒന്നുപോലും ഇഷ്ടത്തോടെ വരുവാൻ മാത്രം അയാളോട് അല്ലെങ്കിൽ അയാളുടെ ശീലങ്ങളോടോ കഴിവിനോടോ ഒരു താത്പര്യവുമില്ലാത്ത അവളും, കണ്ട നിമിഷംമുതൽ അവളെ മൊത്തമായും അവൾ ചെയ്യുന്നതിനോടും പറയുന്നതിനോടും എന്നുവേണ്ട അയാളെക്കാണുമ്പോൾ വെറുപ്പു നിറയുന്ന ആ നോട്ടത്തോടു പോലും അവനിഷ്ടമായിരുന്നു. ആയിരവും പതിനായിരവുമല്ല കണ്ടതിനു ശേഷമുള്ള ഓരോ നിമിഷവും അവനവളെ സ്നേഹിച്ചു, കാമിച്ചു, കിട്ടാത്തതിന്റെ പകയിൽ മനസ്സിന്റെ മുറിയിലിട്ടവളെ ഞെരിച്ചു കൊന്നു. ആ മരണത്തിൽ പോലുമവൻ അവളിലാഴ്ന്നുകിടന്നു. സിരയിലോടുന്ന ചോരപോലെ !

ഒന്നുംമിണ്ടാതെയുള്ള അവളുടെയാ കടന്നുകയറ്റം അവനിൽ പരിഭ്രമം നിറച്ചു. അവൻ ചാർക്കോളിൽ ഒരു പടം വരയ്ക്കുകയായിരുന്നു. പേപ്പറുകൾ അവിടെല്ലാം ചിതറിക്കിട ന്നിരുന്നു.കൈ നിറയെ കരി പറ്റിനിന്നു . മങ്ങിയ വൈദ്യുതി വിളക്കുപോലെ തന്നെ അവനും മങ്ങിത്തുടങ്ങിയിരുന്നു. മുടിയിഴകളെ മാത്രം കാലം അവിടവിടെ തിളക്കി വെളുപ്പിച്ചു നിർത്തി.



മുകളിലെ വളരെപ്പഴയ ഫാൻ കറങ്ങുന്നതിന്റെ ശബ്ദവും അവളുടെ നനുത്ത ഷിഫോൺസാരി കാറ്റിലിളകുന്ന ശബ്ദവും മാ

ത്രമവിടെ കേട്ടുകൊണ്ടിരുന്നു. അവളെ നോക്കിയപ്പോൾ ആ കണ്ണുകളടച്ച മുഖത്തു നിന്നും ഒന്നും വായിച്ചെടുക്കാനാകാതെ അവൻ മുരടനക്കി. അവൾ അനങ്ങിയതേയില്ല. അവൻ തല തിരിച്ച് അവളടച്ചു പൂട്ടിയ വാതിലിന്റെ കൊളുത്തിലേയ്ക്കും അരണ്ട വെളിച്ചം വിതറുന്ന മേശവിളക്കിന്റെ മങ്ങിയ പുറം ഭാഗത്തേയ്ക്കും നോക്കി. വീണ്ടും ശ്രദ്ധ അവളിലേക്കു വീണു.

അലസമായും എന്നാൽ വലിഞ്ഞു മുറുകിയ മുഖഭാവത്തോടെയും അവൾ കിടക്കുന്നുണ്ടായിരുന്നു. സമൃദ്ധമായ മാറിടമെത്തിയപ്പോൾ ശ്രദ്ധ ഒന്നുലയുകയും വീണ്ടും പരിഭ്രമത്തോടെ അവളുടെ മുഖഭാവം ശ്രദ്ധിക്കുകയും ചെയ്തു.അതിൽ ഒളിഞ്ഞു കിടക്കുന്ന പുച്ഛഭാവം അയാളെ നിരാശവാനാക്കി.നിമിഷ നേരത്തേക്കയാൾ ആകെ അസ്വസ്ഥനാവുകയും പൊടുന്നനെ അവൾക്കരികിലേക്ക് ചാടിക്കയറിയിരിക്കയും ചെയ്തു. അവൾ ഒന്നുഞെട്ടിക്കൺമിഴിച്ച് അയാളെ നോക്കി.ഇത്തവണ പ്രകടമായ പുച്ഛത്തോടെ ഇടം തിരിഞ്ഞ് അയാൾക്കു മുഖം കൊടുക്കാതെ കിടന്നു. അവളുടെ വിടവുകൾ വരച്ചു വച്ചതുപോലെ അയാളെ കൊഞ്ഞനം കുത്തിക്കിടന്നു .

വീർത്തുവന്ന അമർഷവും കാമവും അയാളെ അന്ധനാക്കിയ ആ നിമിഷം അയാൾ അവളുടെമേൽ ചാടിവീണ് സാരിയും അടിവസ്ത്രങ്ങളുമെല്ലാം വലിച്ചും കടിച്ചും പറിച്ചും കീറിയെറിഞ്ഞു. ഒരു ബലാത്ക്കാരത്തിന്റെ സകല പരിഭ്രമവും ധൃതിയും വാശിയും കാമവും അയാളിൽ നിറകവിഞ്ഞൊഴുകി.നൂൽബന്ധമില്ലാതെ അവൾ നഗ്നയാണെന്ന തിരിച്ചറി വെത്തിയപ്പോൾ അയാൾ ഒന്നു നിന്നു. അപ്പോൾ മാത്രമാണയാളത് ശ്രദ്ധിച്ചത് ,അവൾ അല്പംപോലുമെതിർക്കുകയോ ബഹളം കൂട്ടുകയോ എന്തിന് കണ്ണു തുറന്നവനെ നോക്കുക പോലുമുണ്ടായിട്ടില്ല എന്ന്! മുഖത്തെ പുച്ഛരസംമാത്രം അതിന്റെ കൊടുമുടിയിലെത്തിയിരുന്നു. നഗ്നമായ അവളുടെ ഓരോ അവയവവും അതേ പുച്ഛം വഹിച്ചുകൊണ്ടവനെ അവഹേളിച്ചു നിന്നു. ഉടയാത്ത ജ്വലിക്കുന്ന ദേഹത്തിൽ നിന്നും വിയർപ്പിന്റെയും നേർത്ത യുഡികൊളോണിന്റെയുംഗന്ധം വന്നുകൊണ്ടിരുന്നു. അയാൾ അമ്പേ തകർന്നപോലെ കുമ്പിട്ടു നിൽക്കയും തണുത്തൊരു പാമ്പുപോലെ അവളുടെ ദേഹത്തേക്ക് തറയിൽ നിന്നും അടർന്നു വീഴുകയും ചെയ്തു.

അവനെ കുടഞ്ഞെറിഞ്ഞ് എഴുന്നേറ്റ അവൾ മുറിയാകെ നോക്കി. തന്റെ കീറിയ വസ്ത്രങ്ങൾ, ചിതറിക്കിടക്കുന്ന ബ്രഷുകൾ, കടലാസുകൾ, ചാർക്കോൾ, പെയിൻറടർന്ന ഭിത്തി.അവൾ അതെല്ലാം നോക്കി നിന്നു.അവൾക്ക് എന്തിനോ നൊന്തു. കുനിഞ്ഞ് അയാളൂരിയിട്ട ടീഷർട്ടും കാവിമുണ്ടും ചുറ്റി നിന്നപ്പോൾ അവൾക്കയാളെ ആദ്യമായി മണത്തു. ഒരിക്കലും ഉണരാതിരുന്ന ഏതോ ഒരു വികാരത്താൽ അവളയാളെ തിരിഞ്ഞു നോക്കി. ഇരുണ്ട് നഗ്നനായി കമിഴ്ന്നു കിടക്കുന്ന അയാളുടെ ഹൃദയം എങ്ങനെയാണ് മിടിക്കുന്നതെന്നവൾക്കപ്പോൾ മനസ്സിലായി.

പുറത്ത് കാറ്റു വീശുമ്പോൾ ഇലയനങ്ങുന്നതു കേൾക്കാം. ഓടിന്റെപുറത്ത് ചുള്ളിക്കമ്പുകൾ വീഴുന്നുണ്ട്. ഈ രാത്രിയിൽ എത്ര ദൂരം താണ്ടിയാണ് താനിവിടെ വന്നത്! എത്രയോ വർഷങ്ങൾക്കിപ്പുറം ഇത്രമേലിവനെ കീറിയെറിയുവാൻ തനിക്കെന്തൊണർഹത ! ഈ ഏകാന്തതയെ ചോദ്യം ചെയ്യാനും മുറിവേൽപ്പിക്കാനുമായി സമ്പന്നമായ തന്റെ ജീവിതത്തിന്റെ ഹുങ്കു മാത്രമല്ലേ ഇക്കാണിച്ചത്! അത് തീർക്കാൻ ഇവനെമാത്രം തേടിവന്നതിന്റെ അർത്ഥമെന്താണ്? ഏതോ ബന്ധമെന്നാണോ? സൗഹൃദംപോലും പകരാതിരിക്കുന്നത് ബന്ധമാകുന്നതെങ്ങനെ! അവനതിനെ അങ്ങനെ സാധൂകരിക്കാം കാരണം എന്റെ ഉടലുമായി സ്വയം ഉരുത്തിരിച്ചെടുത്തിരിക്കുന്നത് ഒരുതരം ആത്മസമർപ്പണമാണ്. കണ്ണുകൊണ്ടോ കരളുകൊണ്ടോയെന്ന് വേർതിരിച്ചറിയാൻ പറ്റാത്തവിധം ആ ബന്ധത്തിന്റെയാഴം ആ മുറിയിലാകെ തന്റെ പല ചിത്രങ്ങളായിച്ചിതറിക്കിടക്കുന്നു. കടും ചുമപ്പുനിറത്തിൽ ആ ഇരുണ്ട ഭിത്തിയിലാകെ താൻ പടർന്നു കിടക്കുന്നു! ചിലതിൽ ഹൃദയത്തിലേക്കു കയറ്റിയ കഠാരയിലുമുണ്ടവന്റെ കരൾപിളർക്കുന്ന കണ്ണുനീർ.

ഈ പ്രേമത്തെ പുച്ഛിച്ചെറിയുന്നതിൽ താനൊരു കലതന്നെ കണ്ടെത്തിയിരുന്നു. ഒരുതരം ക്രൂരമായ പീഢനകല. അതാണിങ്ങോട്ടുതന്നെ താനീ വണ്ടി തിരിച്ചുവിട്ടത്.ഇക്കണ്ടദൂരം ഓടിച്ചോടിച്ച് തളർന്നപ്പോഴും ക്രൂരമായി സ്വയമാനന്ദിച്ചതും!

അവനെതിരേയുള്ള നിന്ദ്യമായപുച്ഛം. ആഴ്ന്നിറങ്ങാനുള്ള അവന്റെ ആത്മവേദനയെ

പ്പോലും ചോദ്യം ചെയ്തു കൊണ്ടുള്ള ക്രൂരമായ നിരാസം. ഏറ്റവും ക്രൂരയായ ഒരു പീഢകയ്ക്കു മാത്രം സാധ്യമായത്. അല്ലെങ്കിലും സ്നേഹങ്ങളെല്ലാം സ്നേഹിക്കപ്പെടേണ്ടതു തന്നെയാണോ ! തന്റെ നിരാകരണത്തെ പുച്ഛിച്ചെറിഞ്ഞിവന് തലനിവർത്തി നടന്നു പൊയ്ക്കൂടായിരുന്നോ? ഭ്രാന്തമായ സ്നേഹം അടിമകളെയാണോ സൃഷ്ടിച്ചെടുക്കുന്നത്! യുദ്ധസമാനമായ പ്രേമം.

ഉറക്കെക്കൂവാൻ തോന്നി:

'എനിക്കെന്തോ ഇതിനെ പ്രണയമെന്നു വിളിക്കാനിഷ്ടമില്ല.പ്രണയമെന്നത് ഒരേ വികാരത്തിൽപ്പെട്ടുഴലുന്ന ഹൃദയങ്ങൾക്കുവേണ്ടി ഞാൻ മാറ്റി വച്ചിരിക്കുന്നു. പ്രേമവും പ്രണയവും രണ്ടായിത്തന്നെ ഞാൻ വഴി തിരിച്ചുവിടുന്നു. ആത്മാവിന്റെ അന്ത:സത്ത മുഴുവൻ വലിച്ചൂറ്റിയെടുക്കുന്ന സ്നേഹംകൊണ്ട് അവൻ അവന്റെ മോഹങ്ങളുടെ രേഖാചിത്രങ്ങൾ ചമച്ചിരിക്കുന്നു.ഹൃദയത്തിൽ നിന്നും രക്തമൂറ്റി അതിന് നിറവും നല്കിയിരിക്കുന്നു. ഞാനോ ആത്മസത്തയേന്താത്ത വിചിത്രമായ മനോനിലയിൽ അവയെല്ലാം ചവിട്ടിത്തകർത്ത് ആനന്ദനടനമാടുന്നു.സത്യമായും തകർക്കപ്പെട്ടുകിടക്കുന്നതിൽ ആനന്ദിക്കുക തന്നെയാണ്. ശരിക്കും ഞാനാനന്ദിക്കുന്നതെങ്ങനെ തെറ്റാകും! സ്നേഹം പോലെ തന്നെ നിരാകരണവും കല തന്നെയാണ്. ആ കലയിൽ ഞാനഗ്രഗണ്യയാണ്.'

' ഓരോന്നിത്ര ചിന്തിക്കാൻ നിനക്കു ഭ്രാന്താണോ?' എന്ന ഭർത്താവിന്റെ ഒറ്റ ചോദ്യമാണ് എന്നെ ഇവിടെയെത്തിച്ചത്.അയാളോടുള്ള ഭ്രാന്തമായ പ്രണയത്തിൽ ഇറങ്ങിച്ചെന്നവളാണ്. ഈ തകർന്ന് കിടക്കുന്നവനുസമം ഞാനും ഉടഞ്ഞുപോയൊരു ബിംബമാകുന്ന തവിടെ മാത്രമാണ്. ഭർത്താവിനു പ്രിയമുള്ളതുതേടി അയാൾ പോകുന്നതു നോക്കി തകർന്നു നിൽക്കാറുണ്ട്. ചില നേരങ്ങളിൽ മനുഷ്യന്റെ ഇത്തരം വിചാര വികാരങ്ങളുടെ കനമില്ലെങ്കിൽ അവർക്ക് പക്ഷിയെപ്പോലെ പറന്നു പോകാമെന്ന് എനിക്കു തോന്നാറുണ്ട്. ' നിനക്കു ഭ്രാന്താണോ ' എന്ന ഒറ്റച്ചോദ്യത്തിന് 'എനിക്കു ഭ്രാന്തല്ല പ്രാണനെപ്പോലെയുള്ള പ്രണയമാണെന്ന് അത് വേണ്ടാത്ത നോട് പറയാനുള്ള അറപ്പാണെന്നെ ഇവിടെ എത്തിച്ചത്. നിരത്തു വക്കിലിരുന്ന് പേപിടിച്ചു ചിരിക്കുന്നൊരു ഭ്രാന്തിയെപ്പോലെ ഞാനെന്നെ സങ്കല്പിച്ചു നോക്കി.

കുലുങ്ങിച്ചിരിക്കുകയും വഴിയിലേക്കിറങ്ങിനിന്ന് തുണി പൊക്കി മൂത്രവുമൊഴിക്കുന്നൊരുവൾ.. പേനരിക്കുന്നതല മാന്തിപ്പിച്ചി എല്ലാവരെ നോക്കിയും യാചിക്കുന്നൊരുവൾ.. ഇടനേരങ്ങളിൽ ഭംഗിയായിപ്പാടി കാഴ്ചക്കാരെ ഈറനണിയിക്കുന്നൊരുവൾ.. വിശക്കുമ്പോൾ മാത്രം ഒരുണ്ണിയെപ്പോലെ ദയനീയമായി കരഞ്ഞുപോകുന്നൊരുവൾ ഞാനെന്ന ഭ്രാന്തി. സ്നേഹവും പ്രേമവും കാമവും നിരാകരണവും എല്ലാം ഭ്രാന്തു തന്നെ.'

ചുമരിലെക്കൊളുത്തിൽ നിന്നും ഒരു മുഷിഞ്ഞ മുണ്ടെടുത്ത് അവൾ അവന്റെ നഗ്നത മറച്ചു. അവൻ പിൻതിരിഞ്ഞ് അവളുടെ കൈയ്യെത്തിപ്പിടിച്ചു.അതിൽ മുഖമമർത്തിപ്പൊട്ടിക്കരഞ്ഞു.

"എന്നോട് പൊറുക്കൂ '

'ഞാൻ നിന്നോടോ, നീയെന്നോടോ ?'

അവനരികിലായിരുന്നപ്പോൾ മനസ്സിന്റെ ദാർഢ്യം അലിഞ്ഞു പോകുന്നതറിഞ്ഞു. ആർക്കാരോട് പക !

'പരസ്പരം സ്നേഹിക്കാത്ത ഒരുപാടു പേർ ഒന്നിച്ചു ജീവിക്കുന്നിടത്താണ് പകയുണ്ടാകുന്നതല്ലേ? ഒരാൾ തേടുന്നതല്ല അപരനു വേണ്ടത്. നിനക്കു വേണ്ടതല്ല എനിക്കു വേണ്ടത് സത്യത്തിൽ നമ്മളെല്ലാം പല പറവകളെ തേടുന്ന ആകാശം മാത്രമല്ലേ? ആരൊക്കെയോ വരുന്നു പറക്കുന്നു..പോകുന്നു.ഇന്നോ നാളെയോ ഞാൻ വരുമെന്നു നീയും അവൻ വരുമെന്ന് ഞാനും കരുതുമ്പോലെ അല്ലേ? '

അവൻ മുഖമുയർത്താതെ കരഞ്ഞു.

' പുറത്തു പോയി എനിക്കൊരു കുർത്ത വാങ്ങിത്തരൂ ഞാനാ സ്നേഹമർഹിക്കാത്തിടത്തേക്കു തന്നെ പോകട്ടെ'

ഞാനവന്റെ കൈയ്യിൽ അഞ്ഞൂറ് രൂപ വച്ചു കൊടുത്തു.

അവൻ ഡ്രസ്സിട്ട് പുറത്തേക്കിറങ്ങി.

അവിടെ കൂട്ടിയിട്ട ചാർക്കോൾ കഷണങ്ങൾ പൊടിച്ചെടുത്ത് ഞാനെന്റെ മുഖമാകെ പുരട്ടി .അവൻ വരയ്ക്കാനിട്ടിരുന്ന ഹാൻമെയ്ഡ് പേപ്പറിൽ ഞാനെന്റെ മുഖമമർത്തി.

നിഴൽച്ചിത്രം പോലെ എന്റെ ഇരുണ്ട മുഖമതിൽ അടയാളപ്പെട്ടു കിടന്നു.

●



# ജല തർപ്പണം





ബി. ജോസുകുട്ടി

അവർ ഒരു സംഘമായിരുന്നു. കറുത്ത മനുഷ്യർ. കയ്യിൽ ആയുധങ്ങളുമായി അവർ ആ കൂറ്റൻ പാറക്കെട്ട് തുരക്കാൻ ശ്രമിക്കുകയായിരുന്നു. വേനൽ ജ്വാലകൾ അവരുടെ ഉറച്ച ശരീരങ്ങളിൽ വിയർപ്പിന്റെ അരുവി കൾ ഒഴുക്കിക്കൊണ്ടിരുന്നു. പലരും അത്യധ്യാനത്തിന്റെ മൂർച്ചയിൽ തളർന്നു വീണു കൊണ്ടിരുന്നു. അവർക്ക് ആജ്ഞ കൾ നൽകിക്കൊണ്ടിരുന്ന മൂപ്പന്റെ സ്വരം മലമടക്കുകളിൽ പ്രതിധ്വനിച്ചു. ഒടുവിൽ പാറകൾ തുറക്കപ്പെട്ടു. ആഴങ്ങളിൽ നിന്ന് ജലത്തിന്റെ കാലൊച്ചകൾ കേൾക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് ഒരു ഹുങ്കാരത്തോടെ പാറപ്പിളർപ്പിൽ നിന്ന് വെള്ളം കുതിച്ചുയർന്നു. പക്ഷേ അത് വെള്ളമായിരുന്നില്ല. രക്തമായിരുന്നു കടും ചുവപ്പുള്ള രക്തം. പെട്ടെന്ന് ഒരു രാക്ഷസനെപ്പോലെ അലർച്ചയോടെ മൂപ്പൻ ആ രക്തം കുടിക്കാൻ തുടങ്ങി അയാളുടെ അട്ടഹാസം കാടകങ്ങളിൽ കഴുകന്റെ ചിറകടിയൊച്ച പോലെ മുഴങ്ങി. കിഷോർ ചാടിയെഴുന്നേറ്റു. എന്തൊരു ഭീകര സ്വപ്നമായിരുന്നു അത്. യാഥാർത്ഥ്യത്തോട് അടുത്തു നിൽക്കുന്ന ഒരു ദുഃസ്വപ്നം. അയാളിൽ ആശങ്കകളുടെ കാട്ടുപക്ഷികൾ ചേക്കേറിക്കൊണ്ടിരുന്നു...... മറ്റന്നാൾ കറുത്ത വാവാണ്. ഒരു പക്ഷേ, ഒരു ജനതയുടെ പരമ്പരാഗതമായ പ്രാചീനമായ പ്രാകൃത അന്ധവിശ്വാസങ്ങൾ വീണ്ടും പുനരാവിഷ്കരിക്കുന്ന ദിവസം. ശാസ്ത്രത്തിന്റെയും പുതിയ സാങ്കേതികതയുടെ പിൻബലത്തിൽ തങ്ങൾക്ക് ആ ദൗത്യം നിറവേറ്റിയേ

പറ്റൂ, ഇത് കേവലമൊരു ദേശത്തിന്റെ ദാഹം മാത്രമല്ല, പുതിയ കാലത്തെ ഭരണകൂടത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെയും പ്രശ്നമാണ്.

ഏതാണ്ട് ഒരു മാസം മുമ്പാണ് മാധ്യമങ്ങളിൽ വന്ന വാർത്താ ശകലം സൂപ്രണ്ട് തോമസ് ജോസഫ് സർ തന്റെ ശ്രദ്ധയിൽ പ്പെടുത്തിയത്. 'കിഷോർ നമ്മുക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോന്ന് ആലോചിച്ചു നോക്കണം. '

'ഷുവർ സർ, എന്തെങ്കിലും റെമഡിയെക്കുറിച്ച് തീർച്ചയായും ആലോചിക്കാം... കിഷോർ ആത്മവിശ്വാസത്തോടെ പറഞ്ഞു. 'നമ്മുക്കധികം സമയമില്ല, ഇമ്മീഡിയറ്റായി ആക്ഷൻ എടുക്കണം'

സൂപ്രണ്ട് ശ്വാസം വിടാതെ പറഞ്ഞു. വാർത്തയുടെ തലക്കെട്ട് ഇങ്ങനെയായിരുന്നു.

കുടിവെള്ളം കിട്ടാൻ നരബലി

ജില്ലയിലെ ആദിവാസികൾ ദീർഘകാലമായി നേരിടുന്ന കുടിവെള്ള പ്രതിസന്ധിയും ആദിവാസികളുടെ ഊരിൽ ഉണ്ടായിരുന്ന പൊതു കിണറിലെ ജലസ്രോതസ് നഷ്ടപ്പെട്ടതും ഒടുവിൽ അവരുടെയിടയിലെ ഒരു മന്ത്രവാദി ബലി പൂജ നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തിയതും ബലിപൂജയ്ക്ക് ഒരു യുവാവിനെ കുരുതി കൊടുത്ത് ആ രക്തം കിണറിന്റെ ആഴത്തിലേക്ക് ഒഴുക്കണമെന്നും അവിടുത്തെ ഊരുക്കൂട്ടത്തിന്റെ തീരുമാനമാണെന്നുമൊക്കെ ആ വാർത്തയിൽ വിശദീകരിച്ചിരുന്നു. വാർത്ത പുറത്തുവന്നയുടൻ സർക്കാർ പ്രതിനിധികളും രാഷ്ട്രീയക്കാരും ഊരിലെത്തി കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാക്കാമെന്നു പറയുകയും അതനുസരിച്ച് ടാങ്കറിൽ കുടിവെള്ളമെത്തിക്കുകയും ചെയ്തു വെങ്കിലും അതൊന്നും ശാശ്വത പരിഹാരമായില്ല. ശുദ്ധജലവാഹിയായ ടാങ്കർ ലോറികൾക്ക് കാടതിർത്തിയിൽ വരെ എത്താനുള്ള റോഡ് സൗകര്യമേ ഉണ്ടായിരുന്നുള്ളൂ. കന്നാസിലും പാത്രങ്ങളിലുമായി വെള്ളം ചുമന്ന് രണ്ടു മലകൾ കയറിയിറങ്ങി ആദിവാസികൾ വെള്ളം കൊണ്ടുപോകുന്നത് അവർക്കേറെ ഏറെ പ്രയാസമുണ്ടാക്കിയിരുന്നു എന്നതായിരുന്നു സത്യം. അത് സർക്കാരും മനസ്സിലാക്കിയിരുന്നു. എങ്കിലും കുടിവെള്ളത്തിനു വേണ്ടി അവർ ഗൂഢമായി ചെയ്യാൻ ഒരുങ്ങുന്ന പൂജയും മനുഷ്യക്കുരുതി എങ്ങനെയെങ്കിലും തടയണം എന്നു സർക്കാർ നിർദ്ദേശിച്ചിരുന്നു.

' ഇത് എങ്കളുടെ പ്രച്നം ചാമീ, ഊരുക്ക് തണ്ണി കിട്ടാത്തത് എങ്കളുടെ കൊല തെയ്വങ്ങളുടെ ശാപം കൊണ്ടാ, ഉങ്കൾക്ക് അതൊന്നും അറിയാത്, ഇത് എങ്കൾടെ പ്രച്നം ഇതിന് പരിഹാരം ഞാങ്കള് കണ്ടോളാം '

തമിഴും മലയാളവും കലർന്ന ഭാഷയിൽ ഊര് മൂപ്പനത് പറഞ്ഞു പിൻവാങ്ങി.

ഒടുവിൽ മന്ത്രി തന്നെ നേരിട്ടിറങ്ങിയെങ്കിലും അതിനും ഫലം കണ്ടില്ല. മാധ്യമ പ്രവർത്തകരും പരിസ്ഥിതി സംരക്ഷകനും ആദിവാസി ജീവിതത്തെ അടുത്തറിയാവുന്ന ആളുമായ ജയചന്ദ്രനാണ് ചില വസ്തുതകൾ മന്ത്രിയെയും സൂപ്രണ്ടിനെയും അണ്ടർവാട്ട് റിസർച്ച് മേധാവിയുമായ കിഷോറിന്റെയും മറ്റു ഉദ്യോഗസ്ഥരുടെയും സമീപിച്ച് ചില കാര്യങ്ങൾ പറഞ്ഞത്.

' സർ അവരുടെ തീരുമാനം അന്തിമമാണ്. ഏതാണ്ട് നൂറു കൊല്ലം മുമ്പ് കുടി വെള്ളത്തിനു വേണ്ടി അവർ നരബലി നടത്തിയിരുന്നു. കറുത്തനായ ഒരു ചെറുപ്പക്കാരൻ അതിനായി മുന്നോട്ടു വരികയായിരുന്നു. അതിനു ശേഷം കിണറിൽ നിന്നു അവർക്കാവശ്യമുള്ള വെള്ളം ലഭ്യമായിരുന്നു. ഈ അടുത്ത കാലത്താണ് ജല ക്ഷാമമുണ്ടായത്, മാറി വരുന്ന പാരിസ്ഥിതി പ്രശ്നങ്ങളും വന നശീകരണവും ആഗോള താപനവുമൊക്കെയാണ് ഈ ജലക്ഷാമത്തിനു കാരണമെന്നൊക്കെ അവർക്ക് മനസ്സിലാവില്ല. നമ്മൾ എങ്ങനെയൊക്കെ തടയാൻ ശ്രമിച്ചാലും അവർ നരബലി നടത്തും. അതിനുള്ള എല്ലാ ഒരുക്കങ്ങളും അവർ നടത്തിക്കഴിഞ്ഞു. കറുത്ത വാവിലാണ് അവർ നരബലി നടത്തുക. അതിനു വേണ്ടി ഒരു ചെറുപ്പക്കാരനും തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട്. ഊരിനു വേണ്ടി വെള്ളത്തിനു വേണ്ടി ജീവൻ ബലി കൊടുക്കുന്നത് വലിയ പുണ്യമാണെന്ന് അവരുടെ യുവത ചിന്തിക്കുന്നു. ഉടനെ നമ്മുക്കെന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു'

എല്ലാം കേട്ട് കിഷോർ പറഞ്ഞു.

' സർ, ഈ മിഷൻ നമ്മൾ ഏറ്റെടുക്കുന്നു. കറുത്ത വാവ് ഇരുളുന്നതിനു മുമ്പ് ആദിവാസി ഊരിലെ കിണറ്റിലെ ജല ഉറവുകൾ തുറക്കണം. അതിനു വേണ്ടിയുള്ള ഹാർഡ് വർക്കാണ് വേണ്ടത് '

' സത്യത്തിൽ ആദിവാസിലെ ഊരിലെ കിണറ്റിലെ ജലക്ഷാമത്തിന്റെ പ്രതിഭാസമെന്താണ് ?

സൂപ്രണ്ട് ആകാംക്ഷയോടെ ചോദിച്ചു.

‘ സർ, വെള്ളത്തിന് മണ്ണിനു മുകളിലൂടെ മാത്രമല്ല, മണ്ണിനടിയിലൂടെയും ഒഴുകാനാകും. പക്ഷേ അടിയിലെ ഒഴുക്ക് മന്ദഗതിയിലാണ്. മണ്ണിനടിയിലേക്ക് അരിച്ചിറങ്ങുന്ന വെള്ളം പതിയെ താഴേക്കു നീങ്ങും. കുറെ കഴിയുമ്പോൾ ഒരു പ്രത്യേക ആഴത്തിൽ ഇനി വെള്ളം ആഗിരണം ചെയ്യാൻ കഴിയാത്ത അവസ്ഥ വരും. അവിടം ജലപൂരിതമാകുന്നു എന്നു പറയാം. അങ്ങനെ അവിടെ നീരുറവകൾ ഉണ്ടാകുന്നു. ഉറവകളിൽ വളരെക്കാലത്തേക്കുള്ള ജലം ശേഖരിക്കപ്പെടും, ഈ ഉറവുകൾ കണ്ടെത്തലും അതു തുറക്കലുമാണ് നമ്മുടെ വലിയ ദൗത്യം. കിഷോർ പറഞ്ഞു നിർത്തി.

‘ആദിവാസി ഇടങ്ങളിൽ നമ്മുക്കെങ്ങനെ നീരുറവയുടെ സാന്നിധ്യം അറിയാൻ കഴിയും ? സൂപ്രണ്ട് ആകാംക്ഷാഭരിതനായി.

‘ ഉറവ കണ്ടെത്താൻ ഞങ്ങളുടെ മുൻയാത്രകളിൽ ഊരുകാരുടെ പാരമ്പര്യ രീതി തന്നെയാണ് പിന്തുടർന്നത്, ചൂരൽ, വെള്ള കുന്തിരിക്കം, ഞാവൽ, ചെറള, വട്ട എന്നീ സസ്യങ്ങളുടെയും ചിതൽപ്പുറ്റിന്റെയും പോക്കാന്തവളയുടെ സാന്നിധ്യവും ഭൂഗർഭജല സാന്നിധ്യത്തിന്റെ ലക്ഷണങ്ങളായിരുന്നു. ഇതെല്ലാം ഞങ്ങൾ പൊതുക്കി ണറിന്റെ പരിസരത്ത് കണ്ടെത്തുകയും ചെയ്തിരുന്നു സർ ‘

വെൽഡൺ കിഷോർ, ഇത് വലിയ ടാസ്ക് ആണ്. ഇതു വിജയിച്ചാൽ നമ്മുടെ വകുപ്പിന് ഒരു പൊൻതൂവലാകും. സർക്കാരും മറ്റെല്ലാ മിഷനറികളും ഒപ്പമുണ്ട്. ആവശ്യമുള്ള നമ്മുടെ സഹപ്രവർത്തകരെയും കിഷോർ തെരഞ്ഞെടുക്കുക. പിന്നെ, തുടരെ തുടരെ ഓർഡറുകൾ നൽകാൻ മാത്രം ഞാനില്ല. നിങ്ങളുടെ ദൗത്യത്തിനൊപ്പം ഞാനുമുണ്ട്. ആദിവാസി സമൂഹത്തിന്റെ പൊതുക്കിണറിന്റെ ആഴങ്ങളിലേക്ക്... സൂപ്രണ്ട് തോമസ് ജോസഫ് ആത്മവിശ്വാസം നൽകി പറഞ്ഞു.

******

നേരം പുലർന്നത് കറുത്തവാവ് ദിനത്തിലേക്കായിരുന്നു. മന്ത്രിയും സൂപ്രണ്ടും മറ്റു ഉദ്യോഗസ്ഥരും ജാഗരൂകരായിരുന്നു. കിഷോറിന്റെ നേതൃത്വത്തിൽ ലുള്ള ജോലിക്കാർ അമ്പത് റിംഗ് ആഴമുള്ള കിണറ്റിലേക്ക് യന്ത്ര സാമഗ്രികളുമായി ഇറങ്ങിപ്പോയിട്ട് മണിക്കുറുകൾ പിന്നിട്ടു കഴിഞ്ഞിരുന്നു. കിണറിനു ചുറ്റും സുരക്ഷാ വലയം തീർത്തിരുന്നു. പുറത്തു സ്ഥാപിച്ചിട്ടുള്ള മോണിട്ടറിൽ കിണറാഴത്തിലെ പ്രവർത്തനങ്ങൾ അവ്യക്തമായി കാണുന്നുണ്ടായിരുന്നു എല്ലാവരുടെയും മിഴികൾ മോണിട്ടറിൽ തന്നെ. കുറച്ചു മാറി ഊരുക്കൂട്ടം ആകാംക്ഷയോടെ കാത്തു നിന്നു. നനവാർന്ന പ്രതീക്ഷകളോടെ. അധികം ദൂരത്തിലല്ലാതെ ഒരു മരശിഖരത്തിലെ ഏറുമാടത്തിൽ ബലിപുരുഷനായ യുവാവ് ചുവന്ന പട്ടണിഞ്ഞ് ധ്യാനനിമഗ്നനായി ചമ്രം പടഞ്ഞ് ഇരിപ്പുണ്ട്. സന്ധ്യാസമയത്തിനു മുമ്പ് മോണിട്ടറിൽ ജലരേഖകൾ പ്രത്യക്ഷപ്പെട്ടില്ലെങ്കിൽ കുരുതിക്കായി ഒരു ചെറുപ്പക്കാരന് സ്വന്തം ജീവൻ നൽകേണ്ടിവരും.

ഭൂമിയുടെ ആത്മാവിൽ ആർദ്രതയുടെ അടയാളമിട്ട്, വകുപ്പിന്റെ നവസാങ്കേതികതയുടെ ഇടപെടലിൽ മനുഷ്യന്റെ കര സ്പർശത്തിൽ ജൈവവികാരമൂർച്ഛയിൽ ആദിവാസി ഊരിലെ കിണർ ഋതുമതിയായി. ജലഉറവക്കുരുന്നുകളെ ഭൂമി പ്രസവിച്ചിട്ടു. മോണിട്ടറിൽ ജലരേഖകൾ വസന്തത്തിന്റെ ഭൂപടം വരച്ചിട്ടു. ദൗത്യം കഴിഞ്ഞ് ജോലിക്കാർ ഓരോരുത്തരായി പുറത്തു വന്നു. ഒടുവിലായി കിഷോറും.

‘ വെൽഡൺ ഡിയർ ഫ്രണ്ട്സ് , ഇറ്റ്സ് എ ഗ്രേറ്റ് അച്ചീവ്മെൻറ്‘ സൂപ്രണ്ട് കിഷോറിന്റെ കരം കവർന്നു.

മന്ത്രി എല്ലാവരേയും പൊന്നാട അണിയിച്ചു. കിണറിൻ വക്കത്ത് സ്ഥാപിച്ചിരുന്ന പൈപ്പിൽ നിന്നും ജലധാര തുടങ്ങിയിരുന്നു. ഊരുക്കൂട്ടം ആർപ്പുവിളികളോടെ അവരെ വരവേറ്റു.

‘ നിങ്ങളിനി ആരേയും ബലി കൊടുക്കേണ്ട. ഞങ്ങളുടെ വകുപ്പും സഹപ്രവർത്തകരും ഇവിടെ ബലിയായ ർപ്പിച്ചത് ഞങ്ങളുടെ ഇച്ഛാശക്തിയാണ്, മനുഷ്യ ശേഷിയാണ്, ആത്മാർപ്പണത്തോടെയുള്ള അദ്ധ്വാനമാണ്‘

മന്ത്രി അഭിനന്ദനവാക്കുകളായി ഉച്ചത്തിൽ പറഞ്ഞു. പെട്ടെന്ന് ഒരാൾ ഊരുമൂപ്പനൊപ്പം വന്ന് കിഷോറിന്റെ കാൽക്കൽ വീണു കരഞ്ഞു. അത് ആ ബലിപുരുഷനായിരുന്നു. പൊട്ടുന്നനവേ ആകാശത്തിന്റെ ഉറവകളും തുറക്കപ്പെട്ടു തുടർന്ന് മഴ പെയ്യാനും തുടങ്ങി.



# നനവാർന്ന ഓർമ്മകൾ



കബനി കെ ദേവൻ

ഓഫീസിൽ നിന്നിറങ്ങുമ്പോൾ പതിവിലും വൈകി. സാധാരണ കിട്ടാറുള്ള ബസും കിട്ടിയില്ല. അടുത്ത ബസിനുള്ള കാത്തിരിപ്പിന്റെ മുഷിപ്പിനിടയിൽ പുതുതായി തുറന്ന സൂപ്പർ മാർക്കറ്റിലേക്ക് നടന്നു. 'ഉപ്പു തൊട്ട് കമ്പ്യൂട്ടർ വരെ' അവിടെ കിട്ടുമെന്നാണ് ഓഫീസിൽ കൂടെ ജോലി ചെയ്യുന്ന രമണി പറഞ്ഞിട്ടുള്ളത്.

കയറിച്ചെന്നപ്പോൾ ബില്ലിംഗ് കൗണ്ടറിനു മുന്നിലെ പെൺകുട്ടി പരിചയം നടിച്ച് ചിരിച്ച് കാണിച്ചു.

' തേച്ച് കുളിക്കുന്ന ഇഞ്ചയുണ്ടോ ?'

പെൺകുട്ടി ഇടതുവശത്തെ സെക്ഷനിലേക്ക് വിരൽ ചൂണ്ടി.

' അവിടെ കാണുമായിരിക്കും. '

കഴിഞ്ഞയാഴ്ച കുളിപ്പിക്കാൻ ചെന്നപ്പോൾ അമ്മ പറഞ്ഞൊരു ആഗ്രഹമാണ്.

അന്ന്, അമ്മയെ കട്ടിലിൽ നിന്നെഴുന്നേൽപ്പിച്ച് പതുക്കെ കുളിമുറിയിലേക്ക് നടത്തുമ്പോൾ അമ്മ പിന്നെയും മെലിഞ്ഞതായി തോന്നി. ഓരോ ആഴ്ചയും അമ്മയുടെ ഭാരം കുറയുന്നത് അറിയാനാകുന്നുണ്ട്. എല്ലുകൾ ഒന്നൊന്നായി തൊലിപ്പുറത്ത് അടയാളങ്ങൾ കാണിച്ച് തുടങ്ങിയിരുന്നു. കുളിമുറിയിലേക്കുള്ള നടത്തത്തിനിടയിൽ രണ്ടു തവണ കാലു തെന്നി, ഒന്നും വയ്യാണ്ടായി വിലാസിനീ എന്ന് പറഞ്ഞമ്മ ചുമലിലേക്ക് ചാഞ്ഞു.

കുളിമുറിയിൽ സ്റ്റൂളിലിരുത്തി, ഇളം ചൂട് വെള്ളം ദേഹത്തേക്കൊഴിച്ചപ്പോൾ അമ്മ ചിരിച്ചു.

'പണ്ട് നിന്നെ ഞാൻ കുളിപ്പിച്ചിരുന്നത്

ഓർമ്മിണ്ടോ വിലാസിനീ... നിനക്ക് കുളിക്കാൻ എന്തൊരു മടിയാര്ന്നു. പറമ്പിൽ കളിച്ച് തിമർത്ത് വിയർപ്പിൽ മുങ്ങി കുളിക്കാണ്ട് എന്നെ വന്ന് കെട്ടിപ്പിടിക്കുമ്പോ മട്ടലെടുത്ത് ഓടിക്കലാര്ന്നു ഞാൻ. ഓടിച്ച് കിണറ്റിന്റെ അരൂൽ കൊണ്ട് നിർത്തി രണ്ട് തല്ലും തന്ന് വെള്ളം കോരി ഒഴിക്കുമ്പോ നീ ഒച്ചത്തിൽ കരയുന്നതോർമ്മിണ്ടോ... '

കിതപ്പിനിടേലും വിറച്ച് വിറച്ച് അമ്മ ഓർത്തെടുത്ത് പറഞ്ഞപ്പോൾ ഒന്ന് മൂളുക മാത്രമാണ് ചെയതത്. അമ്മയെ കുളിപ്പിച്ച് വേഗം വീട്ടിലേക്ക് മടങ്ങുന്നതിനെപ്പറ്റിയായിരുന്നു ചിന്തിച്ചത്. വീട്ടിൽ കുട്ടികൾ മാത്രമേയുള്ളൂ.

സുധാകരേട്ടൻ ഓഫീസ് വിട്ടിറങ്ങി കൂട്ടുകാർക്കിടയിലെ കമ്പനി കൂടലൊക്കെക്കഴിഞ്ഞ് വീട്ടിലെത്താൻ വൈകും. അത്രനേരം കുട്ടികളെ തനിച്ച് നിർത്താൻ പറ്റില്ല.

പോരാത്തതിന് സുധാകരേട്ടൻ എത്തുമ്പഴേക്ക് രാത്രിയിലേക്കുള്ള ഭക്ഷണവും പാകം ചെയ്യണം. ഇതിനൊക്കെ ഇടയിൽ ഞാനെന്റെ ഓർമ്മകളെ എവിടെയോ കൈവിട്ട് പോയിരുന്നു.

തലയിൽ എണ്ണ തേക്കുമ്പഴാണ് കണ്ടത്, മുടിയത്രയും കൊഴിഞ്ഞ് അമ്മയുടെ തലേയോട് വെളിപ്പെട്ട് തുടങ്ങിയിരുന്നു. ബാക്കിയായ, നര വീണ ഒരു പിടി മുടിയിഴകളിൽ സോപ്പ് പതപ്പിച്ചപ്പോൾ അമ്മ പിന്നെയും ചിരിച്ചു.

'എന്തോരം മുടിയുണ്ടായ തലയാ... വിലാസിനീ ഒന്നെണ്ണിനോക്കിക്കേ ... പത്തെണ്ണം തികച്ചും ഉണ്ടോ ഇപ്പോ ?'

അതിനും മറുപടിയൊന്നും പറഞ്ഞില്ല. ദേഹത്ത് സോപ്പ് പതപ്പിച്ച് തുടങ്ങിയപ്പോൾ എന്തോ ഓർത്ത് കൊണ്ട് അമ്മ മിണ്ടാതെ ഇരുന്നു. എനിക്കും വിനയനും മുലയൂട്ടിയ അമ്മയുടെ മാറിടങ്ങൾ ശുഷ്കിച്ച് പോയിരുന്നു. ഞാനും വിനയനും പത്തു മാസം ചുരുണ്ട് കൂടിക്കിടന്ന അമ്മയുടെ ഉദരം ഉൾവലിഞ്ഞ് ഒട്ടിക്കിടന്നു. ഞങ്ങളെ എടുത്ത് നടന്ന കൈകളിൽ വിറയൽ ബാധിച്ചിരുന്നു. ദിവസേന കുറഞ്ഞ് കൊണ്ടിരിക്കുന്ന

അമ്മയുടെ ഭാരത്തെ പോലും താങ്ങാനാവാതെ കാലുകൾ ശോഷിച്ചിരുന്നു. ആ കാലുകളിൽ താങ്ങിക്കിടത്തിയാവും അമ്മ എന്നെ ആദ്യത്തെ കുളി കുളിപ്പിച്ചിരിക്കുക!

ഓർമ്മകൾ കൈവിട്ട് പോയ ഞാനന്ന് യാന്ത്രികമായി അമ്മയുടെ ക്ഷീണിച്ച ദേഹത്തിലേക്ക് വെള്ളം കോരിയൊഴിച്ചു. ഒരേ കിടപ്പ് കാരണം ചുമലിന് താഴെയായി സ്ഥാനം പിടിച്ചു തുടങ്ങിയ പുണ്ണിലൂടെ സോപ്പു വെള്ളം ഒലിച്ചിറങ്ങിയപ്പോൾ മാത്രം അമ്മ ഓർമ്മകളിൽ നിന്നുണർന്ന് എരിച്ചിലിന്റെ ശബ്ദമുണ്ടാക്കി. രോഗവും വാർധക്യവും പരിക്കേൽപ്പിക്കാതിരുന്നത് അമ്മയുടെ ഓർമ്മകൾക്ക് മാത്രമായിരുന്നു.

കുളി കഴിയുമ്പഴേക്ക് തോർത്തുമായി അനിയന്റെ ഭാര്യ ഉഷ കുളിമുറിയുടെ വാതിൽക്കൽ വന്നു നിന്നു.

' ഞാനൊരു നൂറു വട്ടം പറഞ്ഞതാ ചേച്ചീ... ഞാൻ കുളിപ്പിക്കാന്ന്. അമ്മ സമ്മതിക്കണ്ടേ ... ചേച്ചി തന്നെ വരണംന്ന് വാശി. അതെങ്ങനാ... മരുമോൾ എത്രയായാലും മോളാവുലല്ലോ അല്ലേ...' ഉഷയുടെ മുഖത്ത് പരിഭവം.

'എന്റെ ഉഷേ .. അങ്ങനൊന്നുല്ല. എന്നെപ്പോലെന്ന്യാ അമ്മക്ക് നീയും. പിന്ന പ്രായാകുമ്പോ ഇങ്ങനോരോ വാശികൾ കാണിക്കും. അല്ലേപ്പിന്ന എന്റെ വീട്ടിൽ പോയി നിക്കാന്ന് ഞാൻ എത്ര നിർബന്ധിച്ചിട്ടും ഇവിടെത്തന്നെ നിക്കണംന്ന് പറയ്യോ?

ഇടക്കെനിക്ക് തോന്നും എന്നെക്കാൾ അമ്മക്ക് ഇഷ്ടം നിന്നോടാന്ന്.. '

ഉഷ കുളിമുറിയുടെ പരിസരത്ത് നിന്ന് മാറിയപ്പോൾ അമ്മയുടെ കാതിനോട് ചേർന്ന് നിന്ന് ശബ്ദം താഴ്ത്തി ചോദിച്ചു.

' ഉഷ അമ്മേനെ നല്ലോണം നോക്കുന്നില്ലേ?'

' ഓളെന്ന നല്ലോണം തന്ന്യാ നോക്കുന്നേ .. നിന്ക്ക് സംശയൊന്നും വേണ്ട. മിനിഞ്ഞാന്ന് ഉറക്കത്തിന്റെടേൽ അറിയാണ്ട് വയറ്റ്ന്ന് പോയി. കിടക്ക വിരിയൊക്കെ വൃത്തികേടായി. വിനയനോട് പോലും ഒരക്ഷരം പറയാണ്ട് ഓളെന്ന്യാ എല്ലാം വൃത്തിയാക്ക്യേ. ഓളെനക്ക് മോളെന്ന്യാ.. '

അമ്മ അത് പറഞ്ഞപ്പോൾ ഉള്ളിലെവി

ടെയോ ഒരു കുറ്റബോധം കൊളുത്തി വലിച്ചു. കൂടെക്കൊണ്ട് പോയി നിർത്താമെന്നൊക്കെ അമ്മയോട് പറയുന്നുണ്ടെങ്കിലും ഉഷ നോക്കുന്നത് പോലെ അമ്മയെ നോക്കാൻ ആവില്ലെന്ന് എനിക്ക് നന്നായറിയാം. ആഗ്രഹമില്ലാഞ്ഞിട്ടല്ല. ഓഫീസിലെയും വീട്ടിലെയും പണികളും സുധാകരേട്ടന്റെയും കുട്ടികളുടെയും കാര്യങ്ങളും ഒക്കെയായി ഒന്നിനും നേരമില്ലാത്തൊരു ഓട്ടമായി

മാറിയിരുന്നു ജീവിതം. ചിലപ്പോൾ അമ്മക്കും അതറിയാമായിരിക്കാം. അതാകും കൂടെ വരുന്നില്ലെന്ന് അമ്മയും തീരുമാനിച്ചത്.

കണ്ണിൽ നിന്നൊരു തുള്ളി കണ്ണുനീരടർന്ന് അമ്മയുടെ മൂർധാവിൽ വീണു.

"നേരത്തേ ഒഴിച്ച വെള്ളത്തേക്കാൾ പൊള്ളുന്നല്ലോ വിലാസിനീ ഇത്... ഞാൻ നിന്നെ കരയിച്ചോ?'

ഒന്നും പറയാതെ നനഞ്ഞ കുളിമുറി നിലത്ത് അമ്മയോട് ചേ ർന്നിരുന്നു.

'അല്ലേലും കരയാൻ നിന്ക്ക് പണ്ടേ കാര്യൊന്നും വേണ്ടല്ലോ... ഒരിക്ക നിന്നെക്കൂട്ടാണ്ട് ഞാൻ എന്റെ വീട്ടീപ്പോയീന്നും പറഞ്ഞ് ഒരു ദിവസം മുഴുവനിരുന്ന് കരഞ്ഞതോർമ്മിണ്ടോ നിന്ക്ക്? അന്നൊന്നും എന്നെക്കാണാണ്ട് നിന്ക്ക് ഉറങ്ങാൻ പോലും പറ്റില്ലാര്ന്നു.'

അമ്മയിൽ നിന്നൊരു ദീർഘ നിശ്വാസമുയർന്നു. എനിക്കെന്റെ ശ്വാസമെടുപ്പുകൾക്ക് വല്ലാതെ കനം കൂടിയതു പോലെ തോന്നി.

' നീ തന്നെ കുളിപ്പിക്കണംന്ന് അമ്മ വാശി പിടിക്കുന്നതെന്താന്നറിയോ? അങ്ങനെങ്കിലും ആഴ്ചേലൊരിക്ക നിന്നെയൊന്ന് കാണാലോന്ന് വെച്ചിട്ടാ. നിനക്ക് നേരുല്ലാന്ന് അമ്മക്ക് അറിയാഞ്ഞിട്ടല്ല. അമ്മക്കും എന്തേലൊക്കെ വേണ്ടേ മോളേ... '

നനഞ്ഞ, ചുളിഞ്ഞ വിരലുകൾ എന്റെ തലയിൽ തലോടി. തലച്ചോറിനകത്ത്, ഞാൻ കൈവിട്ട ഓർമ്മകളെ അമ്മ വിരലനക്കങ്ങളിലൂടെ തിരിച്ചു പിടിക്കുന്നത് പോലെ തോന്നി. ഏറെക്കാലത്തിന് ശേഷം, ഞാൻ എന്റെയും വിനയന്റെയും കുട്ടിക്കാലത്തെക്കുറിച്ചും അച്ഛനെയും അമ്മയെയും കുറിച്ചും കല്യാണശേഷം എന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങളെക്കുറിച്ചും അച്ഛന്റെ മരണത്തെക്കുറിച്ചും അമ്മ അസുഖമായി കിടപ്പിലായതിനെക്കുറിച്ചുമെല്ലാം ഓർത്തു അന്ന് ...മേലു തോർത്തി കുപ്പായമിടീക്കുമ്പഴാണ് അമ്മ പറഞ്ഞത്.

' അടുത്താഴ്ച വരുമ്പോ എവിട്ന്നേലും കുറച്ച് ഇഞ്ച വാങ്ങീട്ട് വരുവോ നീ ... ഇഞ്ചതേച്ച് കുളിക്കാൻ കൊതി തോന്നുന്നു.'

കൊണ്ടു വരാമെന്ന് ഉറപ്പു കൊടുത്തിട്ടാണ് ഞാനന്ന് ഇറങ്ങിയത്.

പെൺകുട്ടി കാണിച്ച് തന്ന ഭാഗത്ത് റെഡി മെയ്ഡ് ഇഞ്ച പാക്കറ്റുകൾ നിരത്തി വെച്ചിരുന്നു. രണ്ട് പാക്കറ്റെടുത്തു. പ്രായമായവർക്ക് ധരിപ്പിച്ചു കൊടുക്കുന്ന ഒരു പാക്കറ്റ് ഡയപ്പർ കൂടി വാങ്ങി. പണം കൊടുത്ത് സൂപ്പർ മാർക്കറ്റിൽ നിന്നിറങ്ങുമ്പോൾ ഒരു അമ്മയും മകളും അകത്തേക്ക് കയറിപ്പോകുകയായിരുന്നു. എന്നെക്കണ്ടപ്പോൾ മകൾ അമ്മയുടെ കൈ ചേർത്ത് പിടിച്ച്, കണ്ണിറുക്കി ചിരിച്ചു. എവിടെയോ കണ്ടു മറന്നതുപോലെ തോന്നി എനിക്കാ ചിരി. അമ്മയുടെ കൈ ചേർത്ത് പിടിച്ച് നടന്ന വഴികളിലെവിടെയോ ഞാൻ മറന്നു വെച്ച ചിരി തന്നെയല്ലേ അത്..!

ഞാൻ സുധാകരേട്ടനെ വിളിച്ച് ഞാനിന്ന് അമ്മയുടെ കൂടെയാണെന്നും കുട്ടികളെ തനിച്ചാക്കാതെ രാത്രിയിലേക്കുള്ള ഭക്ഷണം വാങ്ങി വേഗം വീട്ടിലേക്ക് പോകണമെന്നും പറഞ്ഞ്, മറുപടിക്ക് കാത്തു നിൽക്കാതെ ഫോൺ കട്ട് ചെയ്തു.

**********

ഇഞ്ച കൊണ്ട് ദേഹത്ത് പതിയെ ഉരസിയപ്പോൾ അമ്മ ചിരിച്ചു.

' വിലാസിനീ, ഞാൻ നിന്നെ ആദ്യായിട്ട് ഇഞ്ച തേച്ച് കുളിപ്പിച്ചതോർമിണ്ടോ നിന്ക്ക്... '

അമ്മ പറഞ്ഞു തുടങ്ങിയപ്പോൾ ഞാനും ചിരിച്ചു. ഓർമ്മകൾക്ക് അന്ന് ഇഞ്ചയുടെ തണുപ്പുണ്ടായിരുന്നു.

●



കഥ

# ആത്മയാനം

ബിനു വെളിയനാടൻ

**മാ**ളിയമ്പുരയ്ക്കൽ തറവാടിന്റെ നിശബ്ദത, ഒരു നിഴൽ പോലെ നാട്ടിലെങ്ങും പരന്നു. തികച്ചും അപ്രതീക്ഷിതമായിരുന്നു മേനോൻ സാറിന്റെ വിയോഗം. വൈകുന്നേരം 6.50 നാണ് സംഭവം. ഫ്ളോറിഡയിൽ നിന്നു വന്ന മകൾ ഡോ. ലീലാ മേനോനെ എയർപോർട്ടിൽ നിന്നു സ്വീകരിക്കാൻ പോയി വന്ന വരവാണ്. പട്ടണത്തിലെ തിരക്കുകഴിഞ്ഞ് വണ്ടി മുന്നോട്ടു നീങ്ങി. വീടെത്താൻ ഇനി കഷ്ടിച്ച് മൂന്നു കിലോമീറ്ററേ വേണ്ടൂ.

വേഗത കുറച്ച് ഇടത്തോട്ടു തിരിഞ്ഞ് ഇടവഴിയിലേയ്ക്ക് കടക്കുമ്പോൾ മേനോൻ സാർ, ഡ്രൈവറോട് പറഞ്ഞു. "ശങ്കരാ. ഒന്ന് നിർത്ത് കാ... ദാ, ഞാനിപ്പം വരുന്നു. ശങ്കരനറിയാം, ഉണ്ണികൃഷ്ണ മേനോൻ സാറിന്റെ ഉണ്ണിയപ്പക്കൊതി! ലീലക്കുഞ്ഞിനും ഉണ്ണിസാറിനെപ്പോലെ ഉണ്ണിയപ്പം വളരെ ഇഷ്ടമാണ്.

റോഡിനപ്പുറത്താണ് ഉണ്ണിയപ്പക്കട, തങ്കപ്പൻ നായരുടെ ഉണ്ണിയപ്പക്കട പണ്ടേ പ്രസിദ്ധമാണ്. ദൂരെ നാടുകളിൽ നിന്നുപോലും ഉണ്ണപ്പം തേടി ആളുകൾ വരാറുണ്ട്. കടയിൽ ചെന്നപ്പോൾ ഉണ്ണിയപ്പം ഉണ്ടാക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു തങ്കപ്പൻ നായർ, "ഉണ്ണിമേനോൻ ഇരുന്നാട്ടെ. നല്ല ചൂട് ഉണ്ണിയപ്പം ഉടൻ തരാം.'

കടയിലെ പഴയ കസേരയിൽ ചാരിയിരുന്ന ബാല്യകാല കഥകളൊക്കെ ചികഞ്ഞെടുക്കുകയാണ് ഉണ്ണിസാർ. ഒന്നാം ക്ലാസ്സുമുതൽ തങ്കപ്പനുമൊന്നിച്ചായിരുന്നു സ്കൂളിൽ പോയിരുന്നത്. കൂട്ടുകാരുമൊത്ത് സ്കൂളിലേയ്ക്കുള്ള കൂട്ടനടത്തവും ചെനച്ച മൂവാണ്ടൻ മാങ്ങാ, ഉന്നം തെറ്റാതെ എറിഞ്ഞിട്ടിരുന്നതും ഉപ്പുകൂട്ടി ചാമ്പങ്ങ തിന്നതുമെല്ലാം ഉണ്ണിസാർ ഒരു ഫ്ളാഷ് ബാക്ക് പോലെ പറഞ്ഞുകൊണ്ടിരുന്നപ്പോൾ തങ്കപ്പൻ നായർ മോണകാട്ടി ചിരിച്ചു.

തുലാവർഷക്കാലത്ത് പുഞ്ചപ്പാടത്ത് മടവീണ പോലെ തങ്കപ്പൻ നായരുടെ പല്ലു പലതും കൊഴിഞ്ഞുപോയിരുന്നു. മടവീണാൽ പിന്നെ പാടത്ത് മഴവെള്ളപ്പാച്ചിലാണല്ലോ. നായർക്ക് ആകെയുള്ള ദുശീലം മുറുക്കിത്തുപ്പലാണ്. മടവീണ മോണയ്ക്കിടയിലൂടെ ചുവന്ന മുറുക്കാൻ നീട്ടിത്തുപ്പിക്കൊണ്ട് നായർ പറഞ്ഞു: "ഉണ്ണി അന്നും വളരെ ശാന്തനായിരുന്നു... ഇന്നത്തേതുപോലെ തന്നെ. ആരോടും വഴക്കിട്ടില്ല. വല്യ കുസൃതികളും ഒന്നുമില്ല.

സംഭാഷണം അധികം നീണ്ടുപോയില്ല. അതിനിടയിൽ ഉണ്ണിയപ്പം പൊതിഞ്ഞ കൈമാറിക്കഴിഞ്ഞു. ഉണ്ണിസാറിന് തങ്കപ്പൻ നായരുടെ വീട്ടിലെ സാഹചര്യം നന്നായി അറിയാവുന്നതു കൊണ്ട് ഉണ്ണിയപ്പം വാങ്ങുമ്പോൾ മറ്റാരുമറിയാതെ അധികം പണം നൽകാറുണ്ട്. അന്നും അതാവർത്തിച്ചു. സതീർഥ്യനാണെങ്കിലും വെറുതെ കൊടുത്താൽ നായർ വാങ്ങില്ല. "എന്നാൽ ശരി തലപ്പാ.. ഞാനിറങ്ങട്ടെ ലീലമോൾ വണ്ടിയിലിരുന്ന് മുഷിഞ്ഞിട്ടുണ്ടാകും. ശരി. പിന്നെ കാണാം

മേനോൻ സാർ യാത്രപറഞ്ഞ് കടയുടെ വെളിയിലേയ്ക്ക് ഇറങ്ങുമ്പോൾ സന്ധ്യയ്ക്ക് ഇരുട്ടു പുതച്ചുതുടങ്ങിയിരുന്നു. കാറിൽ നിന്നിറങ്ങുമ്പോൾ കണ്ണട എടുക്കാൻ മറന്നതുകൊണ്ട് കാഴ്ച ലേശം പിന്നിലായി. നായരുടെ കടയിൽ നിന്ന് ഇറങ്ങിയതും റോഡു ക്രോസ്സുചെയ്ത് കാറിലേക്ക് ഒറ്റയോട്ടമായിരുന്നു. കിഴക്കുനിന്നും പാഞ്ഞുവന്ന സ്വിഫ്റ്റ് ഡിസൈർ, മേനോൻ സാറിനെ തട്ടിയതും മുന്നോട്ട് ആഞ്ഞുവീണ സാറിന്റെ മുകളിലൂടെ, കാറിന്റെ കറുത്ത കാലുകൾ ചവിട്ടി കടന്നു

പോയതും ഞൊടിയിട നേരം കൊണ്ടായിരുന്നത്. കാതടപ്പിക്കുന്ന ശബ്ദം കേട്ടാണ് ലീല മോളും ശങ്കരനും പുറത്തേയ്ക്കു നോക്കിയത്. ചെങ്കൊടിയിൽ പുതച്ചതു പോലെയായി കഴിഞ്ഞിരുന്നു അപ്പോഴേക്കും മേനോൻ സാർ ആശുപത്രിയിൽ എത്തുമ്പോഴും കപ്പൽപ്പം ബാക്കിനിൽക്കുന്ന വെള്ളത്താടിയ്ക്ക് ഇടയിലൂടെ ശാന്തമായി സംസാരിക്കുന്നുണ്ടായിരുന്നു. സ്വഭാവത്തിലെ ശാന്തത ആ സംഭാഷണത്തിൽ എന്നും നിഴലിച്ചിരുന്നു. "ആക്സിഡന്റ് ഉണ്ടായത് എന്റെ ശ്രദ്ധക്കുറവു കൊണ്ടാ; വണ്ടിക്കാരുടെ കുറ്റമൊന്നുമല്ല കേട്ടോ.

"ലീലമോൾക്ക് ഉണ്ണിയപ്പം തരാൻ പറ്റിയില്ലല്ലോടാ...'

"സന്ധ്യാമോളോട് ആക്സിഡന്റിന്റെ കാര്യമൊന്നും പറയണ്ട കേട്ടോ.. അവൾക്ക്.. അവൾക്കത്... താങ്ങാനാകില്ല.

അതോടെ ആ നാക്കിൽ നിന്നുള്ള വാക്കൂൽപ്പാദനം നിലച്ചു. സന്ധ്യമോളും സരസ്വതിയമ്മയും മക്കളും ആശുപത്രിയിൽ എത്തുമ്പോഴേയ്ക്കും മേനോൻ സാർ ഐ.സി.യുവിൽ കിടന്നു പിടയുകയാണ്. പ്രാണവേദനയ്ക്കിടയിലും മരണഭയലേശമില്ലാതെ... പുഞ്ചിരിച്ചുകൊണ്ടങ്ങനെ

വർഷങ്ങൾ രണ്ടുകഴിഞ്ഞിരിക്കുന്നു. ഇന്ന്. സന്ധ്യാമേനോൻ ഐ.പി.എസ്. താരജാഡകളില്ലാത്ത പോലീസ് ഓഫീസറാണ്. പക്ഷെ ഇന്നെന്തോ കാര്യമായ ഗൗരവത്തിലാണ്. ചിന്തകളിൽ മുഴുകിയിരിക്കുന്നു. കണ്ണിനും കവിളിലും കനം വെച്ചതുപോലെ

കാര്യം മറ്റൊന്നുമല്ല. നാളെ വിഷുവാണ്. ഓരോ വിഷുവും കുട്ടിക്കാലം മുതൽക്കേ മധുരിക്കുന്ന ഓർമ്മകളാണ് സന്ധ്യയ്ക്കും ലീലയ്ക്കും. വിഷു ആഘോഷിക്കാൻ അച്ഛൻ അവധിയെടുത്ത് വരുമായിരുന്നു. അച്ഛൻ കരുതിവയ്ക്കുന്ന കണി വാങ്ങാൻ... അച്ഛനോടൊപ്പം കറികൾ വയ്ക്കാൻ... ക്ഷേത്രത്തിൽ പോകാൻ.. മുറ്റത്തിരുന്ന് കളിക്കാൻ. സന്ധ്യാമേനോൻ ഓർമ്മകളുടെ ചിറകിലേറി. പക്ഷെ, ഇപ്പോൾ രണ്ടുവർഷമായി വിഷുവെന്നു കേൾക്കുമ്പോൾ ഉള്ളിൽ വല്ലാത്തൊരു ആധിയാണ്. അന്ന്, വിഷുവിന്റെ പിറ്റേന്നായിരുന്നല്ലോ.. ഇനിയൊരിക്കലും കണി തരാൻ കഴിയാത്ത നാട്ടിലേയ്ക്ക് അച്ഛൻ പോയത്.

ധ8:36 ജങ, 8/29/2022പ അഴിലഹ ഏലീൃ ഴല: അച്ഛനില്ലാത്ത നാളുകൾ, ചുരുളഴിയാത്ത ദുരൂഹതകളാണ് സന്ധ്യയ്ക്ക് സമ്മാനിച്ചത്. പ്രത്യേകിച്ച് ഒന്നര വയസ്സുള്ള മകൻ സ്വാതിയെക്കുറിച്ചോർക്കുമ്പോൾ... 'കൊച്ചുണ്ണി സാർ' എന്നാണ് അയൽക്കാരെല്ലാരും അവനെ വിളിക്കുന്നത്. ശരിയാണ്, അച്ഛന്റെ അതേ ഛായ, അതേ ചിരി. നോട്ടവും നിൽപ്പുമെല്ലാം അച്ഛനെപ്പോലെ തന്നെ, പക്ഷെ അതിലത് അസാധാരണത്വമൊന്നും ഇല്ലല്ലോ. അതിനുമപ്പുറമുള്ള ചില കാര്യങ്ങളാണ് മനസ്സിലാകാത്തത്. ദുരൂഹത നിറയ്ക്കുന്നത്... പലതും ഉത്തരം കിട്ടാത്ത സംശയങ്ങൾ പിന്നീടൊരിക്കൽ വിഷ്ണുനാരായണൻ സാറിനോട് സംസാരിക്കവെയാണ് 'ആത്മയാന'ത്തെപ്പറ്റി അറിഞ്ഞത്. 'ഇത് ഉണ്ണിസാറിന്റെ ആത്മയാനമാണ്. ആത്മാവിന്റെ യാത്രയാണ് അത്മയാനം. മനസ്സിൽ നിന്ന് മനസ്സിലേയ്ക്കാണ് ആത്മയാനം സംഭവിക്കുന്നത്.'

'അതിന് ചില പ്രത്യേക സാഹചര്യങ്ങളും സമയവും ഒത്തു വരണമ ഉണ്ണിസാർ സ്വാതിയിലേയ്ക്ക് അത്മയാനം നടത്തിയിട്ടുണ്ടാകാമെന്നാണ് സാഹചര്യങ്ങളിൽ നിന്ന് മനസിലാകുന്നത്.

വിഷ്ണു നാരായണൻ നമ്പൂതിരിയുടെ നെറ്റിയിൽ നീട്ടിവരച്ച് ചന്ദനക്കുറിക്കുകീഴെ കണ്ണുകൾ രണ്ടും താനേയടഞ്ഞു. ഒന്നര നിമിഷത്തിന്റെ നിശബ്ദതയെ ഭേദിച്ചുകൊണ്ട് അദ്ദേഹം തുടർന്നു. 'ജനനകാലം വച്ചുനോക്കുമ്പോൾ ഇതൊരു ദിവ്യഗർഭമാണ്, അമ്മയുടെ ഉള്ളിലുരുവാകുന്നത് ആകാശമറിഞ്ഞിരുന്നു. മഴയില്ലാത്ത നേരത്ത് അന്നൊരു വെള്ളിടി വെട്ടിയിട്ടുണ്ട്. പലതും അസാധാരണത്വം നിറയുന്നതാണ്. ഞാനത് വഴിയേ പറയാം...

'ഒരു കാര്യം ഉറപ്പിക്കാം... നിങ്ങൾ പ്രതീക്ഷിക്കുന്നതിനും അപ്പുറമാണ്. സ്വാതിയുടെ ബൗദ്ധികനില ഗണിതത്തിലും ചരിത്രത്തിലും അവൻ മുന്നേറും. ഉണ്ണിസാറിന് അടുപ്പമുള്ളവരുമായി മുൻപരിചയം ഉള്ളതുപോലെ ഇവൻ ഇടപെടും. തൽക്കാലം ആരോടും ഇക്കാര്യം വിശദീകരിക്കേണ്ട. നിങ്ങൾ അച്ഛനുമമ്മയും എന്നും ഭാഗ്യപ്പെട്ടവരായിരിക്കും. കുടുംബത്തിന് അഭിവൃദ്ധിയുണ്ടാകും.

വിഷ്ണുസാറിന്റെ പക്കൽനിന്നും വീട്ടിലേയ്ക്ക് ഞങ്ങൾ എത്തുമ്പോൾ മൂത്തമകൾ സൂര്യയുടെ മടിയിരുന്ന് കളിക്കുകയായിരുന്നു സ്വാതി. എന്നെ കണ്ടതോടെ അവൻ വിരിഞ്ഞു ചിരിച്ചു. താടിയില്ലന്നേയുള്ളു. അച്ഛൻ അടുത്തുനിൽക്കുന്നതു പോലെതന്നെ. ●



# ഷേക്സ്പിയർ ജീവിതം പറയുമ്പോൾ



ടോണി എം ആന്റണി

അയാളുടെ വയസിനെക്കാളും ഇരുപതു വർഷം കുറയും ഈ ലൈബ്രറിക്ക്. ബിരുദധാരിയായ ഒരു യുവാവിൽ നിന്നും കാമുകനും, ഭർത്താവും, അച്ഛനും, മുത്തച്ഛനുമായുള്ള അയാളുടെ വളർച്ച സസൂക്ഷം നോക്കി കണ്ടതും ഇവിടത്തെ ഇരിപ്പിടങ്ങളും ഗ്രന്ഥങ്ങളും ആവാം.

പുസ്തകങ്ങളെ വേർതിരിച്ച്, അതിൽ തന്നെ ഗ്രന്ഥകർത്താവിന്റെ പുസ്തകങ്ങളെ വേർതിരിച്ചു വെച്ചിരിക്കുന്ന ഈ ഗ്രന്ഥശാലയിൽ അയാൾക്കിഷ്ടം, "ക്ലാസ്സിക് ഇംഗ്ലീഷ് വില്യം ഷേക്സ്പിയർ" എന്ന വിഭാഗം ആയിരുന്നു.

ഒന്നിനുമല്ലെങ്കിലും, തന്റെ ജീവിതം ഓരോ ഘട്ടത്തിലും, ഷേക്സ്പിയർ കഥാപാത്രങ്ങളുമായി ബന്ധപ്പെട്ടതാണ് എന്ന് അയാൾക്ക് കുറെ കാലമായി തോന്നാറുണ്ട്.

അച്ഛൻ നഷ്ടപെട്ട ബാല്യത്തിൽ അമ്മക്ക് കൂട്ടായി വന്ന ഓരോ പുരുഷനിലും തന്റെ അച്ഛന്റെ ഘാതകരെ തേടിയിരുന്നു എന്നത് സത്യം. സ്കൂളിലും കവലയിലെ കടയിലും അടക്കി പിടിച്ച സംസാരത്തിൽ ആരോ ഇല്ലാതാക്കിയ എന്റെ അച്ഛനെ ഞാൻ പലവട്ടം സ്വപ്നം കണ്ടിരുന്നു. പിന്നെ എന്നോ വായിച്ച ഹാംലെറ്റിന് എന്റെ അതെ ചിന്ത, അതെ മാനസികാവസ്ഥ.

കൂട്ടുപ്രതി അമ്മയാണെന്ന് അറിഞ്ഞപ്പോൾ, മനസാക്ഷികോടതിയിൽ ആ ജെർട്രൂഡിനെ എറിയാൻ വിട്ടിട്ടു പടിയിറങ്ങിയതും പഴംകഥ. ജെർട്രൂഡിന്റെ അതെ വിധി ഒരു വിഷകുപ്പിയിൽ ജീവിതം തീർത്തു എന്നാണ് പിന്നെ എന്നോ അറിഞ്ഞത്.

കിംഗ് ലിയറിലെ എഡ്മണ്ട് ആയി പിന്നെ അലച്ചിൽ, സ്വത്വം മറച്ചു അഭയമായ യജമാനൻ ഷൈലോക്കിന്റെ പുനർജന്മം ധനത്തിലും കർമ്മത്തിലും.

ഒടുവിൽ മാക്ബത്തിനെ പോലെ നേടിയെടുത്ത സ്വപ്നങ്ങൾ, ഓടയിൽ ചവിട്ടിതാഴ്ത്തിയ യജമാനന്റെ മുഖത്തിനു ഡങ്കൻ രാജാവിന്റെ അതെ ഛായ.

കൂട്ട് നിന്ന ലേഡി മാക്ബത്ത്, അയാളുടെ മകളും, പിന്നെ എന്റെ വാമഭാഗവും ആയി വര്ഷങ്ങൾക്കൊടുവിൽ അവൾ ഭ്രാന്തിന്റെ ചിറകിൽ മരണത്തെ പുൽകിയതും, വിധിയുടെ ഷേക്സ്പീരിയൻ വേർഷൻ ആവാം.

പിന്നിൽ നിന്നും കുത്താൻ ഒരിക്കൽ കുഴിച്ചു മൂടിയത് മാന്തി എടുക്കാൻ, ആത്മസുഹൃത്ത് അവനിലെ രഹസ്യത്തിനു വിലപറഞ്ഞു, ആ ബ്രൂട്ടസിനേം ഉറക്കി, ഒരിക്കലും ഉണരാത്ത ഉറക്കം. പിറകിൽ നിന്നും കുത്തേൽക്കുമ്പോ അവൻ പറഞ്ഞിരിക്കും – യൂ... ടൂ...

നേടിയ പ്രൗഢിയിൽ മക്കൾക്കും മരുമക്കൾക്കും രാജാവായിരുന്നു താൻ, ഒരു കിംഗ് ലിയർ. സ്വത്തെന്ന പിടിവള്ളി പോയാൽ താൻ ആരും അല്ലാതാവുമെന്നു അയാൾക്കറിയാം. അതിനാൽ തന്നെ ആർക്കും പിടി കൊടുത്തില്ല ഇതുവരെ.

ഈ അറുപത്തഞ്ചാം പിറന്നാൾ, മക്കൾ ഒരുക്കിയ ആഘോഷം, തനിക്കു പ്രിയപെട്ടതല്ലാം ഒരുക്കി അവർ കാത്തിരിക്കുന്നു. അയാൾ എഴുന്നേറ്റു പതിയെ വീട്ടിലിലേക്കു നടന്നു.

അപ്പോൾ അയാളെ നോക്കി കിംഗ് ലിയർ ചിരിച്ചു, മാക്ബത്ത് ചിരിച്ചു. ഹാംലെറ്റ് ചിരിച്ചു. കാരണം ഗോണേറിലും റീഗനും അയാൾക്കായി കാത്തിരിക്കുന്നു. വിഷത്തിന്റെ രഹസ്യകൂട്ട് ഒരുക്കി വെച്ച് അയാളുടെ സാമ്രാജ്യം പങ്കിട്ടെടുക്കാൻ...

കഥ

# ഓർമ്മപ്പെയ്ത്തിലൊലിക്കുന്ന ഭൂതകാലപ്പീലിത്തുണ്ടുകൾ



സിന്ധു ഗാഥ

മഹാനഗരത്തിലെ അംബരചുംബിയായൊരു കെട്ടിടത്തിലെ ഓഫീസ് മുറിയിലെ ജാലകപ്പഴുതിലൂടെ പുറത്തെ പെരുമഴപ്പെയ്ത്തിലലിഞ്ഞില്ലാതാവുകയായിരുന്നു ഗീതികയുടെ നൊമ്പരചിന്തുകൾ. മനസ്സിൽ ആർത്തലച്ചുള്ള ഓർമ്മപ്പെയ്ത്ത്..

ഇന്നവളുടെ അവസാന ദിനമാണാ ഓഫീസിലെ... യാത്രയയപ്പിൽ അവളെത്തേടിയെത്തിയ സമ്മാനപ്പൊതി...

കൈയിലെ സമ്മാനപ്പൊതിയിലിരുന്നു ചിരിച്ചു കാണിക്കുന്ന ഭൂതകാല മയിൽപ്പീലിത്തുണ്ടുകൾ കണ്ണീർപ്പെയ്ത്തിൽ നനഞ്ഞൊട്ടി..

അറിയില്ല ഇപ്പോഴും ആരായിരുന്നു നീ?

പെയ്യാതെ പോയ പ്രണയമഴമേഘമോ?

ഒരു വാക്ക് പോലും ഉരിയാടിയിട്ടില്ലയെങ്കിലും ഇരു ഹൃദയങ്ങളും ഒരു ജന്മം തന്നെ കൈമാറിയിരുന്നു...

മനക്കടലിലെ തിരയിളക്കത്തിൽ പുഞ്ചിരിയുടെ പൊയ്മുഖത്തിനുള്ളിൽ മറച്ചു വെച്ച നോവിൻ ചെപ്പിന്നിതാ തുറന്നിരിക്കുന്നു...

നാഴികമണി പുറകോട്ടോടി...

അവളുടെ ഓർമ്മക്കാറ്റോടിയണഞ്ഞു കിതപ്പാറ്റിയത് ഒരു മംഗല്യ പന്തലിലായിരുന്നു. അവിടെ നവവധുവായി അവളും. മിന്നു കെട്ടാനായി ഉയർത്തിയ കൈകളിൽ നിന്നും ഊർന്നു വീണ താലിയും പുറകെ പിടഞ്ഞു വീണ വരന്റെ ശരീരവും മാത്രേ അവൾക്കോർമ്മയുള്ളു. സിന്ദൂരം ചാർത്തേണ്ട നെറ്റിയിൽ വീണ ചുടുചോരയുടെ മണം ...

വിവാഹത്തെക്കുറിച്ചുപോലും ചിന്തിക്കാ

ത്ത സമയത്തുണ്ടായ പ്രഹരത്തിൽ കലങ്ങിയൊലിച്ചു പോയ് സ്നേഹവും പ്രണയവും വിവാഹവും എല്ലാം... മനസ്സിന്റെ അടിവേരിളകിയപ്പോൾ കാല് ചങ്ങലയ്ക്കിട്ടു...

നാട്ടുകാരവളെ വട്ടുള്ളവൾ, തലയ്ക്കു സുഖമില്ലാത്തവൾ, ഭ്രാന്തി അങ്ങനെ അങ്ങനെ...

ഭ്രാന്തിന്റെ നാടൻ സ്ത്രീലിംഗപദങ്ങൾ ചാർത്തിക്കൊടുത്തു അവരവൾക്ക് ....

വിധിയുടെ വിളയാട്ടത്തിൽ മുളയിലേ നുള്ളിക്കളഞ്ഞ അനുരാഗത്തിന്റെ വേരിൽ നിന്നും വമിക്കുന്ന അഴുകിയ കിനാക്കളുടെ ഗന്ധം. അന്ന് കൊട്ടിയടച്ച മനസ്സിന്റെ കവാടമാണ്...

വിധിയെ തോല്പിക്കാനായി ഉയിർത്തെഴുന്നേറ്റ മനസ്സിലന്നണിഞ്ഞ ശുഭ്രവസ്ത്രം മാറ്റിയിട്ടില്ലിന്നുവരെ...

കാണാനേരങ്ങളിൽ സംഹാരതാണ്ഡവമാടുന്ന സ്മൃതിപഥങ്ങളെ ഉള്ളിലൊളിപ്പിച്ച കരിങ്കടലാഴങ്ങൾക്കുമേൽ അടിവേരൂന്നിയാണ് അവളുടെ ശാന്തസാഗരത്തിന്റെ തെളിനീരൊഴുകിക്കൊണ്ടിരുന്നത്. അവിടെയാണിന്ന് വേലിയേറ്റമുണ്ടായിരിക്കുന്നത്...

ഇന്നലെകളുടെ വേരറുത്തുകളഞ്ഞ തൊലിപ്പുറത്തേക്ക് നോക്കിനിൽക്കുന്നവളുടെ ചങ്കിൽ നോവിന്റെ മുറിപ്പാടുകളുടെ ഞരക്കങ്ങൾ ഇടമുറിയാതെ പെയ്തിരുന്നു. ചിലപ്പോൾ ഒച്ചയില്ലാതെ ... മറ്റുചിലപ്പോൾ വല്ലാതെ ഒച്ചപ്പെട്ടുകൊണ്ട്.

ഇന്നലെകളിൽ കൊരുത്തുപോയ ഹൃത്തടത്തിൽ മേയുന്ന ഓർമ്മപ്പൈക്കിടാങ്ങൾ, സ്മരണപ്പെയ്ത്തിൽ നനഞ്ഞൊട്ടി കോലായിലേക്ക് കയറുമ്പോൾ പുച്ഛിക്കുന്ന മുഖങ്ങളിലേക്ക് നോട്ടമെത്താതെ മിഴികളെ അനന്തതയിലേക്ക് നട്ടുവയ്ക്കുമ്പോഴും തിരഞ്ഞത് ജീവന്റെ മറുകരയിൽ ചിരിയ്ക്കുന്ന ഒരു മുഖമെങ്കിലും... ഇല്ല, വെന്തുണങ്ങിയ പകൽ, ഒരു തുലാമഴയെ ഞൊറിഞ്ഞുടുക്കുന്നുണ്ട്...

കടലാഴങ്ങളിൽ ഒളിച്ചിരിക്കുന്ന ചുഴികളെ താണ്ടി ഉയരങ്ങളൊന്നൊന്നായി വെട്ടിപ്പിടിച്ചപ്പോഴും അലഞ്ഞുതിരിയുന്ന മനസ്സിന്റെ പിടച്ചിലുകൾ ആരും കാണാതെ ചിരിപ്പൊട്ടുകൾക്കിടയിൽ ഒളിപ്പിച്ചിരുന്നു.

വാക്കുകളില്ലാതെ വരണ്ട ചിന്തകൾ അവൾക്കു ചുറ്റിലും ചിതൽപ്പുറ്റുകളായി രൂപാന്തരപ്പെടുന്നു. ചിതലുകൾ അവളെ തിന്നുന്നതിനെക്കുറിച്ച് അവളോർക്കുന്നു. അപ്പോൾ, അനശ്വരമായ ചില ഓർമ്മകളെച്ചുമന്ന് ഒരാത്മാവ് ദീർഘദൂര യാത്രായ്ക്കിറങ്ങി. തിരിഞ്ഞുനടത്തങ്ങളെ മാത്രമോർമ്മിച്ച്...

മഴയുമ്മവെച്ച വരമ്പിലൂടെ വഴുക്കി വഴുക്കിയുള്ള നടത്തം പോലെയാണ് അവളുടെ കിനാക്കളും ...

ഓർമ്മകൾ കോർത്ത ചിന്തകൾ വെള്ളത്തിൽ, ഗൂഢലിപികളിൽ എഴുതിയിടുന്നുണ്ട്, വളരെ നല്ലക്ഷരക്കൂട്ടങ്ങളാൽ അവനില്ലാത്ത അവളുടെ വിരസമായ പകലുകളെ... നിലാവിലൂടെ അവളെ ഒളികണ്ണിട്ടുനോക്കും അവന്റെ ഓർമ്മപ്പൂക്കും രാവുകളെ ... അകവേവുകളിൽ മരിച്ച അവളുടെ കിനാഭ്രൂണങ്ങളെ...

അസ്തമയമാണ്... ചുവക്കുന്ന പകലിൽ അകമേ കൊഴുത്തുറഞ്ഞ ഏതോ നിർവികാരതയോടെ നിൽക്കുന്ന അവൾക്കുള്ളിലേക്ക് മഴക്കാടുകൾക്കൊപ്പം അവൻ വന്നുനിറയുന്നതുപോലെ...

വാക്കുകൾ അവളുടെ ചങ്കിലിഴഞ്ഞു... അവൾക്കു പറയാൻ കഴിയാതിരുന്ന അവനു കേൾക്കാൻ കഴിയാതെ പോയ വാക്കുകൾ കൂട്ടിവെച്ചതു കൊണ്ടാവാം... ശ്വാസം മുട്ടി ചെറുതായി കിതച്ചു... ആ കിതപ്പിന്റെ നീളം കൂടിക്കൂടി വന്നു.

ഇടവേള അവസാനിച്ചതു പോലെ മുറിയിലേക്ക് മൂകത കൂട്ടമായി കയറി വന്നു... കൂട്ടത്തിൽ രംഗബോധമില്ലാത്ത കോമാളിയും...

അടുത്ത ദിവസത്തെ പത്രത്താളുകളിലെ ചരമകോളത്തിൽ ചിരിച്ചു കൊണ്ടുള്ള പടത്തിനു താഴെയുള്ള കുറിപ്പിങ്ങനെയായിരുന്നു തുടങ്ങിയത് ഒദ്യോഗിക സേവനത്തിൽ നിന്നും വിരമിച്ചു മരണത്തിലേക്ക് യാത്രയായ ഗീതിക...

അതെ... ജീവിതത്തിന്റെ മടുപ്പിക്കുന്ന ലഹരിയുടെ വല്ലാതെ മടുപ്പിക്കുന്നൊരു ചവർപ്പിൽ നിന്നും വഴുതി വീഴാതെ നടന്നു കയറിയ ഒരേയൊരു പടിക്കെട്ട്...

●

# ഉടുത്താൽ മാത്രം ഉലഞ്ഞുപോവുന്ന മുഷിവുകൾ



കവിത

രണ്ടാം പിരീഡ് അടിച്ചു.
അതേ ഉച്ചത്തിലേക്ക് മണിക്കോലൊന്നവളിലും ആഞ്ഞുതട്ടി.
സാർ വരും
ഏഴാം ക്ലാസിലെ
മിനിയുടെ പേന കട്ടോയെന്ന് ആദ്യം ചോദിക്കും
പിറ്റേന്നും
അതിന്റെ പിറ്റേന്നും
ക്ലാസിലെ കുട്ടികൾ കാണാത്ത വരാന്തയിലേക്ക് ഇറക്കിനിർത്തും
ഗാന്ധിജിയുടെ കഥ പറഞ്ഞുതരും
പേന കട്ടതാണെന്ന 'സത്യം'
പറയാൻ നിർബന്ധിക്കും
കക്കാതെ കട്ടെന്ന് പറയാനറിയാതെ അവളും
മിഴിച്ചുനിന്നെന്നു വരും.

മിനിയുടെ പേന കട്ടത്
ഇഞ്ചി ചുരണ്ടിയുണങ്ങിയതുപോലുള്ള അവളുടെ കൈകളാണോ.. ?
അവ അഞ്ചാം ക്ലാസീന്നെണീറ്റ്
ആറും കടന്ന് ഏഴിലെത്തി കക്കാൻ ഒരു സാധ്യതയുമില്ല
ഉപ്പുമാവു മാത്രം തിന്നുന്ന വയറിലേക്ക് നോക്കി
പഞ്ഞത്തരമല്ലേ
പേന കട്ടതല്ലാതെ തരമില്ലാന്നും പറഞ്ഞേക്കും

മിനിയുടെ പേനയ്ക്ക്
അവളുടെ ബുക്കിലേക്കിങ്ങനെ വരാൻ പാടുണ്ടോ.
വയലറ്റു നീർത്തണ്ടിറ്റു വീണ മഷിപോൽ തെളിഞ്ഞ കണ്ണുവെട്ടിച്ച്.
മിനിയുടെ പേന കൊണ്ടാരോ കൃത്യമായി കണക്ക് വെട്ടുന്നുണ്ട്.
ഇഷ്ടത്തോടെന്നവണ്ണം
ഏതോ ബാഗിൽ കയറി വീട്ടിലേക്ക് കൂട്ടുപോവുന്നുണ്ട്.
പാട്ടവിളക്ക് വെട്ടത്തിൽ
സന്തോഷത്തോടെ
അനിയന്റെയോ അനിയത്തിയുടെയോ ബുക്കിൽ
കടുകുമണികളായി പൊട്ടിച്ചിതറുന്നുണ്ട്.
വിരുന്നുവന്ന പേനയുടെ സ്വർണ്ണനിറത്തെ തൊട്ട്
കുമ്മായച്ചുവരൊന്ന് ഓളം കൊള്ളുന്നുണ്ട്.



സ്റ്റെല്ല മാത്യു

ഇതൊന്നും പോരല്ലോ
കള്ളനെ പിടിക്കണമല്ലോ
തൊണ്ടി തെളിവെടുപ്പിന്
മേലാളു മുന്നിൽ
ഹാജരാക്കി തൂലികാമോഷണം അറിയിക്കണമല്ലോ
ഇതവളുടെ മാത്രം മഷിയാണെന്ന് മേലാളും വകവയ്ക്കണമല്ലോ.

ഉടുത്താൽ മാത്രം
ഉലഞ്ഞുപോവുന്ന മുഷിവിൽ നിന്ന്
ഒരുവൾ
അങ്ങനെയങ്ങനെ കരേറിപോയി
ഒറ്റയ്ക്ക് കൊത്തിപ്പറിച്ചിടുന്ന *നാലിതൾപ്പൂവുകൾ
അങ്ങനെയെത്രയെത്ര.

*നാലിതൾപ്പൂവ്- ഇടശ്ശേരി കവിത



യുദ്ധഭൂമിയിലെ കഴുകന്
തന്റെ കണ്ണുകളെ
വിശ്വസിക്കാനായില്ല
ദുശ്ശളയല്ലേയിത്? ഇവൾക്ക് അഭിമാനമില്ലേ?
പേരക്കിടാവിന്റെ
പ്രാണനുവേണ്ടി
ശത്രുവിനോട് യാചിക്കുന്നു...!
ഈ പിഞ്ചു കുഞ്ഞിനെയെങ്കിലും വെറുതെ
വിടണമെന്ന് വിലപിക്കുന്നു.
മഹാരഥിയുടെ ഹൃദയം പിടയുന്നുണ്ടോ?
മിഴികൾ നനയുന്നുണ്ടോ?
സഹോദരിയാണ് വന്നിരിക്കുന്നത്..
നൂറാങ്ങളമാരുടേയും
ഭർത്താവിന്റെയും
മകന്റെയും
ജഡങ്ങൾ
താൻ നേരിൽ കണ്ടതാണല്ലോ!
ഇതിപ്പോൾ എന്താണ്
സംഭവിക്കുകയെന്ന്
കഴുകൻ കാത്തിരിക്കുന്നു.

# ദുശ്ശള @ 21–ാം നൂറ്റാണ്ട്

ഭയമേതുമില്ലാതെ
കടന്നുവരാൻ
നിനക്കു സാധിച്ചതെങ്ങനെ?
എന്നവൻ അമ്പരക്കുന്നതും,
ഏട്ടനെ കാണാനെനിക്കെന്തു ഭയമെന്നനുജത്തി പറയുന്നതും,
സാകൂതം കേൾക്കുകയാണ് കഴുകൻ.
രക്ഷിക്കേണ്ടവൻ തന്നെ ശിക്ഷിച്ചതിന്റെ നീതി
ആരായുന്നുണ്ടവൾ.
ഒരു കുടുംബത്തെ
അനാഥമാക്കിയിട്ട് നീയെന്തു നേടിയെന്ന് ചോദിക്കുന്നുണ്ടവൾ.
പിഞ്ചിളം പൈതലിന്റെ പാൽമണം നോക്കൂ എന്ന്
അവനു നേരെ നീട്ടുന്നുണ്ട്.
ഇവനെയെങ്കിലും വെറുതെ വിടൂയെന്ന് കേഴുന്നുമുണ്ട്.



ശാന്തി പാട്ടത്തിൽ

സഹോദരധർമ്മം മറന്നവൻ
ക്ഷത്രിയ ധർമ്മമാത്രമറിഞ്ഞവൻ,
മഹാബലശാലി,
ആത്മീയ അജ്ഞത
തിരിച്ചറിഞ്ഞോ?
ഗാണ്ഡീവം താഴെവീണോ?
തന്റെ അറിവുകളും
വിദ്യകളും അനേക വർഷമായാർജ്ജിച്ച
അഭ്യാസമുറകളും
വില്ലാളിവീരനെന്നുള്ള പേരും
നിറംകെട്ടുപോകുന്നുവെന്ന് തിരിച്ചറിഞ്ഞോ?
കഴുകൻ  ഗൂഢമായ് പുഞ്ചിരിച്ചു

അവന്റെ വീട്ടിലുമുണ്ട്
സ്ത്രീകൾ :-അപമാനിതർ
ഉറ്റവർ നഷ്ടപ്പെട്ടവർ
അവനത് സഹിക്കാവുന്നതല്ലല്ലോ!
കഴുകൻ ഒന്നുകൂടി ഇളകിയിരുന്നു
എന്നാൽ ദുശ്ശളക്ക്
ഒരു രാജതന്ത്രവുമറിയില്ല
ഒരു സിംഹാസനവും അവളെ കൊതിപ്പിക്കുന്നുമില്ല.
അവൾ കരയുന്നുണ്ട് ചോദ്യശരങ്ങളെയ്യുന്നുണ്ട്

അയാൾക്ക് പശ്ചാത്താപമുണ്ട്.
പക്ഷേ ഉണ്ടായിക്കൂട.
പിഞ്ചു കുഞ്ഞിനെ എടുത്ത് മുത്തം നൽകണമെന്നുണ്ട്
അവളുടെ കണ്ണീർ തുടക്കണമെന്നുണ്ട്
പാടില്ല.
കഴുകൻ പരിഭ്രമിച്ചു

ധർമ്മപാഠങ്ങൾ
വ്യഖ്യാനിക്കുന്നവരെവിടെ?
പാഠഭേദങ്ങൾ തീർക്കുന്നവരെവിടെ?
നിങ്ങളില്ലെങ്കിൽ
ഞാൻ പട്ടിണിയാകും
കഴുകൻ പിടഞ്ഞു

ജ്ഞാനഭാരത്താൽ
അലങ്കരിക്കപ്പെട്ടവൻ
തന്റെആത്മീയ പരാജയത്തിൽ തളർന്നിരിക്കുന്നു
ജീവിതം യുദ്ധഭൂമിയുടെ
വിശാലതയാർന്ന്
ദുശ്ശളയെ അമ്പരപ്പിക്കുന്നു
അവൾ കുഞ്ഞിനെ ചേർത്തു പിടിച്ച്
വിശാലഭൂവിലോടെ
മുന്നോട്ട്തന്നെ നടക്കുന്നു
കഴുകൻ കണ്ണുകളടച്ച്
ഇരുപത്തൊന്നാം നൂറ്റാണ്ടിൽ നിന്നും പറക്കുന്നു



# പച്ച മണ്ണിന്റെ ഗന്ധം

ബഷീർ മുളിവയൽ

ടിക് ടോക്കിന്റെയും,
റീലിന്റെയും വർണ്ണശബളിമയിൽ നിന്ന് മാറി,
സംഗീതത്തിന്റെയും, സംസാരത്തിന്റെയും ആരവങ്ങളിൽ നിന്നൊഴിഞ്ഞ്
നിശബ്ദതയുടെ തുരുത്തിൽ ചെന്നിരിക്കുന്നേരം

പുഴുക്ക് മണങ്ങളിൽ നിന്ന് സാംസ്കരിച്ചെടുത്ത
ശീതീകരണ യന്ത്രത്തണുപ്പിന് പകരം
വയലിൽ നിന്ന് പാറി വന്ന പച്ച മണമുള്ള കാറ്റ്  മൂക്കിൽ തൊടും

അപ്പോളെന്നെ വലയം ചെയ്ത ശൂന്യതയിൽ നിന്ന് മരിച്ചു പോയ
അപ്പൻ കയറി വരും
പഴയത് പോലെ ചളിയുടെ ചേറ്റുമണമാണ്
അപ്പനിപ്പോഴും

മണ്ണിൽ കുഴികുത്തി
മഞ്ഞളും ചേമ്പും, കാവിത്തും
നിധിപോലെ കുഴിച്ചെ ടുക്കും

വീട് വച്ചപ്പോഴും, വഴി വെട്ടിയപ്പോഴും ഞാൻ പിഴുതെടുത്ത
മരങ്ങളുടെ വേരിൽ  മുറിവിൽമരുന്ന് പുരട്ടും പോലെ
വെള്ളം നനച്ചു
ഉറക്കിൽ നിന്ന് വിളിച്ചുണർത്തി  നിവർത്തി നിറുത്തും

പകരമൊന്ന് വെക്കാതെ വെട്ടിയ മരങ്ങളെ ഓർത്തെന്റെ നെഞ്ചിൽ
കുറ്റബോധത്തിന്റെ വേര് വിള്ളല് കീറി പായും

കൊത്തിക്കിളച്ചും, കട്ടയുടച്ചും, കുഴി വെട്ടിയും
നിലമൊരുക്കുമ്പോളുയരുന്ന
പുതുമണ്ണിന്റെ മാദക ഗന്ധത്തിൽ കുളിച്ച്
മണ്ണിൽ വേരുകൾ ആഴ്ത്തി അപ്പൻ പൂക്കുന്നത് നോക്കിനിൽക്കെ
കെട്ടിപ്പിടിക്കണമെന്നൊരാശ മൂക്കും

പിടുത്തം തരാതെ കുതറി മാറി അപ്പൻ
ശൂന്യതയിൽ വിലയം പ്രാപിച്ചാലും
സൂര്യനുദിച്ചിട്ടും മാഞ്ഞു പോകാൻ മടിക്കുന്ന
കോടപോലെ ഉള്ളിലൊരു മൗനം കനക്കും
മൂക്കിൻ തുമ്പിൽ  വാടാതെ നിൽക്കും പച്ചമണ്ണിന്റെ
മാദക ഗന്ധം.



# മീ റ്റൂ



ജിപ്സ വിജീഷ്

ഉടലിനെ , ഉയിരിനെ
കോറിവരഞ്ഞു
കടന്നുപോയവനെ നോക്കി
നിസഹായയായ് കേണു
തൂകിപ്പോയവളെ ആരാണ് കൈക്കുമ്പിളിൽ കോരിയെടുത്തത്?

അത്രമേലുടഞ്ഞു പോയൊരു ഹൃദയം ചേർത്തു വെച്ചു സ്ഫടികം
പോൽ തേച്ചുമിനുക്കി തിരികെ വെച്ചതാരാണ്?

അവൾ , അവൾ തന്നെയാണവളെ കണ്ടെടുത്തത്.
കെട്ടുപോയ സിരകളിൽ തീപടർത്തി
ഇരുളിൽ മറഞ്ഞവന്റെ പേരുച്ചത്തിൽ
സധൈര്യം വിളംബരം ചെയ്തതുമവളാണ്.

'മീ റ്റൂ' വെറുമൊരുയേറ്റുപറച്ചിലല്ല
അഗ്നിയായാളിപ്പടർന്നോളുടെ
തുറന്നു പറച്ചിലാണ്.
വാക്കുകൊണ്ട് നോക്ക് കൊണ്ട്
ഉടൽ മുറിച്ചോർക്കുള്ള ചാട്ടുളിയേറത്രേ !

കവിത



# സന്ദർശകർ



അൽതാഫ് പതിനാറുങ്ങൽ

ഈയിടെയായി
വീട്ടിലെ വൈകുന്നേരങ്ങളിൽ
സന്ദർശകരുടെ തിരക്കാണ്!

അന്യർക്കു പ്രവേശനമില്ലാത്തതിനാലാവാം;
കോളേജ് പടിക്കുള്ളിലെ
ഇത്തിരി സ്വസ്ഥതയുടെ
പകൽ നേരങ്ങളിൽ മാത്രം ഞാൻ,
ഞാൻ ജീവനോടെ ജീവിക്കുന്നത്.
എന്നും അന്തിയാവുമ്പോഴേക്ക്
മരിക്കാറാണ് പതിവ്.

പിറ്റേന്നാൾ
അവധി ദിനമായാൽ
അണിയിച്ചൊരുക്കി
മരവിച്ചു നിൽക്കുന്ന
മരണത്തിന്റെ ആയുസ്സുകൾ
നീണ്ടു നീണ്ടു പോകും.

കണ്ണടയും മുമ്പേ
പടിയിറക്കി വിടാനുള്ള
ഉപ്പാന്റെ ആധിയിലും
ഉത്തരവാദിത്ത ബോധമേറുന്ന
ആങ്ങളമാരുടെ ശാഠ്യങ്ങളിലും
ചിലപ്പോഴൊക്കെ
 വീട് വീടല്ലാതാകും.

ജോത്സ്യന്റെ കവടിയിൽ
ഗ്രഹം മറഞ്ഞും
വീടിന് പെണ്ണനുഗ്രഹമാണെന്ന
പ്രവാചക മൊഴിയ്ക്ക്
പരിണാമം വന്നും
പലപ്പോഴും ഗൃഹമെനിക്ക്
അന്യഗ്രഹമായി തോന്നാറുണ്ട്.

പതിനെട്ടു തികഞ്ഞു
പ്രായം മൂത്തത് കൊണ്ടോ
പഠനം മനസമ്മതത്തിനു
തടസ്സം നിൽക്കാത്തതിലോ
മിഴിനീർ കടവിൽ നിന്നും
നാൽപ്പത്തിയഞ്ചാമത്തെ പുഴയൊലിച്ചു
പുരയാകെ പ്രളയം തീർത്തെങ്കിലും
നാല്പത്തിയാറു കഴിഞ്ഞ
പുയ്യാപ്പിളയുടെ കൂടെ
കെട്ടിച്ചു വിട്ടയന്ന്

വീട്ടിലെ പകലന്തിയിലെല്ലാം
സൽക്കാര പ്രിയരുടെ തിരക്കായിരുന്നു.

കഴുത്തിൽ കനം തൂങ്ങിയ
പട്ടും പുടവയും
പണ്ട ഭണ്ടാരങ്ങളും
തൊട്ടുതലോടി
അനുഗ്രഹമാശംസിക്കാ-
നായിരം പേർ വന്നെങ്കിലും
മനസ്സിനകത്തെ
വൈഷമ്യത്തിൻ നോവറിയാൻ
പേരിനൊരാൾപോലും
ഹൃദയ ജാലക പാളിയിലൊന്ന്
പാളി നോക്കിയതു പോലുമില്ല.

മാല്യം മൂർദ്ധാവിലിട്ടാൽ
തല കുടയുമുടൻ
പാമ്പിതെന്നോതിയന്ധൻ-1
അന്ധനും ബധിരനും മൂകനുമല്ലാതിരുന്നിട്ടും
പെരുമ്പാമ്പ് വരിഞ്ഞു മുറുക്കിയത്
എന്തിന്റെ കുറവുകൊണ്ടാണ്?

മാഞ്ഞു പുതുമ;
 വിവാഹിതയാം മുമ്പ്
ഞാനണിയാറുള്ള ഭംഗികളൊക്കെയും ചോർന്നു
വേനലിൻ ചൂടിൽ വരണ്ടു-2

പേരുകൾ മാഞ്ഞു;
വിളികൾ പോലും.
തങ്കപ്പെട്ടവളേയെന്ന് കുറുകി വിളിച്ചവരിന്ന്
ഒരുമ്പെട്ടവളേയെന്ന് നീട്ടി വിളിക്കുന്നു.

ഉത്തരത്തിൽ കെട്ടിയാടാൻ മാത്രം
സുവർണ്ണ മാല്യമുണ്ടായിട്ടും
പിഞ്ഞിപ്പറിഞ്ഞു
പഴകിദ്രവിച്ച
സാരിത്തുമ്പിലൊടുക്കേണ്ടി-
വന്നതിൽ പിന്നെ
ഈയിടെയായി
വീട്ടിൽ സന്ദർശകരുടെ തിരക്കാണ്.

---

1-മലയാള ശാകുന്തളം
ഏ.ആർ രാജ രാജ വർമ.
2-നഗരത്തിൽ ഒരു യക്ഷൻ
ആറ്റൂർ രവിവർമ.

# അവളിറങ്ങിപ്പോയതിൽപ്പിന്നെ...

കവിത



ഷേർലി തോമസ്


അഴയിലൊരു സാരി
കരഞ്ഞുനനയുന്നുണ്ട്
മഴയിലും വിയർക്കുന്നുണ്ട്.

ഓണമാണത്രേ!
മുറ്റത്ത്
നിലാവുപെയ്യുന്നേയില്ല.

അടുക്കളച്ചുവരുകൾ
മുഷിവിന്റെ ചിത്രങ്ങൾകോറുന്നു,
തണുത്തകിടക്ക
വരാതിരിയ്ക്കില്ലെന്നൊരു -
തിരി കൊളുത്തിവയ്ക്കുന്നു,
ആർദ്രമായൊരു -
ചുംബനംനെയ്യുന്നു.

തനിച്ചിറങ്ങിയതെന്തിനെന്ന്
തുളവീണചെരുപ്പിന്റെ
നെഞ്ചുരുകുന്നു.
മുഖംവാടിയൊരു നന്ത്യാർവട്ടം
ഇപ്പോഴും വഴിനോക്കിനിൽപ്പാണ്.

ഇനിവരില്ലവളെന്ന്
പുഴമാത്രം പുലമ്പുന്നു
കലങ്ങിയൊഴുകുമ്പോഴൊക്കെ
അവൾകുടഞ്ഞിട്ട
സ്വപ്നത്തുണ്ടുകൾ
നെഞ്ചിലുടക്കുന്നെന്ന്,
കണ്ണുകളിൽ
മറ്റൊരു പുഴയെ
കണ്ടിരുന്നെന്ന്.







ശ്യാം തറമേൽ

# ആവർത്തനമില്ലാത്ത ശൂന്യതകൾ

നീയില്ലാത്തയിടങ്ങളിൽ,
നനഞ്ഞ കൺപീലികൾക്കു
കുറുകെ നക്ഷത്രങ്ങൾ
കാത്തുനിൽക്കുന്നു.

വരണ്ട ചുണ്ടുകളെ പുണരുവാനായ്
ചുംബനങ്ങൾ
പാറിനടക്കുന്നു.

പുനർജ്ജനി കൊതിച്ച ബീജങ്ങൾ
ഉള്ളെരിഞ്ഞ മൺകൂനകളിൽ
ഒളിച്ചിരിക്കുന്നു.

മഞ്ഞഞരമ്പുകൾ
പച്ചയിലൂടെപ്പടർന്ന്
വരണ്ട ഏകാന്തതയുടെ
ദൂരമളക്കുന്നു.

നോക്കെത്താദൂരത്തെ പൂമരങ്ങൾ
പാഴ്മരങ്ങളുടെ നിശ്ശബ്ദതയിൽ
ഇലപൊഴിക്കുന്നു.

കാത്തിരുന്നു മടുത്ത
കള്ളിമുൾച്ചെടികൾ
നെടുവീർപ്പുകളുടെ ആത്മാവിൽ
പാഴ് വാക്കുകൾ
തുന്നിച്ചേർക്കുന്നു.

പാളംതെറ്റിയ പൂമ്പാറ്റകൾ,
കാലിടറിയ മിന്നാമിനുങ്ങിന്
തടവൊരുക്കുന്നു.

വരിതെറ്റിയ നക്ഷത്രങ്ങൾ
ആകാശ ശീൽക്കാരങ്ങളെ
തടഞ്ഞു നിർത്തുന്നു.

സമനില തെറ്റിയ കാർമേഘങ്ങൾ
ഇരുളുതിന്നു കൊഴുത്ത
നിഴലുകളുടെ
കണ്ണുകെട്ടുന്നു.

തിരിച്ചറിയാനാകാത്ത നിലവിളികൾ
മെലിഞ്ഞുണങ്ങിയ കാഞ്ഞിരവേരിൽ
കത്തിയമരുന്നു.

ആത്മഹത്യാമുനമ്പിലെ പക്ഷിത്തൂവലിൽ
എന്നിലെയെന്നെ
കാണാതാകുന്നു.

നീയില്ലാത്തയിടങ്ങൾ
ആവർത്തനമില്ലാത്ത
ശൂന്യതകളിൽ അലിഞ്ഞുചേരുന്നു.



# ഞാൻ പിന്നോട്ടൊഴുകില്ല

ഉള്ളിടം
നീർച്ചാലിലൂടൊഴുകുന്നു..
അറ്റങ്ങൾക്കിരുവശവും
പതിയെ,
വളരെ സൗമ്യമായി
പേടിപ്പെടുത്തും
ജീവിതമുഖങ്ങൾ...
ക്രൗര്യത്തിന്റെ
ബീഭത്സതയുടെ
കാണായിടങ്ങൾ...
എങ്കിലും,
ജീവിതമേ !
നീ നൽകിയ
ഈ മൃദുതാരകങ്ങൾ,
സ്ഫടികം പോലുള്ള
നക്ഷത്രകുഞ്ഞുങ്ങൾ,
അവരിലൂടെ
ഞാനറിയുമെൻ
ജന്മരഹസ്യങ്ങൾ,
നീയായി ഞാനായി
പിന്നെ,
നമ്മളായി
പരിണമിക്കുമീ
നന്മയൂർജ്ജങ്ങൾ..
കാത്തു നിൽക്കണെ
അത് വരെയെൻ
ശ്വാസമിടിപ്പുകൾ
നീർപ്പോളയോളങ്ങൾ.

ഞാൻ
പിന്നോട്ടൊഴുകില്ല.
കാലത്തിന്റെ
ആസുരകൾക്കതീതമായി,
നന്മപൂക്കും
കാടുകളിൽ
മലകളിൽ
കാറ്റൊഴുക്കുകളിൽ
നീർത്തടം തേടി
നീന്തി വരും ഞാൻ...
നിങ്ങളിലെ
നിങ്ങളെയുണർത്താൻ...



ഡോ. കെ.വി.സുമിത്ര

# കരിങ്കണ്ണൻപൂതങ്ങൾ



കവിത

കെട്ട (പുതു) കാലമിതെങ്കിലും
ഒട്ടു തെക്കു മാറി ഇടംവലം നോക്കാതെ
മുറ്റി നിൽക്കുമംബരചുംബികൾക്കിപ്പോഴും
നോക്കുകുത്തിച്ചിരി കൂടിയേ തീരൂ...

കൊഴുത്ത ലാവ പേറും ഭൂമി
പൊട്ടിത്തെറിച്ചു പോകുവാനല്പം,
അല്പ മാത്രമാം നിമിഷം;
അപ്പൊഴുമെന്റെ വെള്ളരിത്തോട്ടത്തിലേക്ക്
ചാഞ്ഞു നിൽക്കയാണൊരു കണ്ണേറുകോലം.
പക്ഷിക്കു കൊത്തുവാനൊരു
പാഴ് വിത്തുപോലും
മണ്ണിനെ തൊട്ടില്ലാക്കാലമാണെങ്കിലും,
വന്നു പോയീടാതരുതൊരു തെമ്മാടിപ്പക്ഷിക്കൂട്ടവും
എന്റ തോട്ടമെന്റയല്ലോ,
അടുത്തെങ്ങാൻ പറന്നിറങ്ങിയാൽ
തുറിച്ച കണ്ണാൽ വിരട്ടിനിൽപ്പാനെനിക്കൊരു
കറുത്ത മൺച്ചട്ടി, ഇത്തിരി ചായം..

തന്നേച്ചു പോയതെന്റെ പൂർവികർ,
കിളച്ചും തിമിർത്തും വിയർത്തും
കന്നുപൂട്ടിയ നിലങ്ങളിൽ
കരിങ്കണ്ണക്കോലങ്ങളലങ്കാരം,
മരക്കുട്ടിത്തവളകളും, പച്ചപ്പച്ചത്തുള്ളൻമാരും,
പനം തത്തയുംഞണ്ടും കൊറ്റിയും...
ആർത്തു നടക്കുമിടങ്ങളിൽ
കണ്ണേറുകോലമൊരു രസദായിനി!
പൊള്ളിപ്പഴുക്കും വ്രണങ്ങളിൽ,
വരട്ടു ചൊറി മാന്തി
മേൽപ്പോട്ടു നോക്കിയിരിക്കും
പുഴുത്ത വിശ്വാസങ്ങളിലാഞ്ഞു
തുപ്പുന്നു കാലത്തും എന്റെ വെള്ളരിത്തോട്ടത്തിന്നലങ്കാരമായ്.
തൊട്ടു മുറ്റത്തെ മണി സൗധത്തിനൊപ്പമായ്
വക്രിച്ചു വിരൂപനായ്
നക്ഷത്രത്തെറ്റുപോലെ
നിൽപ്പതുണ്ടൊരു കരിങ്കണ്ണൻ,
കാവലാളൻ
കഷ്ടം!

നട്ട കാലം മറന്നൊട്ടി നിൽക്കയാണെന്റെ
പാടവും പറമ്പുമെങ്കിലും
വീമ്പൊട്ടും കുറയ്ക്കാതെ
നിവർന്നു നിൽക്കാനെനിക്കൊരലങ്കാരക്കരിങ്കണ്ണൻ,
സ്വന്തമെങ്കിൽ
ആത്മനിർവൃതിയതിൽ പരം
എന്തുണ്ട് തോഴരെ..



പൗർണമി വിനോദ്



# പുഴയും കവിയും

കവിത

ഇനി നിന്നെക്കുറിച്ചല്ലാതെ
മറ്റെന്താണ് ഞാനെഴുതേണ്ടത്?
കുട്ടിക്കാലത്തിന്റെ ചുവടനക്കങ്ങളിൽ
എനിക്കായ് താരാട്ടുപാടിയവൾ;
മുങ്ങാംകുഴിച്ചന്തങ്ങളിൽ
ഒരു മെയ്യായി മതിമറന്ന് നാമിരുപേർ...
അടിയൊഴുക്കുകൾ കനച്ചിരിക്കുമ്പോഴും
അലിവിന്റെ കൈവഴികൾ മാറോട് ചേർത്തവൾ; നീ
യെൻ കൂടപ്പിറപ്പ്..
ഉന്മാദങ്ങളുടെ ആഹ്ലാദത്തിമിർപ്പിൽ
കരകവിഞ്ഞുലയുമ്പോഴും
കയറ്റിറക്കങ്ങളുടെ ആവേഗക്കുതിപ്പിൽ
കീഴോട്ടൊഴുകാൻ പഠിപ്പിച്ചവൾ
നീയെൻ ഗുരുനാഥ...
എരിവെയിലിൽ വെന്തൊടുങ്ങുമ്പോഴും
പെരുമഴക്കാലം കണ്ണിലൊളിപ്പിച്ചവൾ
നീയെൻ പ്രിയസഖി...
ആദിയിലെ വചനങ്ങളിലൂടെ
ഒഴുകിപ്പരന്ന്
അനന്തതയുടെ മഹാപ്രളയത്തിൽ
അലിഞ്ഞൊടുങ്ങുമ്പോഴും
കല്പാന്തങ്ങൾക്കുമപ്പുറം വീണ്ടുംഒഴുകിപ്പരന്ന്
നീയും ഞാനും നമ്മുടെ കവിതയും...!



രജനി സുരേന്ദ്രൻ


# അശ്വാരൂഢൻ

## യുദ്ധാസക്തി, പ്രതികാരവാഞ്ഛ, പ്രണയം

**പ്രൊഫ**. വി.പി. ജോൺസിന്റെ ഏറ്റവും പുതിയ കൃതിയായ 'അശ്വാരൂഢ'നെ സഹൃദയസമക്ഷം അവതരിപ്പിക്കുകയാണ് എന്റെ ലക്ഷ്യം. 'അശ്വാരൂഢൻ' ഒരു നോവലാണ്. നോവൽ ആധുനിക യുഗത്തിന്റെ ആവിഷ്കാരമാണ്. ലോകസാഹിത്യത്തിൽ തന്നെ ഇന്ന് ഏറ്റവും സജീവമായ സാഹിത്യരൂപം നോവലാണ്. പത്തൊമ്പതാം നൂറ്റാണ്ട് തൊട്ട് നോവലിന്റെ യുഗമാണെന്ന് നോവൽ വിമർശകർ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ യുഗത്തിനും സ്വകീയമായ പ്രധാന സാഹിത്യരൂപമുണ്ടെന്നും, ആധുനികയുഗത്തിന്റെ സാഹിത്യരൂപം നോവലാണെന്നും വാൾട്ടർ അല്ലൻ സിദ്ധാന്തി ക്കുന്നുണ്ട്. ഇംഗ്ലീഷ് നോവലുകളെ സമഗ്രമായി പഠിച്ച സാഹിത്യപണ്ഡിതനാണ് വാൾട്ടർ അല്ലൻ. മറ്റൊരു പ്രമുഖ പണ്ഡിതനായ ആർനോൾഡ് കെറ്റിൽ, നോവൽ ഫ്യൂഡലിസത്തിന്റെ സൃഷ്ടിയാണെന്ന വാദക്കാരനാണ്. വ്യക്തിയുടെ ജീവിത മണ്ഡലത്തെ സമുദായ ജീവിതം അതിക്രമിച്ചുകടക്കുന്ന ഒരു ദശയിൽ നോവലായിത്തീർന്നു മനുഷ്യന്റെ പ്രേമഭാജനം എന്ന വിമർശക യുക്തിയെ നമുക്ക് സ്വീകരിക്കാം. നോവലിനെക്കുറിച്ച് പഠിച്ച ഒരു നോവലിസ്റ്റ് അതിങ്ങനെ ഭംഗിയായി പറഞ്ഞു: മനുഷ്യപ്രകൃതി ഒരു മുന്തിരിത്തോട്ടമാണെന്നിരിക്കട്ടെ. എങ്കിൽ മുന്തിരിച്ചാറാണ് കവിത, മുന്തിരിക്കുല നാടകം. നോവലോ ആകെക്കൂടിയുള്ള മുന്തിരിത്തോട്ടവും. അതായത് സമഗ്രവും സമൂർത്തവുമായ വീക്ഷണത്തിന്റെ ഫലമാ



ഡോ. പി.വി. കൃഷ്ണൻനായർ



ണ് നോവൽ.

നോവലിന്റെ തുടക്കം വൈകിയാണ്; എന്നാൽ അതിന്റെ വളർച്ചയും പ്രചാരവും വേഗത്തിലാണ് നടന്നത്. പ്രൗഢമായ ഒരു സാഹിത്യരൂപമാണ് നോവൽ എന്ന് തിരിച്ചറിയാൻ തന്നെ വൈകി. അതിന്റെ കാരണങ്ങൾ അന്വേഷിക്കുന്നുണ്ട് ഫിലിപ്പ് സ്റ്റെവിക് എഡിറ്റ് ചെയ്ത The Theory of The Novel എന്ന ഗ്രന്ഥത്തിൽ. ഇ.എം.ഫോസ്റ്റർ, ഹെന്റി ജെയിംസ്, റോബർട്ട് ലിഡ്ഡൽ, ഡേവിസ് സെമ്പിൽ, കർമോഡ് തുടങ്ങി നിരവധി പ്രഗത്ഭ പണ്ഡിതരുടെ വചസ്സുകൾ എന്റെ മനസ്സിലെത്തുന്നു. ആ ചിന്തകൾ ഇങ്ങനെ സംക്ഷേപിക്കുന്നു; നോവൽ അനേകമനുഷ്യരുടെ കഥാ പ്രപഞ്ചമാണ്. ജീവിതത്തിന്റെ വിശാലതയാണ് അതിന്റെ ഉള്ളടക്കം. കവി തയെയും നാടകത്തെയുംകാൾ അത് പരപ്പ് ആവശ്യപ്പെടുന്നു. അതുകൊണ്ടുതന്നെ നോവൽ സർവ്വജനപ്രിയംകരമാണ്. തന്നിൽ മുങ്ങുന്നതിലേറെ എളുപ്പമാണ് തന്റെ സമൂഹത്തിൽ മുങ്ങുന്നത്. കഥാകൗതുകം ഒരു ജന്മവാസനയാണ്. ജീവിതത്തിന്റെ ഏതാനും അടിസ്ഥാനവാസനകളുടെ പൂർണ്ണോപാധിയാണ് കഥാകൗതുകം. ചിന്തിച്ചുപോകുമ്പോൾ നമ്മൾ മനുഷ്യന്റെ സംഘവാസനയിൽ ചെന്നെത്തും.

പ്രൊഫ. വി.പി.ജോൺസിന്റെ അശ്വാരൂഢൻ ഒരു ഇതിഹാസ നോവലാണ്. വലിയൊരു കാൻവാസാണ് ഇതിഹാസനോവലിന്റേത്. സിദ്ധിയും സാധനയും നല്ലപോലെ സമന്വയിക്കുന്ന ഒരു രംഗമണ്ഡലമാണത്. മഹത്തായ നോവലുകൾ മഹത്തായ പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്ന നോവലുകൾ കൂടിയാണ് എന്ന് പ്രത്യേകം പറയേണ്ടതില്ല. അവയ്ക്ക് ശില്പപരമായ പൂർണ്ണതയും വിശ്വസനീയമായ ഗാംഭീര്യവും കാണും. നോവലെന്ന ഇനം വളർന്ന് വികസിച്ചപ്പോൾ വിമർശകർ വർഗ്ഗീകരണവും തുടങ്ങി. സാമൂഹ്യനോവൽ, രാഷ്ട്രീയനോവൽ, കുടുംബനോവൽ, പ്രാദേശികനോവൽ, ഭാവാത്മക നോവൽ, എന്നിങ്ങനെ വർഗ്ഗീകരണ ങ്ങളും ഏറിവന്നു. ജോർജ്ജ് ഓർവെല്ലിന്റെ '1984', ആൽഡസ് ഹക്സ്ലിയുടെ 'Brave New World', വില്യം ഫോക്നറുടെ 'സൗണ്ട് ഏന്റ് ഫ്യൂറി', കാമുവിന്റെ 'ഔട്ട്സൈഡർ', സാത്രെയുടെ 'Reprive', ഹെസ്സെയുടെ 'സിദ്ധാർത്ഥ', മർക്വേസിന്റെ 'വൺ ഹൺഡ്ഡ് ഇയേഴ്സ് ഓഫ് സൊലിറ്റ്യൂഡ്' തുടങ്ങിയ കൃതികൾ നിനവിൽ വരുന്നു. ഈ നോവലുകൾ ഓർമ്മിച്ചത് ജീവിതത്തെ ആഴത്തിലും പരപ്പിലും പുനരാവിഷ്കരിക്കുന്ന നോവൽ, ഉത്തമമായ നോവൽ ഒരിക്കലും കൃത്യമായ ഇനം തിരിക്കലിന് വഴങ്ങിത്തരില്ല എന്ന് പറയാൻ വേണ്ടി കൂടിയാണ്.

എങ്കിലും പഠനത്തിന് ആപേക്ഷികമായ ഇനംതിരിക്കൽ ആവശ്യമായിവരും. 'അശ്വാരൂഢൻ' ഇതിഹാസ നോവലാണ് എന്ന് പറഞ്ഞത് ആ അർത്ഥത്തിൽ കൂടിയാണ്. മിത്തുകൾക്കും, ക്ലാസിക് ഗ്രന്ഥങ്ങൾക്കും ഉള്ള പ്രാധാന്യം ശ്രദ്ധേയമാണ്. മിത്തുകൾ മനുഷ്യന്റെ നാനാമുഖ ജീവിത വ്യവഹാരങ്ങളെയും അവനഭിമുഖീകരിക്കുന്ന നൈസർഗ്ഗിക പ്രതിഭാസങ്ങളേയും അധികരിക്കുന്നു. വെറും യക്ഷിക്കഥകൾ മുതൽ ഇതിഹാസങ്ങൾ വരെയും, മന്ത്രം മുതൽ മുദ്രാവാക്യം വരെയും വളർന്നുവന്ന ഒരു വിപുല മണ്ഡലം മിത്തിന്റെ പരിധിക്കധീനമായിരിക്കുന്നു. വിവിധ മേഖലകളിൽ, വ്യത്യസ്ത കാലഘട്ടങ്ങളിൽ വിവിധ രൂപഭാവവിധേയമായി വികസിച്ച മിത്തുകളുടെ സമാഹാരമാണ് മിത്തോളജി, മിത്തുകളുടെയും മതത്തിന്റെയും ലോകം ജീവിതൈക്യത്തിന്റെ മൗലിക തത്വത്തെ സംബന്ധിച്ച ഭ്രമാത്മകതയുടെതാണ്. എം.ഗോവിന്ദൻ അത് വിശദീകരിച്ചിട്ടുണ്ട്. ബോർഹസിന്റെ വാക്കുകൾ ഇവിടെ സ്മരണീയ മാണ്: "സാഹിത്യത്തിൽ ആദിയിലുള്ളത് മിത്താണ്, അതിന്റെ അന്ത്യത്തിലുള്ളതും മിത്തുതന്നെ. സാഹിത്യത്തിന്റെ ഘടനാതത്വങ്ങൾ ഉരുത്തിരിയുന്നതുതന്നെ മിത്തിൽനിന്നാണെന്നും പുനർനിർമ്മിതമായ മിത്തോളജി തന്നെയാണ് സാഹിത്യമെന്നും സുപ്രസിദ്ധ വിമർശകനായ നോർത്ത്രോപ് ഫ്രൈ സിദ്ധാന്തിക്കുന്നു.

ചരിത്രാധ്യാപകൻ കൂടിയായ ജോൺസ് കൈവച്ചത് ഗ്രീക്ക് മിത്തോളജിയിലാണ്. യവന സംസ്കൃതിയുടെ പീഠഭൂമിയാണ് ഗ്രീസ്. H.G. വെൽസ്, H.A.ഡേവിസ്, വിൽഡുറന്ത്, ആർനോൾഡ് ടോയൻബി തുടങ്ങിയ വിഖ്യാത ചരിത്രകാരന്മാർ ഗ്രീക്ക് സംസ്കാരത്തിന്റെ മേന്മകളും, സ്വരൂപങ്ങളും നന്നായി വിശദീകരിച്ചിട്ടുണ്ട്, മുന്തിയ ഗ്രന്ഥങ്ങളിലൂടെ, ചരിത്രകാരനായ ഹെറഡോട്ടസിന്റെയും, ഗണിതശാസ്ത്രജ്ഞനായ പൈതഗോറസിന്റെയും, വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രറ്റസിന്റെയും, ചിന്തകനായ അരിസ്റ്റോട്ടിലിന്റെയും നാടാണ് ഗ്രീസ്, ഇതിഹാസകവിയായ ഹോമറുടെയും ദുരന്ത നാടകകൃത്തായ സോഫോക്ലിസിന്റെ

യും, നോവലിസ്റ്റായ കസാൻദ്സാക്കിസിന്റെയും നാടാണ് ഗ്രീസ് എന്ന് ഓർക്കണം.

വലിയൊരു ഇതിവൃത്തത്തിലാണ് പ്രൊഫ. ജോൺസ് വ്യാപരിച്ചത്. 'വലുതാണ് ബ്രഹ്മം' എന്ന് ഉപനിഷത്തിൽ പറയുന്നു. വലിയ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പ്രയാസങ്ങൾ കൂടും. എങ്കിലും അത് മഹത്തായ പരീക്ഷണമാണ്. പരീക്ഷണം സർഗ്ഗാ ത്മകതയുടെ കാതലാണ്. ഒരു കലാതത്വം ഞാൻ അടിവരയിട്ട് പറയട്ടെ. എല്ലാ നല്ല എഴുത്തുകാരും പരീക്ഷണോന്മുഖമായ writing self ഉള്ളവരാണ്. ടി.എസ്.എലിയട്ടും, ഇബ്സനും, ജെയിംസ് ജോയിസും, സ്ട്രിൻ ബർഗും, യുജിൻ ഓനിലും, കാഫ്കയും നല്ല ഉദാഹരണങ്ങളാണ് എന്നുമാത്രം പറയട്ടെ.

യുദ്ധവിവരണങ്ങൾകൊണ്ട് നോവൽ ആരംഭിക്കുന്നു. മധ്യധരണ്യാഴിയുടെ മേൽത്തട്ടിൽ ആകാശം പൊടുന്നനെ കറുത്തിരുണ്ടു. യുദ്ധക്കളത്തിൽ നിന്ന് ഇടമുറിയാതെ കുന്നിറങ്ങിയെത്തുന്ന ദീനരോദനങ്ങൾ, കൊടുങ്കാറ്റ്. പൊടിപടലങ്ങൾ ഉയർത്തുന്ന ഘോരസംഗരം, പടനിലങ്ങൾ വല്ലാതെ ചടുലത പൂണ്ടുകഴിഞ്ഞി രിക്കുന്നു. സർവ്വാംഗം യുദ്ധമുഖരിതമാണ് ഹെല്ലനിക് ഭൂപരിസരം. ചോര ഇറ്റിത്തൂവുന്ന ഖഡ്ഗമുനകൾക്ക് സദൃശമായ പരുഷവചസ്സുകൾ അന്തരീക്ഷത്തെ വരിഞ്ഞുമുറുക്കി. പ്രക്ഷുബ്ധരായ യവനസേനാനികൾ ഇരുചേരികളായി അണിനിരന്നുനിന്ന് അന്യോന്യം അപഹസിക്കാനും അധിക്ഷേപിക്കാനും തുടങ്ങിയിരിക്കുകയല്ലേ? നാഗരികതയുടെയും സംസ്കൃതിയുടെയും ലക്ഷ്യം തന്നെ പാടെ മാറിപ്പോയിരിക്കുന്നു. എല്ലാം വഴിപിഴച്ചു പോയി.

നോവലിസ്റ്റിന്റെ സമാധാനവാഞ്ഛയും ഇതിൽ പ്രതിബിംബിക്കുന്നു. പിന്നീടുള്ള ഭാഗങ്ങളിൽ അത് വികസ്വരമായി വരുന്നു. യുദ്ധവും, പ്രതികാരവാഞ്ഛയും, പ്രേമവുമാണ് ഈ കൃതിയിലെ പ്രധാനബിന്ദുക്കൾ. അവയെ കൂട്ടിവരക്കാവുന്ന ഒരു ത്രികോണ മാണ് ഈ നോവൽ.

ലോകകഥാസാഹിത്യത്തിന്റെ പ്രാണവായുവാണ് യുദ്ധം. സാഹിത്യ വിശാരദന്മാർ പലനിലയിൽ വിവരിച്ചതുപോലെ യുദ്ധവിഷയമല്ലാത്ത ഇതിവൃത്തങ്ങൾ പണ്ട് വിരളമായിരുന്നു. കിഴക്കും പടിഞ്ഞാറും ഉദിച്ച അക്കാലത്തെ സാഹിത്യകൃതികൾ തീക്ഷ്ണങ്ങളായ യുദ്ധകഥാരശ്മികളെയാണ് വാരിവിതറിയത്. രാമായണം, ഇലിയഡ് എന്നിവ തെളിവുകളായി കിടക്കുന്നു. നോവൽ ശാഖയിൽ ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും, ഹെമിങ്‌വെയുടെ 'മണിമുഴങ്ങുന്നതാർക്കുവേണ്ടി (For Whom The Bell Tolls)', ജർമ്മൻ സാഹിത്യകാരനായ റെമാർക്കിന്റെ പടിഞ്ഞാറൻ പടയ ണിയിൽ എല്ലാം ശാന്തമാണ് (All Quiet on The Western Front), നോർമൻ മെയ്‌ലരുടെ 'നഗ്നവും മൃതവും (The Naked and Dead)', തുടങ്ങിയവ നിദർശനങ്ങളാണ്.

നിരവധി ഗ്രീക്ക് ദേവതകൾ ഈ നോവലിൽ സ്ഥാനംപിടിച്ചിട്ടുണ്ട്. എന്നാൽ തെളിഞ്ഞുനിൽക്കുന്ന കഥാപാത്രങ്ങൾ മൂന്നാണ്. 1. അഖിലസ്സ്, 2. ഹെക്ടർ, 3. ഡെയാഡാമിയ പാത്രസൃഷ്ടിയിൽ നോവലിസ്റ്റിനുള്ള കഴിവിന്റെ തെളിവുകൂടിയാണവർ. പ്രൗഢഗംഭീരനായ യവനനായകനാണ് അഖിലസ്. ജ്വലിക്കുന്ന മിഴിയിണ, നീണ്ടുരുണ്ട് നാസിക, അതിവിശാലമായ ഫാലസ്ഥലം. കാരിരുമ്പിന്റെ കരുത്ത്. കടഞ്ഞെടുത്ത കരപാദങ്ങൾ, വിടർന്നുയർന്ന നെഞ്ച്, വിസ്തൃതമായ തോളിൽ വിശ്രമിക്കുന്ന കാർകൂതൽ, ആരെയും സമാകർഷിക്കുന്ന പുരുഷാകാരം. ഏറ്റവും ധർമ്മസങ്കടവും ദുഃഖവും അനുഭവിക്കുന്നത് മഹാസുന്ദരിയായ ഡെയാഡാമിയയാണ്. അത് വാക്കുകളിൽ നന്നായി പകർത്തിയിരിക്കുന്നു നോവലിസ്റ്റ്.

'തന്നിൽ കൗമാരപ്രണയത്തിന്റെ പൂക്കൾ ആദ്യമായി വിരിയിച്ച ഹെക്ടർ എന്ന സുന്ദരപുരുഷൻ ഒരു ഭാഗത്ത്, മറുഭാഗത്തോ തന്റെ പ്രാണവല്ലഭനും! നേർയുദ്ധം നടക്കുന്നുവെങ്കിൽ ഇവരിൽ ഒരാൾ മാത്രമേ അവശേഷിക്കാനിടയുള്ളൂ. ഇരുവരും ഒന്നിനൊന്ന് മുന്തിയ വീരന്മാർ.

"ദൃഢഗാത്രനും, ഉത്തുംഗമമായ യവന പാരമ്പര്യത്തിന്റെ ചുടുരക്തം സിരകളിലൂടെ അനർഗളം പ്രവഹിക്കുകയും ചെയ്യുന്ന മഹാധീരനാണ് ഹെക്ടർ. തന്റെ പ്രിയതമനായ അഖിലസ്സാകട്ടെ അതിലേറെ ശക്തനായ പോരാളിയും മഹായുദ്ധ നിപുണനും! ധീരാഗ്രേസരൻ, ഉഗ്രശപഥത്തിൽനിന്ന് അണുവിട വ്യതിചലിക്കാത്തവൻ. ഒന്നുകിൽ എതിരാളിയെ വകവരുത്തി പകതീർക്കണം. ഉ

റ്റചങ്ങാതിയുടെ മരണത്തിന് കാരണക്കാര നായവരെ ഉന്മൂലനം ചെയ്യണം. അല്ലെങ്കിൽ അവന്റെ കരങ്ങളാൽ വീരമൃത്യുപൂകണം. രണ്ടിലൊന്ന് സംഭവിക്കുമെന്ന കാര്യത്തിൽ അഖിലസേ മറിച്ചൊന്നാലോചിക്കാനിടയില്ല.

ഞാൻ കഥപറയുന്നില്ല. ദൃശ്യപരതയാണ് ഈ കൃതിയുടെ ഒരു മേന്മ. സ്തോഭജനക മായ നിരവധി അനുഭവങ്ങളെയും സന്ദർഭ ങ്ങളെയും നാടകീയ ഭംഗിയോടെ ഈ കൃ തി അവതരിപ്പിക്കുന്നു. അവസാനഘട്ട ത്തിൽ തന്റെ പ്രിയപുത്രനായ ഹെക്ടറുടെ ജഡം ശ്വാക്കൾക്കും കുറുനരികൾക്കും തീ റ്റക്കായി വിട്ടുകൊടുക്കാൻ അഖിലസ് നി ശ്ചയിച്ചുറപ്പിച്ചതറിഞ്ഞ് ഹെക്ടറുടെ പിതാ വായ പ്രിയാം രാജാവ് അതീവദുഃഖിതനാ യി. അദ്ദേഹം അഖിലസിന്റെ മുമ്പിലെത്തി ഗദ്ഗദകണ്ഠനായി ഇങ്ങനെ അപേക്ഷി ക്കുന്നു.

"എന്റെ പുത്രൻ ഹെക്ടറുടെ ജഡം അ ങ്ങ് സദയം എനിക്ക് വിട്ടുതരിക, അവന് അ നുയോജ്യമായ വിധത്തിൽ ആ ധീരന്റെ ഭൗ തികദേഹം യഥാവിധി അടക്കം ചെയ്യാൻ അഖില അങ്ങനുമതി നൽകിയാലും."


ഒട്ടും ദയയില്ലാതെ ആ വൃദ്ധനെ പുച്ഛി ച്ച്, വാക്കുകൾ കൊണ്ട് താഡിച്ച് വിടുകയാ ണ് അഖിലസ്സ് ചെയ്തത്. അപ്പോൾ ആ പി താവ് ശപിക്കുന്നു. "ഇനി നിങ്ങളുടെ ഭൂവാ സവും അധിക നാഴികകളിലേക്കില്ല. അഹ ന്തകൊണ്ട് അന്ധനായിരിക്കുകയാണ് നി ങ്ങൾ. ഈ വയസ്സന്റെ ശാപം ഫലിക്കാതി രിക്കുകയില്ല, തീർച്ച."

ഈ ഇതിഹാസ നോവൽ അവസാനിക്കു ന്നത് ഇങ്ങനെയാണ്– "കസാൻഡ്രപ്രവാച കയുടെ പ്രവചനം അയാളുടെ ഉള്ളിൽ ഭീ തി വിതച്ചു. ഒരുപക്ഷേ, തന്റെ ഊഴവും ഇ താസമാഗതമായിരിക്കുന്നുവോ? ഇതാദ്യമാ യി അഖിലസ്സിന്റെ മനസ്സ് പിടഞ്ഞു.

ഈ കൃതിയിലെ ശ്രദ്ധേയമായ സ്വരം യു ദ്ധവിരുദ്ധതയുടെതാണ്. ആദ്യം മുതൽ അ ന്ത്യം വരെ, യുദ്ധം ഒന്നിനും ശാശ്വത പരി ഹാരമല്ല എന്ന് ഇരു സിറ്റിസ്റ്റേറ്റുകളും ഇ നിയെങ്കിലും തിരി ച്ചറിയുമോ എന്തോ? ജേ താവും പരാജിതനും നേടിയതെന്താനൊടു വിൽ? എന്നിട്ടുമുണ്ടോ യുദ്ധാർത്തിപൂണ്ടവർ ക്ക് എന്തെങ്കിലും മനോനിയന്ത്രണം? തോ റ്റവനും ജയിച്ചവനും ഒടുവിൽ ഒരേ അവ സ്ഥ... ടോൾസ്റ്റോയിയുടെ War and Peace -ലെ പിയറിന്റെ ശബ്ദം ഞാൻ കേൾക്കുന്നു.

ഈ ഇതിഹാസ നോവലിന്റെ പ്രധാന പ്പെട്ട ഒരുമേന്മ അതിന്റെ ഭാഷയാണ്. ശൈ ലിയാണ് മനുഷ്യൻ എന്ന ചൊല്ല് വിഖ്യാത മാണ്. അതുപോലെ പ്രധാനമാണ് Style is subject എന്നതും. പ്രശസ്ത വിമർശകനാ യ ഡേവിഡ് ലോഡ്ജ് ഒരു ഗ്രന്ഥം തന്നെ രചിച്ചിട്ടുണ്ട് – 'Language of Fiction Essays in criticism and verbal analysis of the English novel" അതിന്റെ ആമുഖം തുടങ്ങു ന്നതു തന്നെ ഇങ്ങനെയാണ് 'The novelist's medium is language: whatever he does, qua novelist, he does in and through language' ഈ കൃതിയുടെ ഭാഷ പ്രത്യേകം പഠനമർഹിക്കുന്നു എന്നുകൂടി കുറിക്കട്ടെ.

പ്രൊഫ. ജോൺസ് ഒരു പർവ്വതാരോഹ ണകർമ്മത്തിൽ ഏർപ്പെട്ടിരിക്കുന്നു. കൊടു മുടിയിൽ എത്തുന്നതിലല്ല വിജയം, ആ യാ ത്രയിലാണ്. എല്ലാ പരിമിതികൾക്കുമപ്പുറ ത്ത് ഈ നോവൽ ഉയർന്നുനിൽക്കുന്നു. ത ന്റെ ജീവിതത്തിലെ ദുഃഖാനുഭവങ്ങളെ അ തിവർ ത്തിക്കാൻ സർഗ്ഗാത്മക രചനയിൽ മുഴുകിയ ഗ്രന്ഥകർത്താവിനെ ഞാൻ അനു മോദിക്കുന്നു. യയാതിയും, രണ്ടാമൂഴവും പോലെ ഈ നോവലും ഭാഷയിൽ ശാശ്വ ത പ്രതിഷ്ഠ നേടട്ടെ! ●



കവിത

# ഞാനിപ്പോൾ എവിടെയാണ്



ജയപ്രകാശ് എറവ്.

പണ്ടെങ്ങോ ഒരിടത്തൊരിടത്ത്
ഞാനുണ്ടായിരുന്നത്രെ
ഞാനുള്ളതിൻ തെളിവിലേക്കായ്
എവിടെയൊക്കെയോ ചില അടയാളങ്ങളും ഉണ്ടായിരുന്നുവെത്രേ.
കുന്നുകൾ
കാടുകൾ
പൂമരങ്ങൾ കൊഴിച്ചിട്ട വഴിത്താര
പുഴകൾ
സ്കൂൾ
പള്ളി
അമ്പലങ്ങൾ .
ഇവിടെയെല്ലാം ഞാനുണ്ടായിരുന്നുത്രെ ...
തല്ല് കൂടി മൂക്കത്തടി കിട്ടി
ചോരയൊലിപ്പിച്ച് കരഞ്ഞ്  വീട്ടിലെയ്ക്കെത്തുമ്പോൾ
വീണ്ടുമൊരടിപൂരം കിട്ടി
തൊടിയിലേക്കിറങ്ങിയോടിയൊളിച്ച
മാമ്പഴം പൊഴിക്കുന്ന മാവും
ആ , കരച്ചിൽ കേട്ടയൽപ്പക്കത്ത് നിന്ന് ഓടി നീ വന്നതും
കൂടെ കരഞ്ഞതും അടയാളമായ് കിടപ്പതുണ്ടത്രെ
നേരം ഇരുളും വരേയ്ക്കും ആരും കാണാതെ
സങ്കടം പെയ്ത് തീർക്കും .
അവൾ സാന്ത്വനത്തിന്റെ തണൽ വിരിച്ചിട്ട് ഓടി പോവും.
നാമം ചൊല്ലും നേരത്ത്
പങ്ങി പതുക്കെ എല്ലാം മറന്ന്
അമ്മയുടെ നനവിലേക്ക് ഒട്ടി ചേരും.
അമ്മ വേവലാതി തീ തിന്ന്
പോട്ടെ, പോട്ടെയെന്ന് പറഞ്ഞ്
മുറിവിൽ , തല്ല് കിട്ടിയ വടുക്കളിൽ തഴുകി തലോടും .
അമ്മയൊരൗഷധമായി നിറയും നേരം.
കലിക്കെട്ടടങ്ങിയ അച്ഛനും ചാരേ വന്ന് നില്ക്കും.
ഇവിടെയൊക്കെ ഞാനുണ്ടായിരുന്നത്രെ
സൂചനകൾ മായാതെ കിടക്കുന്ന തെളിച്ചമായ്
പലരിലുമുണ്ടത്രെ.
പലരിൽ നിന്നുമുള്ള ഓർമകൾക്കിപ്പോൾ
വല്ലാത്തൊരു തെളിച്ചമാണ്.
ഞാനേപ്പോഴും തുറന്നിടുന്ന ജാലകം
അതിന്റെ പങ്ക് കൊണ്ടു തരുന്നുണ്ടാവോളം.



കവിത



മനീഷ

# ചിത്രങ്ങൾ കാണുമ്പോൾ

നീണ്ടതും
ഇടുങ്ങിയതുമായ
വഴികൾ.
നിത്യവും
സ്പർശിക്കുന്ന
ചിരപരിചിതർ
അനേകം
ഓരോ നിരത്തിനും.
മഴയിൽ
ഇരു വശങ്ങളിലും
പച്ച മുത്തുകുടകൾ
നിവർത്തുന്ന മരങ്ങൾ.
വേനലിൽ കരിഞ്ഞും..

മരച്ചോട്ടിൽ
സ്ഥിരം ഇരിപ്പിടങ്ങളിൽ
പതിവു മുഖങ്ങൾ..
ബജി മൊരിക്കുന്ന
മൂക്കുത്തി ചേച്ചി.
പതിവു ചിരിയിൽ
ജീവിതത്തിന്റെ
വറവ് മണം
പൊതിയുന്നല്ലോ?

ജീവിതചുളിവുകൾ
നിവർത്തിയെടുക്കാൻ
കെൽപില്ലാത്ത
തേപ്പുപെട്ടിയുമായി
കടുക്കനിട്ട ഒരാൾ
സദാ തുണി ചുളിവ്
നിവർത്തുന്നു.
പിന്നെയും
പേരില്ലാത്ത
മുഖങ്ങൾ.
മണങ്ങളാൽ
അടയാളപ്പെടുത്തുന്ന
ജന്മങ്ങൾ..
കപ്പലണ്ടിയുടെ
പച്ചക്കറിയുടെ
അത്തറിന്റെ...
മീനിന്റെ..
തത്ത കൂടിന്റെ
ഭിക്ഷാപാത്രത്തിന്റെ.

ഇടയിൽ
കാണാതാകുന്നവരെ
വഴിയോ
പതിവു സന്ദർശകരോ
ഓർക്കാറുണ്ടോ..
ഒരു ദിനത്തിനപ്പുറമെങ്കിലും
അവർ എങ്ങോട്ട് പോയെന്ന് ...?
കാണാതാകുന്നവരെ
കുറിച്ച് വേവലാതിപ്പെടാൻ
ആളില്ലാതാകുമ്പോഴത്രേ
മനുഷ്യരും നാടും
വികസിതരാകുന്നത്..
ചിത്രങ്ങളിൽ
നാട് സമ്പന്നമാകുന്നത്..
ചിത്രങ്ങളിൽ മാത്രം...



കൃഷ്ണകുമാർ
മാപ്രാണം



# ഓണത്തലേന്ന്

തൊടിയിലലഞ്ഞേറെ
തെരഞ്ഞുമമ്പലപ്പറമ്പിലും
തൊട്ടാവാടിയ്ക്കിടയിലിരിപ്പൂ
തൊടുകുറിയായൊരു തുമ്പ
അതുകൊണ്ടൊരോണം
കൂടാനൊരുക്കവുമതിലേറെ

അരിമാവുകലക്കിയൊരോട്ടു
പാത്രത്തിൻ തിളക്കം
അരികെവന്നവൾ മൊഴിയുന്നു
അണിയുവാൻ നേരമായില്ലേ ?
ഉത്രാടപാച്ചിലാണേവർക്കും
ഇന്നലെകളിലും ഇന്നും
നേരമില്ലാർക്കുമൊന്നിനും
എന്നിട്ടെന്തിനോ ഒരുക്കുന്നു
വഴിപാടായൊരോണം !

"മാഞ്ഞുപോയ് നൈർമ്മല്യകതിരും
ഉത്രാടനിലാവും ഓണപ്പൂവും .
ഓണവില്ലിൽ കൊട്ടികയറുന്നുണ്ട്
ഓണത്താറാടിവരുന്നുണ്ട്
മനസ്സിൻ നാട്ടിന്നിടവഴിയോരങ്ങളിൽ "



# ഓണത്തിനൊപ്പം



ജയപാലൻ കാര്യാട്ട്

അത്തംപത്തോണത്തിൻ കേളികൊട്ടായ്
മാവേലിക്കാലത്തിന്നോർമ്മ നെഞ്ചിൽ.
ആടിപോയാവണി തേരിലെത്തി
ഓണനിലാക്കുളിർ ഓടിയെത്തി.
ഇല്ലായ്മ വല്ലായ്മ പോയൊഴിഞ്ഞൂ
അക്ഷമരുത്രാടപ്പാച്ചിലായി.
ചെന്താമര ചേറിൽ കൺതുറന്നു
തുമ്പപ്പൂ വെണ്മയകം നിറച്ചു.
പൂവേ പൊലി പൂവേ വിളിയുയർന്നു
പൂക്കുടയേന്തി പുലർന്നു കാലം
പൂക്കളിലാർപ്പിന്റെ ശീലുചേർത്തു
പൂക്കളം മുറ്റത്തുയർന്നു നീളെ.
കോടക്കാറോടി തെളിഞ്ഞു വാനം
കോടിയുടുത്തോണക്കാഴ്ച കാണാൻ
പോയവസന്തക്കുളിർമ്മ പേറി
പാറിപ്പറക്കും പൂമ്പാറ്റ നീളേ.
വാർതിങ്കൾത്തോണി കടവിലെത്തി
വാരിപ്പുണർന്നുള്ളം തുള്ളിയെത്തി.
താരകം നൃത്തച്ചുവടിലെത്തി
താളമിട്ടുള്ളമിരമ്പിയാർത്തു.
ഓണക്കളികൾതന്നാർപ്പുയർന്നൂ
ഓമനിച്ചോർമ്മയിലോണദൃശ്യം.
നന്മതൻ നാവേറുപാടുമോണ-
പ്പൂവിളി കാതോർത്തിരിപ്പു കാലം!



ചാക്കോ ഡി അന്തിക്കാട്

# 'തെരുവ് – ആകാശം – അവകാശം'

തെരുവിലൂടെ
ഒരാണും പെണ്ണും
ഓടിക്കൊണ്ടിരിക്കുന്നു...

വേറെ രണ്ടുപേർ
വളരെ പതുക്കെ നടന്നുകൊണ്ടിരിക്കുന്നു...
(നാലുപേരും മത്സരത്തിന് തയ്യാറെടുക്കുകയാണ്...)

വിക്കനായ ഒരാൾ,
രണ്ടു വിഭാഗം ആളുകളോടും സംസാരിക്കാൻ ശ്രമിക്കുന്നു:

'എന്താണ് നിങ്ങളുടെ ജീവിത ലക്ഷ്യം?'
'എന്താണ് സ്വാതന്ത്ര്യം?'
'എന്താണ് സമത്വം?'
'എന്താണ് സാഹോദര്യം?'
'എന്താണ് മനുഷ്യാവകാശ
സംരക്ഷണം?'
'എന്താണ് രക്തസാക്ഷിത്വം?'...
അങ്ങനെ ഒരു പാട് ചോദ്യങ്ങൾ
ഉന്നയിക്കുന്നു...

മറുപടി ഒന്നുമാത്രം:
'അറിയില്ല!'

അന്ധൻ,
വടികൊണ്ട് തട്ടി വേയ്സ്റ്റ് പെറുക്കിയെടുക്കാൻ ശ്രമിക്കുന്നു. ഇടയ്ക്കിടെ തളർന്നു വീഴുന്നുണ്ട്...
വീണ്ടും എഴുന്നേറ്റ്
തന്റെ ജോലി തുടരുന്നു...

മൂകൻ,
ആംഗ്യഭാഷയിൽ,
തെരുവിൽ മുൻപ്
പിടഞ്ഞു വീണു മരിച്ച മനുഷ്യരെ, കാര്യകാരണ സഹിതം ചിത്രീകരിക്കാൻ,
വിശദീകരിക്കാൻ ശ്രമിക്കുന്നു. തളരുന്നു...
(ആക്സിഡന്റ്, വർഗ്ഗീയ കൊലപാതകം, etc)
വീണ്ടും ശ്രമം തുടരുന്നു...

ബധിരൻ,
പല ശബ്ദത്തിൽ
അക്ഷരമാല ആവർത്തിച്ചു പറഞ്ഞു, ഓരോ പരസ്യത്തിന്റെ മുൻപിലും ഭാഷ പറഞ്ഞു പഠിപ്പിച്ചു...പരാജയപ്പെടുന്നു.

കുറേ കുട്ടികൾ,
പലയിനം ചെടികളുമായി വന്ന്,
പാട്ടു പാടി, തെരുവിന്റെ ഓരങ്ങളിൽ

ചെടികൾ
നടാൻ ശ്രമിക്കുന്നു.

ഒരു തെരുവുസ്ത്രീ,
കൈക്കുഞ്ഞുമായി
വന്ന്,
ഒരു കലുങ്കിലിരുന്ന്,
കരയുന്ന കുഞ്ഞിന്,
പാലു കൊടുക്കുന്നു.

കുട്ടികൾ,
ചെടികൾ നനയ്ക്കാനായി,
വെള്ളം കിട്ടാൻ ടാപ്പുകൾ തുറക്കുന്നു...ഒരിറ്റു വെള്ളംപ്പോലും കിട്ടുന്നില്ല.
അവർ, റോഡരികിൽ കുഴിക്കാൻ ശ്രമിക്കുന്നു. പരാജയപ്പെടുന്നു.
ഒരു വലിയ പ്ലാസ്റ്റിക്ക്ക്കുപ്പി റോബോട്ട് പോലെയുള്ള രൂപം നടന്നു വരുന്നു...
അതിന്റെ 10 കൈകളിൽ
ഒരോ ലിറ്ററിന്റെ പ്ലാസ്റ്റിക്ക്ക്കുപ്പികൾ...
പണം കൊടുക്കുന്നവർക്ക്
വെള്ളംക്കുപ്പി ലഭ്യം!
തെരുവിലുള്ളവർ,
പണം കൊടുത്ത് പ്ലാസ്റ്റിക്ക്ക്കുപ്പികളിലെ
വെള്ളം കുടിക്കുന്നു.
ഒരു ഗ്യാസ്ക്കുറ്റിയുമായി
ഒരാൾ വന്ന് പൊട്ടിക്കരയുന്നു...
ഗ്യാസ്ക്കുറ്റി നോക്കി,
വില കയറുന്നതിന്റെ ഗ്രാഫ്
എല്ലാവരേയും ബോധ്യപ്പെടുത്തുന്നു...

ഒരു മദ്യപാനി,
ആടിയാടി വന്ന്, കാറ്റിനെ, കുട്ടികളെ, സ്ത്രീയെ,
വെല്ലുവിളിക്കുന്നു...

ഗ്യാസ്ക്കുറ്റിയുമായി
വന്നവനുമായി
വഴക്ക്കൂടുന്നു...
അടിപിടിയാവുന്നു...

കുട്ടികൾ, സ്ത്രീയുടെ മുൻപിലെത്തി, ചെടികൾ
എങ്ങനെ നനയ്ക്കും?–എന്നു ചോദിക്കുന്നു...

സ്ത്രീ, ഓരോ ചെടിയുടെ കടയ്ക്കലും, അൽപ്പം മുലപ്പാൽ പിഴിഞ്ഞ് വീഴ്ത്തുന്നു.
ചെടികൾ പെട്ടെന്ന് പുഷ്പിക്കുന്നു...
കവി,
ഒരു ഗോവണിയുമായി
വരുന്നു...അതിന്മേൽ കയറി,
ഒരു വിപ്ലവ കവിത
ആലപിക്കുന്നു... സഞ്ചിയിൽനിന്നും വിവിധ നിറത്തിലുള്ള ബലൂണുകൾ വീർപ്പിച്ചു...നൂലിൽ കോർത്തു... ഗോവണിമേൽ കെട്ടിയിട്ടു. ബലൂണുകൾ നോക്കി അലറിപ്പറഞ്ഞു:
"Unity in Diversity"
'നാനാത്വത്തിൽ ഏകത്വം'
'സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം'......
ചില മുദ്രാവാക്യങ്ങൾ
മുഴക്കുന്നു.

ഒരു പട്ടാളവണ്ടി വന്നു നിൽക്കുന്നു...
ചുറ്റും കമ്പി വേലികൾ കെട്ടുന്നു...
ആകാശം മറയ്ക്കുന്ന രീതിയിൽ കമ്പിവേലികൾ പാകുന്നു...
(പെയിന്റിംഗ്സ് ഉപയോഗിച്ചാലും മതി)
'അതിക്രമിച്ചു നടക്കുന്നവർ ശിക്ഷാർഹരാണ്!'–
ബോർഡ് തൂക്കുന്നു...
ഇപ്പോൾ എല്ലാവരും കമ്പിവേലിയ്ക്കുള്ളിൽ...
പട്ടാള ഓഫീസർ
അനൗൺസ് ചെയ്യുന്നു:
'ആരുടേയും സ്വാതന്ത്ര്യം
ഇവിടെ ആരും തടസ്സപ്പെടുത്തുന്നില്ല! എല്ലാവർക്കും അവരവരുടെ കർമ്മങ്ങൾ തുടരാം...
പക്ഷേ, ഓരോ കർമ്മത്തിനും
ഒരു അതിർത്തി നല്ലതാണ്... അതുകൊണ്ട്...ഈ തെരുവ് ഇന്നുമുതൽ വെറും തെരുവല്ല...
ഈ തെരുവാണ് ഇനിമുതൽ നിങ്ങളുടെ ആകാശം!...

കമ്പിവേലികൾ ചുറ്റിയത്, അകത്തുള്ളവരെ നിയന്ത്രിക്കാനല്ല...
ആ അമ്മയുടെ മുല കുടിക്കുന്ന കുഞ്ഞിൽ ഞങ്ങൾ രാജ്യത്തിന്റെ ഭാവിരക്ഷകനെ കാണുന്നു...
ആ കുഞ്ഞിനെ റാഞ്ചാൻ
ഒരു വിദേശ കഴുകൻ ഏതു നിമിഷവും പറന്നു വന്നേക്കാം...

ആ ഭീകരൻശത്രു അകത്തു കടക്കാതിരിക്കാൻ, ഒരു തടസ്സം!... അതാണ് ഈ കമ്പിവേലി!'...

കവി വിളിച്ചു പറഞ്ഞു:

'നമ്മൾ,

പുതിയ നിയമക്കുരുക്കിൽ,

അടിമകളായി മാറിയിരിക്കുന്നു...എല്ലാം നഷ്ടപ്പെട്ടവന്റെ അവകാശമായ, ആകാശമായ, നമ്മുടെ തെരുവുകൾപ്പോലും കോൺസെൻട്രേഷൻ ക്യാമ്പായി മാറിയിരിക്കുന്നു!'...

അയാൾ വെടിയേറ്റ് വീണു...

കവിയ്ക്ക് വെടിയേൽക്കുമ്പോൾ, തെരുവിലും, ചെടികളിന്മേലും, ചോര പടരുന്നതിന്റെ ദൃശ്യങ്ങൾ നിറയുന്നുണ്ട്...

കമ്പി വേലികളിൽ ശവങ്ങളും, തലയോട്ടികളും നിറയണം...

കുട്ടികൾ ചിതറിയോടി...

നേരത്തെ പതുക്കെ നടന്നവർ, ഇപ്പോൾ ഭയന്നു...വേഗത്തിൽ ഓടാൻ തുടങ്ങി...

വേഗത്തിൽ ഓടിയവർ,

തളർന്നു വീണു...

പിടഞ്ഞു മരിച്ചു...

മരിക്കുംമുൻപ്–

'ഒരു തുള്ളി വെള്ളം'–

എന്ന് കെഞ്ചി...

പ്ലാസ്റ്റിക്ക്കുപ്പി റോബോട്ട് അയാളെ സഹായിച്ചില്ല. പകരം പട്ടാളക്കാർക്ക് വെറുതെ വെള്ളം സംഭാവന ചെയ്തു.

നേരത്തെ അംഗവൈകല്ല്യമുള്ളവർ കഴുതകളായി മാറി!

സ്ത്രീ,

ഒരു കുതിരയുടെ ശക്തിയാർജ്ജിച്ചു.

കവി മരിച്ചു കിടക്കുന്ന ഗോവണിമേൽ കയറി,

ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിച്ച് അതിന്റെ 'ആമുഖം' ഉറക്കെ വായിക്കാൻ തുടങ്ങി...

സ്ത്രീ, ഗോവണി കയറുമ്പോൾ നീതിദേവതയായി മാറണം.

പട്ടാളക്കാർ, കുറേ കുരുക്കുകളുപയോഗിച്ച്, അവരെ നിശബ്ദരാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും, പരാജയപ്പെടുന്നു...

'ഈ തെരുവ് ഇപ്പോളൊരു അവകാശമല്ല...ആകാശമല്ല!...

ഇതൊരു പീഡനകേന്ദ്രം! ശ്മശാനം!'–

സ്ത്രീയും വിളിച്ചു പറയുന്നു...

പട്ടാളക്കാർ,

നാലു മൂലയ്ക്കലും മാറിമാറി നിന്ന്, ഇതുവരെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനെതിരെ പ്രയോഗിച്ച നിയമങ്ങളുടെ ലിസ്റ്റ് നിരത്തണം...

കുട്ടികൾ...

ഇപ്പോൾ യുവാക്കൾക്കൊപ്പം,

പല നിറത്തിലുള്ള ബലൂണുകളുമായി വന്നു... കമ്പിവേലികൾ പറിച്ചു മാറ്റി, പകരം ബലൂണുകൾ സ്ഥാപിച്ചു. അവർ, പട്ടാള വണ്ടികളിന്മേൽ പച്ചക്കറികൾ പടർത്താൻ തുടങ്ങി!

എതിർക്കാൻ ശ്രമിക്കുന്ന പട്ടാളക്കാർ, മുന്നോട്ട് നീങ്ങാൻ കഴിയാതെ, കാലുകൾ മരവിച്ചവരായി മാറുന്നു!

സ്ത്രീ ഇപ്പോഴും ഭരണഘടനയുടെ ആമുഖം വായിച്ചു കൊണ്ടിരിക്കുന്നു... എല്ലാ ഭാഷാ വൈവിദ്ധ്യങ്ങളോടും കൂടി...

(ഇന്ത്യയിലെ എല്ലാ ഭാഷകളും വരണം)

കുട്ടികളും യുവാക്കളും, നീതിദേവതയെ അനുകരിക്കാൻ ശ്രമിക്കുന്നു...

അവസാനം, രക്തസാക്ഷികൾ വരുന്നു...

കൂടെ, എല്ലാ തൊഴിൽ ആയുധങ്ങളുമായി ഒരു നീണ്ട നിരയുണ്ട്... എല്ലാവരും വിളിച്ചു പറയുന്നു:

'നമുക്ക് നമ്മുടെ തെരുവുകൾ തിരിച്ചു പിടിക്കണം...

തെരുവിൽ വിപ്ലവക്കവിത ചൊല്ലാനുള്ള

സ്വാതന്ത്ര്യമില്ലെങ്കിൽ, ശീതീകരിച്ച മുറിയിലിരുന്ന് എത്ര പ്രണയകാവ്യങ്ങളെഴുതിയിട്ടും എന്തുകാര്യം?...

തെരുവിൽ ചോരപുരണ്ട കളിപ്പാട്ടങ്ങൾ കണ്ടാൽ ഉറപ്പിക്കാം... ആട്ടുതൊട്ടിലുകളിൽ കുഞ്ഞുങ്ങൾ കൊല്ലപ്പെട്ടിട്ടുണ്ട്!...

അതുകൊണ്ട് നിങ്ങൾക്ക് നിങ്ങളുടെ ആകാശവും അവകാശങ്ങളും തിരിച്ചു പിടിക്കണോ?...

തെരുവുകൾ ആദ്യം തിരിച്ചു പിടിക്കുക!'

●